

# Suicide?

# ആത്മഹത്യ ഭൗതികത ഇസ്‌ലാം

ശൈഖ് മുഹമ്മദ് കാരകുന്ന്

# ഉള്ളടക്കം

11
എന്തുകൊണ്ട് ആത്മഹത്യ?

15
മുന്തിരിച്ചാറുപോലുള്ളൊരീ ജീവിതം

18
മദ്യത്തിന്റെ കുത്തൊഴുക്ക്

23
കടക്കെണിയിൽ കുടുങ്ങുന്നവർ

27
ആൾക്കൂട്ടത്തിലെ ഏകാന്തത

32
മാധ്യമങ്ങളുടെ പങ്ക്

36
വിഷാദം, ഉന്മാദം, ആത്മഹത്യ

42
ആത്മഹത്യക്ക് അറുതിവരുത്തുന്ന വിശ്വാസദർശനം

48
അനുഭവങ്ങൾ, പാഠങ്ങൾ

55
കാഴ്ചവട്ടത്തിലെ വ്യത്യാസവും മനോനിലയിലെ മാറ്റവും

59
പരിഹാരമില്ലാത്ത പാപം

എന്നാൽ, ഇന്നോളം ഏതെങ്കിലും യാചകൻ ആത്മഹത്യ ചെയ്ത വാർത്ത വായിക്കേണ്ടിവന്നിട്ടില്ല. കേട്ടിട്ടുമില്ല. ബിലാലിനെപ്പോലുള്ള അന്ധന്മാരും അരവിന്ദനെപ്പോലുള്ള വികലാംഗരും കുടുംബങ്ങളെ കൂട്ടക്കൊല ചെയ്ത് സ്വയം ജീവൻ ഹനിക്കാറില്ല.

പിന്നെ ആരാണ് ആത്മഹത്യ ചെയ്യാറുള്ളത്? ഡോക്ടർമാരും എഞ്ചിനീയർമാരും ബാങ്ക് ജീവനക്കാരും അധ്യാപകരും കർഷകരും കച്ചവടക്കാരുമെല്ലാം ആത്മഹത്യ ചെയ്യാറുണ്ട്. മധ്യവർഗ്ഗത്തിൽപ്പെട്ടവരാണ് കൂടുതലായി ആത്മഹത്യ ചെയ്യാറുള്ളത്. പിന്നെ പണക്കാരും. ഏറ്റവും കുറവ് കൂലിപ്പണിക്കാരാണ്.

**എന്തുകൊണ്ട്?**

ശാസ്ത്രം പുരോഗമിച്ചു. സാങ്കേതിക വിദ്യ സമൃദ്ധമായി. കാര്യങ്ങളെല്ലാം യന്ത്രങ്ങൾ ഏറ്റെടുത്തു. അതോടെ വിഭവം സുലഭമായി. ജീവിത സൗകര്യങ്ങൾ ഗണ്യമായി വർധിച്ചു. പഴയകാലത്തെ പണക്കാർക്കുപോലും സങ്കൽപിക്കാനോ സ്വപ്നം കാണാനോ സാധ്യമല്ലാതിരുന്ന ജീവിത സൗകര്യങ്ങളാണിന്ന് ദരിദ്രർപോലും അനുഭവിക്കുന്നത്. ഇത് വിവരണം ആവശ്യമില്ലാത്തവിധം വ്യക്തമാണ്. സുവിദിതവും അനിഷേധ്യവുമാണ്.

എന്നിട്ടും എന്തുകൊണ്ട് ആത്മഹത്യകൾ വർധിക്കുന്നു? മനഃശാന്തിയും സ്വാസ്ഥ്യവും നഷ്ടപ്പെടുന്നു. അതും പണക്കാരിലും ഇടത്തരക്കാരിലും; കാരണം, വളരെ വ്യക്തം. യാചകർക്കും തൊഴിലാളികൾക്കും പരിമിത മോഹങ്ങളേയുള്ളൂ. അവ പൂർത്തീകരിക്കപ്പെട്ടാൽ അവർ സംതൃപ്തരായി. ഇല്ലെങ്കിലും അവരുടെ അസ്വസ്ഥതയും നിരാശയും നന്നെ നിസ്സാരവും നിയന്ത്രിതവുമായിരിക്കും. ഒരു നേരത്തെ ആഹാരം ലഭിക്കാതിരുന്നതോ മരുന്നുവാങ്ങാൻ പണമില്ലാതെ രോഗിയായ കുട്ടി പ്രയാസപ്പെടുന്നതോ പാവപ്പെട്ടവനെ ഒരു പരിധിക്കപ്പുറം അശാന്തനാക്കുകയില്ല. അത്, പ്രാഥമികാവശ്യങ്ങൾക്ക് ഒട്ടും മുട്ടില്ലാത്ത ഒരിടത്തരം കുടുംബത്തിലെ ചെറുപ്പക്കാരന് ചെത്തി നടക്കാൻ ഇരുചക്രവാഹനം കിട്ടാത്തതിന്റെ അസ്വസ്ഥതയെക്കാൾ നന്നെ നിസ്സാരമായിരിക്കും.

പരിമിതമോഹമുള്ളവർ യേശുവെപ്പോലെയായിരിക്കും. യേശു പറഞ്ഞു: "രോമമാണെന്റെ വസ്ത്രം. ബാർലിയാണാഹാരം. ചന്ദ്രനാണെന്റെ വിളക്ക്. കാലുകളാണെന്റെ വാഹനം. തലയണയായി കണങ്കയ്യും. സ്വന്തമായൊന്നുമില്ലാതെ ഉണരുന്നു. എന്നെക്കാൾ ഐശ്വര്യവാനായി ആരുമില്ല."

പ്രമുഖ പണ്ഡിതനായ ഇമാം ശാഫി പാടി: 'ജീവിക്കുകയാണെങ്കിൽ

- ഒന്ന് -

## എന്തുകൊണ്ട് ആത്മഹത്യ?

ബിലാൽ ജന്മനാ അന്ധനാണ്. കുടുംബം വളരെ ദരിദ്രമാണ്. വീട്ടിൽ വൃദ്ധരായ മാതാപിതാക്കളുണ്ട്. കൂടാതെ ഭാര്യയും മൂന്ന് മക്കളും. ഇളയ മകൾ നിത്യരോഗിയാണ്. പ്രഭാതം പൊട്ടിവിടരുന്നതോടെ ബിലാൽ പട്ട ണത്തിലെത്തും. പിന്നീട് വൈകുന്നേരം ഇരുളുപടരുന്നതുവരെ ബസ് സ്റ്റാന്റിലായിരിക്കും. അവിടെ വന്നുപോകുന്ന ബസുകളിലെല്ലാം കയറി യിറങ്ങും. ഒരു കൈയിൽ ഊന്നുവടിയും മറുകൈയിൽ ഭിക്ഷാപാത്രവു മായി. എന്നാലും മുഖത്ത് ദുഃഖത്തിന്റെ അടയാളമില്ല. സദാ പ്രസന്നവദ നനാണ്.

അരവിന്ദൻ ചുമട്ടുതൊഴിലാളിയായിരുന്നു. വാഹനാപകടത്തിൽ പെട്ട് രണ്ട് കാലും നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെയും പകലുകൾ പട്ടണമധ്യ ത്തിലെ ബസ്സ്റ്റാന്റിൽതന്നെ. രണ്ട് കൈയും നിലത്തൂന്നി നിരങ്ങി നീങ്ങിയാണ് ബസുകളിൽ കയറിയിറങ്ങുന്നത്. വൈകുന്നേരംവരെ യാത്ര ക്കാരുടെ മുന്നിൽ കൈനീട്ടി കിട്ടുന്ന പണംകൊണ്ടാണ് ആറംഗങ്ങളുള്ള കുടുംബം പോറ്റുന്നത്.

ഇത്തരം ബിലാലുമാരും അരവിന്ദന്മാരും കേരളീയർക്ക് ഒട്ടും അപരി ചിതമല്ല. ഏത് നഗരത്തിലും നമുക്കവരെ കാണാം. പട്ടിണിയും പ്രാരാ ബ്ധവുമായി അവർ ജീവിതം തള്ളിനീക്കുന്നു.

കേരളത്തിൽ ദിനംപ്രതി നൂറിലേറെ പേർ ആത്മഹത്യക്ക് ശ്രമിക്കു ന്നു. മുപ്പതിലേറെ പേർ ആത്മഹത്യയിലൂടെ പരലോകം പ്രാപിക്കുന്നു. കുടുംബങ്ങളുടെ കൂട്ടമരണമറിഞ്ഞ് ഇന്ന് ആരും ഞെട്ടാറില്ല. കുടുംബ ആത്മഹത്യകൾ അത്രയേറെ സാധാരണമായിരിക്കുന്നു. ഗൃഹനാഥൻ ഭാര്യ യെയും കുട്ടികളെയും കൊന്ന് സ്വയം ജീവനൊടുക്കിയ വാർത്തകളില്ലാത്ത നാളുകൾ വളരെ വിരളമാണ്.

ത്തിൽ ഉൽപന്നങ്ങളിന്ന് നമ്മെ സേവിക്കുകയല്ല, നാം അവയെ സേവിക്കുകയാണ്. അവ നമ്മുടെ അടിമകളല്ല. നാം അവയുടെ അടിമകളാവുകയാണ്. ഇതൊന്നും തിരിച്ചറിയാതെ ഏറെപ്പേരും വ്യവസായലോകത്തിന്റെ വിപണന തന്ത്രത്തിൽ തലവെക്കുന്നു.

എന്നാൽ, ബിലാലിനെയും അരവിന്ദനെയും പോലുള്ളവർ ഇത്തരം പരസ്യങ്ങൾ കാണുകയോ ശ്രദ്ധിക്കുകയോ അവയിലാകൃഷ്ടരാവുകയോ ചെയ്യാറില്ല. അതിനാലവർക്ക് ചുരുങ്ങിയ ആഗ്രഹങ്ങളേയുള്ളൂ. അവ പൂർത്തീകരിക്കാനായില്ലെങ്കിലുണ്ടാവുന്ന നിരാശയും അശാന്തിയും പോലും നിസ്സാരമായിരിക്കും. അതുകൊണ്ടുതന്നെ ആത്മഹത്യക്ക് സാമ്പത്തികാവസ്ഥയെക്കാൾ ബന്ധം മാനസികാവസ്ഥയോടാണ്. അതിന്റെ മോഹങ്ങളോടും അവയുടെ നിയന്ത്രണത്തോടുമാണ്.

എനിക്ക് ആഹാരം ലഭിക്കാതിരിക്കില്ല. മരിച്ചാൽ ആറടിമണ്ണും കിട്ടാതിരിക്കില്ല. എന്റെ സൈ്ഥര്യം രാജാക്കന്മാരുടേതിന് സമം. മനസ്സോ, സ്വതന്ത്രവും സ്വസ്ഥവും.'

നമ്മുടേത് കമ്പോള സംസ്കാരത്തിന്റെ കാലമാണ്. അതിന്റെ കടന്നുകയറ്റത്തിൽനിന്ന് കുതറിമാറാൻ കഴിയുന്നവർ നന്നെ കുറവാണ്. അതിനാൽ നമ്മെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് ലാഭക്കൊതിയല്ലാത്തൊരു മൂല്യവും കൈമുതലായില്ലാത്ത വൻവ്യവസായികളാണ്. അവർ അനുദിനം പുതുപുത്തൻ ഉൽപന്നങ്ങൾ പുറത്തിറക്കുന്നു. പൊലിമയുള്ള പരസ്യങ്ങളിലൂടെ അവയുടെ പേരുകൾ നമ്മുടെ മസ്തിഷ്കങ്ങളിലേക്ക് അടിച്ചുകയറ്റുന്നു. ദിനപത്രങ്ങൾ, വാരികകൾ, മാസികകൾ, റേഡിയോ, ടെലിവിഷൻ, സിനിമ, ഇന്റർനെറ്റ്, പരസ്യപ്പലകകൾ ഇങ്ങനെ പലതിലൂടെയും അവ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. നിത്യജീവിതത്തിലേക്ക് അനുവാദംപോലും ചോദിക്കാതെ കടന്നുവരുന്നു. പരസ്യം നമ്മെ അതിയായി പ്രലോഭിപ്പിക്കുന്നു. നമ്മുടെ അബോധ മനസ്സിൽപോലും പ്രതികരണങ്ങൾ സൃഷ്ടിക്കുന്നു. അവക്കുപിന്നിലെ ഉൽപന്നങ്ങൾ നമ്മുടെ ജീവിതത്തിലേക്ക് നുഴഞ്ഞുകയറാൻ ശ്രമിക്കുന്നു.

പരസ്യങ്ങൾ പിടികൂടാറുള്ളത് നമ്മുടെ വികാരങ്ങളെയാണ്. അവ മനസ്സിൽ പല പുതിയ മോഹങ്ങളും വളർത്തിയെടുക്കുന്നു. ചിന്തക്ക് അവസരം നൽകാതെ അവ സാക്ഷാത്ക്കരിക്കാനുള്ള വെമ്പൽ സൃഷ്ടിക്കുന്നു. അങ്ങനെയാണ് മനുഷ്യൻ പുതിയ പുതിയ ആവശ്യങ്ങളുടെ അടിമയായി മാറുന്നത്. കൃത്രിമവും വ്യാജവുമായ പരിവേഷങ്ങൾ സൃഷ്ടിച്ച് നമ്മെ നാശത്തിലേക്കു നയിക്കുന്ന ഉൽപന്നങ്ങൾപോലും വാങ്ങാൻ നമ്മെ നിർബന്ധിക്കുന്നത്.

ഉപഭോഗസംസ്കാരം നമ്മുടെ വ്യക്തിത്വത്തെ തീർത്തും അന്യവത്കരിക്കുന്നു. ചിന്തയെ കെടുത്തുന്നു. പാരമ്പര്യങ്ങളിൽനിന്ന് നമ്മെ പിഴുതെടുക്കുന്നു. നാം എന്തു തിന്നണം, എങ്ങനെ തിന്നണം, ഏത് കുടിക്കണം, ഏത് പാത്രത്തിൽ കുടിക്കണം, ഏത് ധരിക്കണം, തലയിലെന്തു തേക്കണം, ഏത് പേസ്റ്റുകൊണ്ട് പല്ലു തേക്കണം, കുളിക്കേണ്ടതെങ്ങനെ, നോട്ടവും ചിരിയും ഉപചാരവുമൊക്കെ എവ്വിധമാകണം എന്നെല്ലാമിന്ന് തീരുമാനിക്കുന്നത് നമ്മളല്ല; കമ്പോളസംസ്ക്കാരത്തിന്റെ കാവൽക്കാരായ വൻവ്യവസായികളും കുത്തകകളുമാണ്. ആഗ്രഹങ്ങളെയും ഇച്ഛകളെയും നിയന്ത്രിക്കുന്നത് അവരാണ്. അവരുടെ വിപണനതന്ത്രം നമ്മുടെ ഭോഗതൃഷ്ണയെ തട്ടിയുണർത്തുന്നു. മോഹങ്ങൾക്ക് തീപിടിപ്പിക്കുന്നു. അങ്ങനെ ആർഭാടജീവിതത്തിനാവശ്യമായ ആഡംബരവസ്തുക്കൾ അനിവാര്യമാണെന്ന ധാരണ സൃഷ്ടിക്കുന്നു. അവ സ്വന്തമാക്കാൻ കഴിയാതിരുന്നാൽ അതൊരു ന്യൂനതയാണെന്ന തോന്നലുണ്ടാക്കുന്നു. യഥാർഥ

ഷ്യന്റെ മുഴുവൻ ശ്രദ്ധയും ശ്രമവും അതിനാവശ്യമായ ഭൗതിക വിഭവങ്ങളുടെ ശേഖരണത്തിലായി. വിജയത്തിന്റെയും വളർച്ചയുടെയും മാനദണ്ഡം ഭൗതിക വിഭവങ്ങളുടെ വർദ്ധനയാണെന്നു വന്നു. പുരോഗതിയുടെയും പരിഷ്കാരത്തിന്റെയും അടിസ്ഥാനം ജീവിതസൗകര്യങ്ങളുടെ ആധിക്യവും. അങ്ങനെ സമൂഹത്തിൽ സുഖസമ്പൂർണമായ ജീവിതത്തെ സംബന്ധിച്ച സുന്ദര സ്വപ്നങ്ങളും സങ്കൽപങ്ങളും വളർത്തപ്പെട്ടു. അതിരുകളില്ലാത്ത ആഗ്രഹങ്ങളും അനിയന്ത്രിതമായ മോഹങ്ങളും പിറവിയെടുത്തു. ഉപഭോഗ സംസ്കാരവും അതിന് പശ്ചാത്തലമൊരുക്കിയ മുതലാളിത്ത വീക്ഷണവും രൂപംകൊണ്ടത് അങ്ങനെയാണ്. .

സുഖസമ്പൂർണമായ ജീവിതത്തിന് ആവശ്യമായ സൗകര്യങ്ങളില്ലാത്തവർ പരാജിതരും ഒന്നിനും കൊള്ളാത്തവരുമായി കണക്കാക്കപ്പെട്ടു. അത്തരക്കാർ നിത്യനിരാശക്കടിപ്പെടുകയും ചെയ്തു. പരീക്ഷയിൽ പരാജയപ്പെടുന്ന വിദ്യാർഥിയെ താനിനി എന്തിനു ജീവിക്കണമെന്ന തോന്നൽ പിടികൂടുന്നു. കടുത്ത ദാരിദ്ര്യത്തിൽ കഴിയുന്നവന് ജീവിതം നിരർഥകമായി തോന്നുന്നു. മാറാരോഗം ബാധിച്ചവന് തുടർജീവിതത്തെക്കുറിച്ച് മടുപ്പുണ്ടാകുന്നു. അങ്ങനെ ജീവിതം ആവോളം ആസ്വദിക്കാനുള്ളതാണെന്ന് വിശ്വസിക്കുന്ന മനുഷ്യനെ അതിന് വല്ല വിഘാതവും വരുമ്പോൾ ഇല്ലായ്മയുടെ വല്ലായ്മയും വേദനയും വേവലാതിയും വിഹ്വലതയും പിടികൂടുന്നു. കടുത്ത ഇഛാഭംഗവും നിരാശയും ബാധിക്കുന്നു. അതവനെ ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്യുന്നു.

ജീവിതം ആസ്വദിക്കാനുള്ളതാണെന്ന് വിശ്വസിക്കുന്നവർ അതിന്റെ പാരമ്യതയിലെത്തുന്നതോടെ അലക്ഷ്യരാകുന്നു. അതിന്റെ അനിവാര്യതയോ, അതിരുകളില്ലാത്ത അശാന്തിയും.

ദീർഘകാലം മലയാളത്തിലെ ഉപപാഠ പുസ്തകമായിരുന്നു 'ഓടയിൽനിന്ന്'. അതിലെ പ്രധാന കഥാപാത്രം പപ്പുവാണ്. പപ്പുവിന്റെ ജീവിതലക്ഷ്യമോ ലക്ഷ്മി എന്ന പെൺകുട്ടിയെ പോറ്റിവളർത്തലും. ലക്ഷ്മി വളർന്നു വലുതായി; വിവാഹിതയായി. അതോടെ പപ്പുവിന് ലക്ഷ്യമില്ലാതായി. അലക്ഷ്യനായ പപ്പു അശാന്തനായി.

എം. മുകുന്ദന്റെ 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' മുഖ്യകഥാപാത്രം ദാസനാണ്. അയാളുടെ ലക്ഷ്യം മയ്യഴിയുടെ സ്വാതന്ത്ര്യമായിരുന്നു. മയ്യഴി സ്വതന്ത്രമായി, അതോടെ ദാസൻ അലക്ഷ്യനായി. ഭാരമായി മാറിയ ജീവിതം തള്ളിനീക്കാൻ വെള്ളിയാങ്കല്ലിൽ അഭയം തേടേണ്ടിവന്നു.

**ആത്മഹത്യയിലേക്കുള്ള വഴി**

ലക്ഷ്യം പിഴച്ചവർക്ക് ജീവിതം നിരർത്ഥകമായാണനുഭവപ്പെടുക.

- രണ്ട് -

## മുന്തിരിച്ചാറുപോലുള്ളൊരീ ജീവിതം

ഭൗതിക വീക്ഷണത്തിൽ മനുഷ്യൻ കേവലം ഒരു ജന്തുവാണ്. ഇതര ജീവ ജാലങ്ങളുടെ ഭാഗവും തുടർച്ചയും. പരിണാമത്തിലൂടെ ഇത്തിരി പുരോ ഗതി പ്രാപിച്ചിട്ടുണ്ടെന്ന് മാത്രം. ജോൺ വാട്ട്സന്റെ അഭിപ്രായത്തിൽ 'മനുഷ്യനെയും ക്രൂരമൃഗത്തെയും വേർതിരിക്കുന്ന അതിർവരമ്പില്ല'.

ഫ്രെഡറിക് ഏംഗൽസ് തന്റെ The Influence of work in the Evolution of man എന്ന ഗ്രന്ഥത്തിലെഴുതി: 'കൈ ജോലി ചെയ്യാനുള്ള ഒരുപകരണം മാത്രമല്ല; ജോലിയുടെ ഒരുൽപന്നം കൂടിയാണ്. തൊഴിലിലൂടെ അത് വൻതോതിലുള്ള പൂർണത നേടി. അതിന് റാഫേലിന്റെ ചിത്രങ്ങളും തോർട് വാട്സന്റെ ശിൽപങ്ങളും പഗാനിയുടെ സംഗീതവും രചിക്കാൻ സാധിച്ചു.' മനുഷ്യൻ ഇതര ജീവജാലങ്ങളുടെ തുടർച്ചയും പകർച്ചയും ഏതാനും ഭൗതിക പദാർത്ഥങ്ങളുടെ സംഘാതവും ആണെന്ന് ഭൗതിക വാദികൾ പ്രചരിപ്പിച്ചു. ജനനത്തോടെ തുടങ്ങിയ ജീവിതം മരണത്തോടെ ഒടുങ്ങുമെന്നും. അതോടെ ജീവിത ലക്ഷ്യത്തിൽ വമ്പിച്ച മാറ്റം വന്നു. മനുഷ്യന്റെ പരമമായ ലക്ഷ്യം പരമാവധി സുഖിക്കലാണെന്ന കാഴ്ചപ്പാട് സമൂഹത്തെ അഗാധമായി സ്വാധീനിച്ചു. തിന്നുക, കുടിക്കുക, ഭോഗിക്കുക, സുഖിക്കുക, ഉല്ലസിക്കുക, ഇതിലപ്പുറം മറ്റൊരു ലക്ഷ്യവുമില്ലാതായി.

മലയാള കവി പാടി:

'എന്തുവന്നാലുമെനിക്കാസ്വദിച്ചീടണം
മുന്തിരിച്ചാറുപോലുള്ളൊരീ ജീവിതം
എന്നുമിതിന്റെ ലഹരിയിലാനന്ദ
തുന്ദിലമെൻമനം മൂളിപ്പറക്കണം'

ജീവിതലക്ഷ്യം പരമാവധി സുഖിക്കലാണെന്ന് വന്നതോടെ മനു

- മൂന്ന് -

## മദ്യത്തിന്റെ കുത്തൊഴുക്ക്

ജീവിതത്തിൽ ആദ്യമായി കോടതി കയറേണ്ടിവന്നത് ഒരു കൊലക്കേസിൽ സാക്ഷിയായാണ്. ദക്ഷിണകേരളത്തിൽ നിന്നെത്തിയ ഒരു കുടുംബം അയൽപക്കത്ത് താമസിച്ചിരുന്നു. എല്ലാ വൈകുന്നേരങ്ങളിലും അച്ഛനും മകനും ഒരേപോലെ മദ്യപിക്കും. അതിനാൽ രാത്രിയിലെന്നും കലഹവും കോലാഹലവുമായിരുന്നു. ഒരു രാത്രി മദ്യപിച്ച് ശണ്ഠ കൂടവെ അച്ഛൻ കത്തിയെടുത്ത് മകനെ കുത്തി. അതോടെ മകൻ പരലോകത്തെത്തി. അച്ഛൻ ജയിലിലും. സത്യം പറഞ്ഞാൽ ആ കുടുംബം രക്ഷപ്പെട്ടു.

നാം വീടുവിട്ടിറങ്ങുമ്പോൾ കുടുംബിനികൾ സ്നേഹപൂർവം ചോദിക്കും: 'എപ്പോഴാണ് വരിക.' പ്രത്യാശയോടെയുള്ള ചോദ്യമാണത്. ഒപ്പം 'എന്റെ പ്രിയപ്പെട്ടവനൊന്നും സംഭവിക്കാതെ വേഗം മടങ്ങിയെത്തേണമേ'യെന്ന പ്രാർത്ഥനയും. വീട്ടിൽ തിരിച്ചെത്തുമ്പോൾ പ്രസന്നവദനരായി നമ്മെ സ്വീകരിക്കുകയും ചെയ്യും.

എന്നാൽ തന്നെയും കുട്ടികളെയും പോറ്റാൻ കടപ്പെട്ട കുടുംബനാഥൻ വീട്ടിലെ ചെലവിനുപയോഗിക്കേണ്ട പണം മദ്യഷാപ്പിൽ കൊടുത്ത് നാറുന്ന വായയും കലങ്ങിയ കണ്ണുകളും ആടിക്കുഴയുന്ന കൈകാലുകളും നാവുനിറയെ തെറിയുമായി കയറിവരുമ്പോൾ വാതിൽ തുറന്നു കൊടുക്കാൻ എഴുന്നേറ്റുപോകുന്ന ഒരു പെണ്ണിന്റെ മാനസികാവസ്ഥ എല്ലാവിധ സങ്കൽപങ്ങൾക്കും കണക്കുകൂട്ടലുകൾക്കും അതീതമാണ്. അതളക്കാൻ ലോകത്തൊരുപകരണവുമില്ല. കേരളത്തിലെ ലക്ഷക്കണക്കിന് സഹോദരിമാരിന്ന് ഇത്തരം ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്നവരാണ്.

ഇപ്രകാരം തന്നെ ലക്ഷക്കണക്കിന് കൊച്ചുകുട്ടികൾ തങ്ങളുടെ പിതാക്കന്മാരുടെ കാലൊച്ച കേൾക്കുമ്പോൾ കട്ടിലിനടിയിൽ പോയി ഒളിക്കേണ്ട

ശാപവും ശല്യവുമായാണ് തോന്നുക. കൊലിൻ വിൽസൻ പറയുന്നു: “മനുഷ്യൻ എന്നത് ഒരു തീവ്രവികാരാവേശമത്രെ, നാം ജീവിക്കുന്നുവെന്നത് അർത്ഥശൂന്യം. മരിക്കുന്നുവെന്നത് അതിലേറെ അർത്ഥശൂന്യം.” മുകുന്ദന്റെ കഥാപാത്രമായ രവി ജീവിതത്തെ നോക്കിക്കാണുന്നത് ഇങ്ങനെയാണ്: “വത്സലേ, ഞാൻ വ്യഭിചരിച്ചത് പാപമല്ല. മോഷ്ടിച്ചത് പാപമല്ല. പരദൂഷണം പറഞ്ഞത് പാപമല്ല. ഈ ഭൂമിയിൽ ജനിച്ചതാണ് പാപം.” അദ്ദേഹത്തിന്റെ തന്നെ മറ്റൊരു കഥാപാത്രം ചോദിക്കുന്നു: ‘രണ്ടു കയ്യും കാലും ഒരുടലും ഒരു തലയുമുള്ള ഞാനിവിടെ എന്തുനേടാനാണ്?’

‘അനന്തമായ ആകാശത്തിൻ ചുവട്ടിൽ, അറ്റമറ്റ ഭൂമിക്ക് മുകളിൽ ജീവിക്കുന്നതിലൊരർത്ഥവുമില്ലെ’ന്ന വിധിത്തീർപ്പിലെത്തുന്നവർ ആത്മഹത്യയെ മഹത്വവത്കരിക്കുന്നു. ‘ക്ഷമയറ്റ ഞാനിതാ മുമ്പേ പോകുന്നു’വെന്നെഴുതിവെച്ച് ജീവിതത്തിന്റെ തിരശ്ശീല സ്വയം വലിച്ചു താഴ്ത്തിയ സ്റ്റീഫൻ സ്വെഗ് ഇതിനുദാഹരണമാണ്. ‘എന്തുകൊണ്ട് ആത്മഹത്യയിലഭയം തേടുന്നില്ല’ എന്ന ചോദ്യമുന്നയിക്കുന്ന ഴാങ്പോൾ സാർത്രെയുടെ നിലപാടും ഭിന്നമല്ല. ഏതാനും കൊല്ലംമുമ്പ്, എങ്ങനെ ആത്മഹത്യ ചെയ്യണമെന്ന് വിശദമായി വിവരിക്കുന്ന ഒരു പുസ്തകം അമേരിക്കയിൽ പ്രസിദ്ധീകൃതമായി. ഡെറിക് ഹംഫ്രീ രചിച്ച ‘ഫൈനൽ എക്സിറ്റ്’ (അവസാനത്തെ വഴി) എന്ന കൃതി ചൂടപ്പം പോലെ വിറ്റഴിക്കപ്പെട്ടു. രണ്ടാഴ്ചക്കകം പുസ്തകത്തിന്റെ ഇരുപതിനായിരം കോപ്പികൾ വിൽപ്പനയായി.

എന്തു വിലകൊടുത്തും ജീവൻ നിലനിർത്തുകയെന്ന വൈദ്യശാസ്ത്ര തത്വത്തെ നിരാകരിച്ച് മരിക്കാനുള്ള അവകാശത്തിനുവേണ്ടി പൊരുതുന്ന ‘ഹെംലക്’ സൊസൈറ്റിയുടെ സ്ഥാപകനാണ് ഗ്രന്ഥകർത്താവായ ഡെറിക് ഹംഫ്രീ. രണ്ടായിരം കൊല്ലം മുമ്പ് ഗ്രീക്ക് ദാർശനികൻ സോക്രട്ടീസ് ഉപയോഗിച്ച വിഷച്ചെടിയുടെ പേരാണ് സംഘടനക്ക് നൽകിയ ‘ഹെംലക്’ എന്നത്. 1980-ലാണിത് സ്ഥാപിതമായത്. ഇപ്പോഴതിൽ നാൽപതിനായിരത്തിലേറെ അംഗങ്ങളുണ്ട്.

ആത്മഹത്യ ചെയ്യാൻ തയ്യാറില്ലാത്ത അമേരിക്കക്കാരും അതിനെ മഹത്വവത്കരിക്കുകയും അതിന് പ്രയാസരഹിതമായ മാർഗങ്ങൾ വിശദീകരിച്ചുകൊടുക്കുകയും ചെയ്യുന്ന ‘ഫൈനൽ എക്സിറ്റ്’ വായിച്ച് നിർവൃതിയടയുന്നു.

നമുക്കുതന്നെ. (മാതൃഭൂമി 2004 ജൂൺ 26)

എന്നാൽ 2006 ആയപ്പോഴേക്ക് കേരളം ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു. പന്തീരായിരം കോടിരൂപയുടെ മദ്യം പ്രതിവർഷമിവിടെ വിൽക്കപ്പെടുന്നു. ഓരോരുത്തരും ശരാശരി 11 ലിറ്റർ വീതം അകത്താക്കുന്നുവെന്നർത്ഥം. കേരളത്തിലെ 60 ശതമാനം പുരുഷന്മാരും മദ്യപാനികളാണ്. 40 ശതമാനം സ്ഥിരമായി അതുപയോഗിക്കുന്നവരും 13 ശതമാനം അതിന്റെ അടിമകളുമാണ്. കഴിഞ്ഞ ഓണക്കാലത്ത് മാത്രം 250 കോടി രൂപയുടെ മദ്യം വിൽപനയായി. വ്യാജമദ്യത്തിന്റെ കുത്തൊഴുക്ക് ഇതിനുപുറമെയാണ്. (അവലംബം: ദേശാഭിമാനി വാരിക. 2006 നവംബർ 19)

കഴിഞ്ഞ കൊല്ലം കേവലം ഒമ്പത് മാസത്തിനകം ബീവറേജ് കോർപ്പറേഷൻ മുഖേന മാത്രം 13 കോടി കുപ്പി മദ്യം കേരളീയർ കുടിച്ചു തീർത്തതായി അന്നത്തെ മന്ത്രി വക്കം പുരുഷോത്തമൻ നിയമനസഭയെ അറിയിക്കുകയുണ്ടായി. (ചന്ദ്രിക 2005 ഫെബ്രുവരി 2)

2006-ന്റെ പുതുവർഷപ്പുലരി ആഘോഷിക്കാൻ കേരളീയർ കുടിച്ചു തുലച്ച വിദേശമദ്യം 14 കോടി രൂപയുടേതാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. (മാതൃഭൂമി 2006 ജനുവരി 2)

കേരളത്തിലിന്ന് ഏറ്റവും നീളമുള്ള ക്യൂ കാണപ്പെടുന്നതെവിടെയെന്ന് അന്വേഷിക്കുന്ന ആരും അത്ഭുതസ്തബ്ധരായി മൂക്കത്ത് വിരൽ വെക്കാതിരിക്കില്ല. അത് മറ്റെവിടെയുമല്ല: വിദേശ മദ്യഷാപ്പുകൾക്ക് മുന്നിലാണ്. വിശേഷ ദിവസങ്ങളിൽ ക്യൂ നിയന്ത്രിക്കാൻ നിയമപാലകർ വേണ്ടിവരുന്ന സ്ഥലങ്ങൾപോലും വിരളമല്ല.

കേരളത്തിൽ ആറായിരത്തിലേറെ വ്യാജവാറ്റു കേന്ദ്രങ്ങളുള്ളതായി കണക്കാക്കപ്പെടുന്നു. അത്തരം അനധികൃത കേന്ദ്രങ്ങളിലൂടെ ലക്ഷക്കണക്കിന് ലിറ്റർ വ്യാജചാരായം വിൽക്കപ്പെടുന്നു. വ്യാജമദ്യം വിറ്റതിന് എക്സൈസ് വകുപ്പ് 19,028 കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. ആറു മാസത്തിനകം 1,60,535 ലിറ്റർ സ്പിരിറ്റ് എക്സൈസ് വിഭാഗം പിടിച്ചെടുക്കുകയുണ്ടായി. 74 കേസുകൾ റജിസ്റ്റർ ചെയ്യുകയും 53 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. അപ്പോൾ, പിടികൂടപ്പെടാത്ത വ്യാജ ചാരായവും സ്പിരിറ്റ് കടത്തും എത്രയായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കപ്പെടാൻ തുടങ്ങിയതോടെ യുവാക്കളിലെ മദ്യപാന ശീലം ഗണ്യമായി വർധിച്ചതായി പഠനങ്ങൾ വ്യക്തമാക്കുന്നു. കേരളത്തിൽ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തുടങ്ങിയ 64 ബിയർ പാർലറുകളിൽ 37 എണ്ണത്തെ കേന്ദ്രീകരിച്ച് തിരുവനന്തപുരത്തെ 'അഡിക്ട് ഇന്ത്യ' നടത്തിയ പഠനത്തിന്റെ

അവസ്ഥയിലാണ്. കേരളത്തിലെ പതിനായിരക്കണക്കിന് കുടുംബങ്ങളെ നിത്യദാരിദ്ര്യത്തിലും ദുരിതത്തിലും അകപ്പെടുത്തുന്നത് മദ്യമാണ്. ഇവിടെ നടക്കുന്ന മഹാഭൂരിപക്ഷം കുടുംബകലഹങ്ങൾക്കും ശൈഥില്യങ്ങൾക്കും കാരണം അതാണ്. മിക്ക കൊലപാതകങ്ങളുടെയും ആത്മഹത്യകളുടെയും പിന്നിൽ പ്രവർത്തിക്കുന്നതും മറ്റൊന്നല്ല.

**തുടക്കം കൊലയിൽനിന്ന്**

ഗ്രീക്ക് പുരാണമനുസരിച്ച് ലോകത്ത് ആദ്യമായി മദ്യമുണ്ടാക്കിയത് ഇക്കാറിയോസാണ്. അയാൾ മകൾ എറിഗോണോടൊന്നിച്ച് ഒരു മുന്തിരിത്തോട്ടത്തിൽ സ്വൈര്യമായി കഴിയുകയായിരുന്നു. കൂടെ മെയ്റാ എന്ന വളർത്തുനായയുമുണ്ട്.

ഇക്കാറിയോസ് പെന്റലിക്കൂസ് പർവ്വതത്തിന് സമീപം ഒരു ഭരണിയിൽ മുന്തിരിപ്പഴമുപയോഗിച്ച് വീഞ്ഞുണ്ടാക്കി. ഒരു ദിവസം മകളെ വിവരമറിയിക്കാതെ അയാൾ തന്റെ കൂട്ടുകാരായ ഇടയബാലന്മാരോടൊന്നിച്ച് ഭരണിക്കരികിലെത്തി. ഇടയന്മാർ അന്നോളം അത് കണ്ടിരുന്നില്ല. സ്വർണ്ണനിറത്തിലുള്ള വീഞ്ഞ് അവരിൽ വല്ലാത്ത വിസ്മയമുണർത്തി. അവരത് ആർത്തിയോടെ അകത്താക്കി. അതോടെ അവർ ലഹരിക്കടിപ്പെട്ടു. നൃത്തം വെക്കാനും പാട്ടുപാടാനും തുടങ്ങി. ലഹരി വർധിച്ചതോടെ ഇടയന്മാരുടെ കാഴ്ചയ്ക്ക് ഭംഗം നേരിട്ടു. ഒന്ന് രണ്ടായി കാണാൻ തുടങ്ങി. കാല് നിലത്തുറക്കാതായി. ചിലർ ഭ്രാന്തന്മാരെപോലെ പെരുമാറി. വേറെ ചിലർ പൊട്ടിച്ചിരിച്ചു. അവർ ആതിഥേയനായ ഇക്കാറിയോസിനോട് പൊട്ടിത്തെറിച്ചു. തെറി വിളിച്ചു. അവസാനം അവരയാളെ അടിച്ചു കൊന്നു.

ഈ ഗ്രീക്ക് കഥയനുസരിച്ച് മദ്യത്തിന്റെ തുടക്കംതന്നെ കൊലപാതകത്തിൽനിന്നാണ്. ഇന്നും അത് അവിരാമം തുടരുന്നു. അതിനാലാണ് മുഹമ്മദ് നബി അതിനെ 'നീചവൃത്തികളുടെ മാതാവെ'ന്ന് വിശേഷിപ്പിച്ചത്. അറബിഭാഷയിൽ ഒരു ചൊല്ലുണ്ട്. 'മദ്യം ഏറ്റം ചീത്ത ദൂതനാണ്, അയക്കുന്നത് വയറ്റിലേക്കാണ്. പോകുന്നത് തലയിലേക്കും.'

**മദ്യത്തിന്റെ കുത്തൊഴുക്ക്**

മദ്യത്തിന്റെ ഉപഭോഗത്തിൽ ഇന്ത്യയിലെ മൊത്തം സംസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനത്തെത്തിയിരിക്കുന്നു കേരളം. പത്തൊമ്പത് ശതമാനം മദ്യപരെയുമായി മഹാരാഷ്ട്ര ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. കേരളീയരിൽ പതിമൂന്ന് ശതമാനവും മദ്യത്തിന് അടിപ്പെട്ടവരാണ്. കേന്ദ്ര സാമൂഹിക നീതി മന്ത്രാലയവും ഐക്യരാഷ്ട്രസഭ ഗവേഷണവിഭാഗവും ചേർന്ന് നടത്തിയ പഠനം പുറത്തുകൊണ്ടുവന്നതാണ് ഈ വസ്തുത. കഞ്ചാവും അതിന്റെ ഉപോൽപന്നങ്ങളും ഉപയോഗിക്കുന്നതിൽ മൂന്നാംസ്ഥാനവും

വരാണ് അവിടെ ജീവനൊടുക്കിയവരിൽ ഭൂരിപക്ഷവുമെന്നതാണ് വസ്തുത. കൂട്ടത്തിൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവും.

മദ്യപാനം വരുത്തുന്ന കുടുംബശൈഥില്യവും കേരളീയരിൽ പലരെയും ആത്മഹത്യയിലെത്തിച്ചിട്ടുണ്ട്. മദ്യത്തിനടിപ്പെട്ട് ബുദ്ധിഭ്രമം ബാധിച്ച് സ്വയം മരണം വരിക്കുന്നവരും കുറവല്ല. അപ്രകാരം തന്നെ ലഹരിയുടെ ഉപയോഗം കാരണം കഠിനമായ രോഗം ബാധിച്ച് നിരാശരായി ആത്മഹത്യയിലഭയം തേടുന്നവരെയും കാണാം.

മദ്യത്തിന്റെ കുത്തൊഴുക്ക് കൊലപാതകങ്ങളുൾപ്പെടെ എല്ലാ കുറ്റകൃത്യങ്ങൾക്കും കാരണമാകുന്നപോലെ ആത്മഹത്യകളുടെ അവിശ്വസനീയമായ വർധനവിലും വമ്പിച്ച പങ്കുവഹിക്കുന്നു. മാനസികാസ്വാസ്ഥ്യം കാരണം സംഭവിക്കുന്നവ കഴിച്ചാൽ കേരളത്തിൽ നടക്കുന്ന ആത്മഹത്യകളിൽ ഏതാണ്ടെല്ലാറ്റിലും മദ്യം മണക്കാനുള്ള സാധ്യത അധികമാരും തള്ളിക്കളയുകയില്ല. കുടുംബങ്ങളുടെ കൂട്ട ആത്മഹത്യകളുടെ അവസ്ഥയും വ്യത്യസ്തമല്ല. ആത്മഹത്യ ചെയ്യുന്ന മനോരോഗികളിൽ ചിലരെയെങ്കിലും അത്തരമൊരു പതനത്തിലെത്തിച്ചതും മദ്യപാനംതന്നെ.

ഓടുന്ന ട്രെയിനിനു മുന്നിൽ ചാടി മരിച്ച പ്രമുഖ ഫുട്ബാൾ താരം വി. പി. സത്യൻ തന്റെ ആത്മഹത്യാകുറിപ്പിൽ എഴുതി: ' ഫുട്ബാളർ എന്ന നിലയിൽ സമൂഹത്തിൽനിന്ന് അകമഴിഞ്ഞ സ്നേഹവും ആദരവും എനിക്കു ലഭിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ എല്ലാം നഷ്ടപ്പെട്ടു. മദ്യപാനവും ചൂതാട്ടവുമാണ് സമ്പത്ത് മുഴുവൻ നശിപ്പിച്ചത്" (ഉദ്ധരണം: വർത്തമാനം 2006 ജൂലായ് 19)

“വിശ്വസിച്ചവരേ, മദ്യവും ചൂതും പ്രതിഷ്ഠകളും ഭാഗ്യപരീക്ഷണത്തിനുള്ള അമ്പുകളും പൈശാചിക വൃത്തികളിൽ പെട്ട മാലിന്യങ്ങളാണ്. അതിനാൽ നിങ്ങളവ വർജ്ജിക്കുക. നിങ്ങൾ വിജയം വരിച്ചേക്കാം”(ഖുർആൻ 5:90)

അടിസ്ഥാനത്തിൽ അതിന്റെ ഡയറക്ടർ ജോൺസൺ ജെ ഇടയാറന്മുള പറയുന്നു: "തിരുവനന്തപുരം മുതൽ പാലക്കാട്ട് വരെ ദേശീയ പാതക്കരികിലുള്ള 37 ബിയർ പാർലറുകൾ പരിശോധിച്ചപ്പോൾ എട്ടു വിദേശികളെ മാത്രമേ ഞങ്ങൾ കണ്ടെത്തിയുള്ളൂ. കോളേജ് പെൺകുട്ടികൾ ആൺകുട്ടികൾക്കൊപ്പമെത്തി മദ്യപിക്കുന്ന സ്ഥലമായി അവ മാറിയിരിക്കുന്നു."(ഇന്ത്യാ ടുഡെ 8-9-04)

1986-ൽ മദ്യപാനപ്രായം 19 വയസ്സായിരുന്നുവെങ്കിൽ 1990-ൽ അത് 17 വയസ്സായും 2000-ൽ 14 വയസ്സായും 2002-ൽ പതിമൂന്നര വയസ്സായും ചുരുങ്ങിയിരിക്കുന്നു. കേരളീയരിൽ 50 ലക്ഷം പേരും കുടിയന്മാരാണ്. അവരിൽ മൂന്നിലൊന്ന് മദ്യമില്ലാതെ ഒരു ദിവസംപോലും കഴിയാൻ പറ്റാത്ത അവസ്ഥയിലാണ്.

### വിവിധ വഴികൾ

1996-ൽ ചാരായം നിരോധിച്ചുകൊണ്ട് അന്നത്തെ മുഖ്യമന്ത്രി എ. കെ. ആന്റണി പറഞ്ഞു: "വ്യക്തിജീവിതത്തെയും കുടുംബബന്ധങ്ങളെയും സാമൂഹ്യ മര്യാദകളെയും താറുമാറാക്കുകയും അധോഗതിയിലെത്തിക്കുകയും ചെയ്യുന്ന മദ്യപാന ശീലത്തിന് വിരാമമിടുന്നില്ലെങ്കിൽ എല്ലാ തലങ്ങളിലും തകർച്ചയായിരിക്കും ഫലം."

പിന്നീട് മദ്യമുണ്ടാക്കുകയും വിൽക്കുകയും ചെയ്യുന്ന ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനത്തിന്റെ മേധാവിയായി ആന്റണി വർത്തിച്ചുവെങ്കിലും അദ്ദേഹം മദ്യത്തെപ്പറ്റി പറഞ്ഞത് ആരും നിഷേധിക്കുകയില്ല.

മദ്യം മനുഷ്യനെ പല വഴിയിലൂടെ ആത്മഹത്യയിലേക്ക് നയിക്കുന്നു. കേരളത്തിൽ സ്വയം മരണം വരിക്കുന്ന സ്ത്രീകളിൽ ഏറെപേരും മദ്യപാനികളുടെ ഭാര്യമാരാണ്. പകലന്തിയോളം പണിയെടുത്ത് ക്ഷീണിച്ച് ഉറങ്ങാൻ കിടക്കുന്നത് മദ്യപാനിയുടെ കൂടെയാണെങ്കിൽ ജീവിതത്തോട് മടുപ്പു തോന്നുന്നതിലും അതിന്റെ തിരശ്ശീല വലിച്ചു താഴ്ത്തുന്നതിലും അത്ഭുതമില്ല. കുടിയന്മാരിൽ നല്ലൊരു വിഭാഗം ജീവിത പങ്കാളികളെ പുലഭ്യം പറഞ്ഞ് സൈ്വര്യം കെടുത്തുന്നവരാണ്. ശാരീരിക പീഡനത്തിന്നവരെ ഇരയാക്കുന്നവരും കുറവല്ല. കുടുംബിനികളിൽ ചിലരെ ആത്മഹത്യയിലെത്തിക്കുന്നത് ഈ ദുരിതാവസ്ഥയാണെങ്കിൽ മറ്റുചിലർ ജീവനൊടുക്കുന്നത് മദ്യപാനം സൃഷ്ടിക്കുന്ന കടുത്ത ദാരിദ്ര്യം കാരണമായാണ്.

വയനാട്ടിലെ കർഷക ആത്മഹത്യകളിൽ ഏറെയും സംഭവിച്ചത് മദ്യപാനം കാരണമായാണ്. കാർഷികാവശ്യങ്ങൾക്ക് കടമെടുക്കുകയും അതൊക്കെ കുടിച്ചുതീർക്കുകയും ചെയ്തതിനാൽ ദുരിതത്തിലകപ്പെട്ട

എന്തൊക്കെ വാങ്ങണമെന്ന് തീരുമാനിക്കുന്നത് നമ്മളല്ല; കമ്പോളമാണ്. ഇത് സമൂഹത്തിലെ എല്ലാ തട്ടിലുള്ളവരുടെയും പൊതുസ്ഥിതിയാണ്. ഇത്, വരുമാനത്തിനനുസരിച്ച് ചെലവഴിക്കുകയെന്ന പരമ്പരാഗത രീതിയെ പൂർണമായും അട്ടിമറിച്ചിരിക്കുന്നു. വരവ് എന്തെന്ന് നോക്കാതെ തോന്നുന്നതൊക്കെ വാങ്ങിക്കൂട്ടുന്നവരാണ് ഏറെപ്പേരും. അതുകൊണ്ടുതന്നെ വലിയ പണക്കാരല്ലാത്തവരെല്ലാം ഇന്ന് കടക്കാരാണ്. ഈ കടക്കെണിയിൽ കൂടുതലായും കുടുങ്ങുന്നവർ ഇടത്തരക്കാരാണ്.

**കടം വേണോ കടം**

ഇന്ന് എല്ലാറ്റിനും അവലംബം കടമാണ്. വിദ്യാർഥിക്ക് പഠിക്കാൻ കടം. ചെറുപ്പക്കാരന് ചെത്തിനടക്കാൻ ഇരുചക്രവാഹനം വാങ്ങാൻ കടം. അധ്യാപകർക്കും ബാങ്ക് ജീവനക്കാർക്കും കാറ് സ്വന്തമാക്കാൻ കടം. വീട് മോടികൂട്ടാൻ കടം. കല്ല്യാണവും സൽക്കാരവും കേമമാക്കാനും കടം. കൃഷിയുടെയും കച്ചവടത്തിന്റെയും കാര്യം പറയുകയും വേണ്ട. എല്ലാറ്റിനും ബാങ്ക് ലോൺ. പലിശയധിഷ്ഠിത കടം.

നമ്മുടെ നാട്ടിൽ നടക്കുന്ന ആത്മഹത്യകളിൽ മഹാഭൂരിപക്ഷവും സാമ്പത്തിക കാരണങ്ങളാലാണ് സംഭവിക്കുന്നത്. അവയിലേറെയും കടക്കെണിയിൽ കുടുങ്ങിയും. വളരെ ലാഘവ ബുദ്ധിയോടെ കടം വാങ്ങുകയും കാലം കഴിയുന്നതോടെ പലിശ കാരണം കടം കൂടിവരികയും ചെയ്യുന്നു. അവസാനം കടം തിരിച്ചടക്കാനാകാതെ അപമാനം ഭയന്ന് കൊലക്കുരുക്കിലകപ്പെടുന്നു.

കടക്കെണിയിൽ കുടുങ്ങി ജീവനൊടുക്കുന്നവരിൽ മഹാഭൂരിപക്ഷവും സർക്കാർ ഉദ്യോഗസ്ഥരോ കർഷകരോ കച്ചവടക്കാരോ മറ്റ് ഇടത്തരക്കാരോ ആണ്. വളരെ അനിവാര്യമായ പ്രാഥമികാവശ്യങ്ങൾ പൂർത്തീകരിക്കാനാവാതെ പ്രയാസപ്പെട്ടല്ല പലരുമിന്ന് കടം വാങ്ങുന്നത്. പുതിയ ജീവിത രീതി സൃഷ്ടിച്ച പുത്തൻ ആവശ്യങ്ങളുടെ നിർവഹണത്തിനായി കടമെടുത്ത് തിരിച്ചടക്കാനാവാതെ വിഷമിക്കുന്നവരാണിന്ന് ഏറെപ്പേരും.

ഉപഭോഗ സംസ്കാരം ആർഭാടജീവിതത്തിനാവശ്യമായ ആഡംബര വസ്തുക്കൾ അനിവാര്യമാണെന്ന ധാരണ സൃഷ്ടിക്കുന്നു. അതിനാൽ ഏവരും അവ വാങ്ങാൻ വെമ്പൽ കാണിക്കുന്നു. കടം വാങ്ങിയും അവയൊക്കെ സ്വന്തമാക്കുന്നു. ഫലമോ സാമാന്യം ഭേദപ്പെട്ട വരുമാനമുള്ള ഇടത്തരക്കാർവരെ കടക്കെണിയിൽ കുടുങ്ങുന്നു.

ഓടിട്ട വീട്ടിൽ കഴിയുമ്പോൾ അത് പൊളിച്ച് പുതുക്കി പണിയാനും ഉള്ള വീട് മോടികൂട്ടാനും, ഒന്നോ ഒന്നരയോ കിലോമീറ്റർ നടക്കേണ്ടവർ അതൊഴിവാക്കാൻ വാഹനം വാങ്ങാനും ടെലിവിഷനും ഫ്രിഡ്ജും

- നാല് -

## കടക്കെണിയിൽ കുടുങ്ങുന്നവർ

എന്റെ പിതാവിന്റെ വിദ്യാഭ്യാസ യോഗ്യത നാലാം ക്ലാസാണ്. മാതാവ് നിരക്ഷരയായിരുന്നില്ലെങ്കിലും ഔപചാരികവിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. ഞങ്ങളുടെ ചന്തസ്ഥലം മഞ്ചേരിയാണ്. ചന്തദിവസം ബുധനാഴ്ചയും. പിതാവ് ചന്തക്ക് പുറപ്പെടുന്നതിന് മുമ്പ് എന്തൊക്കെ വാങ്ങിക്കൊണ്ടുവരണമെന്നു മാതാവിനോട് ചോദിക്കും. മല്ലി, മുളക്, ശർക്കര, ഉപ്പ് തുടങ്ങി അത്യാവശ്യ സാധനങ്ങളുടെ പേരുകൾ ഉമ്മ പറയും. ഉപ്പ ചന്തയിൽ പോയി അവയൊക്കെ വാങ്ങിവരും. ബ്രിട്ടീഷ് ഇന്ത്യയിലും സ്വതന്ത്രേന്ത്യയിലും ഈ പതിവിൽ മാറ്റമൊന്നുമുണ്ടായിരുന്നില്ല. അഥവാ, വീട്ടിൽ എന്തൊക്കെ വേണമെന്നും ഏതെല്ലാം വസ്തുക്കൾ വാങ്ങണമെന്നും തീരുമാനിച്ചിരുന്നത് പറയത്തക്ക ഔപചാരിക വിദ്യാഭ്യാസംപോലും ലഭിച്ചിട്ടില്ലാത്ത മാതാവും പിതാവുമായിരുന്നു.

എന്നാലിന്ന് സ്ഥിതിയാകെ മാറിയിരിക്കുന്നു. ഡോക്ടർമാരും എഞ്ചിനീയർമാരും പ്രൊഫസർമാരുമുൾപ്പെടെ എല്ലാവരുമിന്ന് കമ്പോളത്തിന്റെ അടിമകളാണ്. വീട്ടിൽ എന്തൊക്കെ വേണമെന്നും അങ്ങാടിയിൽനിന്ന് എന്തെല്ലാം വാങ്ങണമെന്നും തീരുമാനിക്കുന്നത് നമ്മളല്ല. വളരെ പ്രാഥമികമായ ഈ സ്വാതന്ത്ര്യം പോലും നമ്മിൽനിന്ന് കവർന്നെടുക്കപ്പെട്ടിരിക്കുന്നു. ഇന്ന് ആരെങ്കിലും ബേക്കറി കടകളിൽ പോകുന്നതിന് മുമ്പ് എന്തൊക്കെ വാങ്ങണമെന്ന് തീരുമാനിക്കാറുണ്ടോ? അവിടെ ചെല്ലുമ്പോൾ ഓരോ ഭരണിയിലും അടുക്കിവെച്ച മനോഹരമായ പലഹാരം നമ്മോടു വിളിച്ചു പറയുന്നു: "എന്നെ നോക്കൂ! എന്നെ വാങ്ങൂ." ഈ ക്ഷണം സ്വീകരിച്ച് ഓരോന്നും വാങ്ങിക്കൂട്ടുന്നു

വസ്ത്രക്കട, ആഭരണപ്പീടിക, ഫർണിച്ചർഷോപ്പ്, സൂപ്പർമാർക്കറ്റ്, ഹൈപർ മാർക്കറ്റ് എവിടെച്ചെന്നാലും ഇതുതന്നെയാണവസ്ഥ. നാം

മെഷീനും വാങ്ങാൻ വരെ കാർഷികാവശ്യം കാണിച്ചെടുത്ത കടം ഉപയോഗിക്കുന്നവർ വളരെയൊന്നും വിരളമല്ല.

**കടം കെടുതിതന്നെ**

കടം കടുത്ത കെടുതിക്ക് കാരണമായിത്തീരുന്നു. അത് ജീവിതത്തിന്റെ സൈ്വര്യം കെടുത്തുന്നു. ആത്മാഭിമാനം ക്ഷതപ്പെടുത്തുന്നു. മനസ്സിന്റെ സ്വാസ്ഥ്യം നശിപ്പിക്കുന്നു. എന്നിട്ടും ഏറെപ്പേരും കടത്തിന്റെ നേരെ ഗൗരവ പൂർണമായ സമീപനമല്ല സ്വീകരിക്കുന്നത്. വളരെ ലാഘവത്തോടെ ആവശ്യത്തിനും അനാവശ്യത്തിനും കടമെടുക്കുന്നു. പലിശ കൊടുത്ത് മുടിയുന്നു. കടക്കെണിയിൽനിന്ന് രക്ഷപ്പെടാനാകാതെ കുടുങ്ങുന്നു.

കടമെടുക്കുന്നതിനെ മതം പരമാവധി നിരുത്സാഹപ്പെടുത്തുന്നു. കടക്കാരനായി മരിക്കേണ്ടി വരികയെന്നത് അത്യന്തം നിർഭാഗ്യകരമാണെന്ന് അതോർമപ്പെടുത്തുന്നു. മരണമടഞ്ഞ വ്യക്തിയുടെ കടം ആരെങ്കിലും ഏറ്റെടുക്കാതെ പ്രവാചകൻ അയാൾക്ക് വേണ്ടിയുള്ള മരണാനന്തര പ്രാർത്ഥനയായ നമസ്കാരം നിർവഹിച്ചിരുന്നില്ല. ജീവിതാന്ത്യം വരെ കടബാധ്യതയുമായി കഴിഞ്ഞ് മരണശേഷം മറ്റുള്ളവർ അതേറ്റെടുക്കേണ്ടി വരുന്നത് ആശാസ്യമോ അഭിലഷണീയമോ അല്ല. അതിനാൽ അത്യാവശ്യം, ആവശ്യം, അനാവശ്യം എന്നിങ്ങനെ കാര്യങ്ങളെ മൂന്നായി ഭാഗിച്ച് അത്യാവശ്യങ്ങൾക്ക് അനിവാര്യമായ സാഹചര്യങ്ങളിൽ മാത്രമേ കടം വാങ്ങാവൂ. എങ്കിൽ ഇന്നത്തെപ്പോലെ എല്ലാവരും കടക്കാരാവുന്ന അവസ്ഥ അവസാനിക്കും. കടക്കെണിയിൽ കുടുങ്ങി സ്വാസ്ഥ്യം നഷ്ടപ്പെട്ട് ദുരിതം പേറുന്ന നിലവിലുള്ള സാമൂഹ്യ സാഹചര്യത്തിൽ സാരമായ മാറ്റം സംഭവിക്കും. ആത്മഹത്യാ നിരക്ക് ഗണ്യമായി കുറയുകയും ചെയ്യും.

വാഷിംഗ്മെഷീനും മറ്റും സ്വന്തമാക്കാനും കല്ല്യാണം കേമമായി നടത്താനുമെല്ലാം കടം വാങ്ങിക്കൂട്ടുന്നു. വളരെ മൗലികവും അനിവാര്യവുമായ ആവശ്യങ്ങൾക്കല്ല പലരുമിന്ന് കടക്കാരനാവുന്നതെന്നർത്ഥം.

**പണക്കാരനും കടക്കാരൻ**

കേരളത്തിലെ കുടുംബനാഥന്മാരിൽ കടമൊട്ടുമില്ലാത്തവർ വളരെ വിരളമായിരിക്കും. കടത്തിൽനിന്ന് മോചനം നേടാൻ ആരെയും അനുവദിക്കാത്ത സാമൂഹിക ഘടനയും സാമ്പത്തിക വ്യവസ്ഥയുമാണിന്നുള്ളത്. നാടുതന്നെ കോടികളുടെ കടക്കെണിയിലാണല്ലോ, അതിനാൽ പ്രസവിച്ചു വീഴുന്ന പിഞ്ചുപൈതൽപോലും ആയിരക്കണക്കിന് രൂപയുടെ കടക്കാരനാണ്.

രാജ്യം ഭരിക്കുന്ന സർക്കാർ നിശ്ചയിച്ച, ഒരിക്കലും പാലിക്കാനാവാത്ത നികുതിനിയമങ്ങളും വ്യവസ്ഥകളും കാരണം കൊച്ചു കൊച്ചു കാര്യങ്ങൾ ചെയ്യുന്നവർ പോലും ബാങ്കുകളെ സമീപിച്ച് കടം വാങ്ങാൻ നിർബന്ധിതരാകുന്നു. വീടുവെക്കാൻ പത്ത് സെന്റ് സ്ഥലം വാങ്ങുകയോ ചെറുകിട വ്യവസായ സംരംഭങ്ങളിലേർപ്പെടുകയോ വ്യാപാരമാരംഭിക്കുകയോ വാഹനം വാങ്ങുകയോ ആണെങ്കിൽ പോലും വരുമാനത്തിന്റെ സ്രോതസ്സ് കാണിക്കണം. ഭരണകൂടം നിശ്ചയിച്ച വരുമാന നികുതി ഒടുക്കി കണക്കിൽ കാണിക്കാവുന്ന പണം ആരുടെയും വശമുണ്ടാവില്ല. അതിനാൽ പണം മുടക്കി ഏതു സംരംഭത്തിലേർപ്പെടുമ്പോഴും നിയമക്കുരുക്കിൽനിന്ന് രക്ഷപ്പെടാൻ ബാങ്കിൽനിന്ന് കടമെടുക്കേണ്ടി വരുന്നു. തന്മൂലം മൂലധനം കൈവശമുള്ളവരും വ്യാപാര-വ്യവസായ സംരംഭങ്ങളിലേർപ്പെടുമ്പോൾ കടം വാങ്ങുന്നു. കടം വാങ്ങിക്കഴിഞ്ഞാൽ പിന്നെ സാവകാശം വീട്ടാമെന്ന് ഏതാണ്ടെല്ലാവരും തീരുമാനിക്കുന്നു. ഫലമോ പലിശ കാരണം കടം കൂടിക്കൊണ്ടേയിരിക്കുന്നു. അങ്ങനെ പണക്കാരൻ പോലും കടക്കാരനാകുന്നു.

ഭരണകൂടം കടം നിരുത്സാഹപ്പെടുത്തുകയല്ല: പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. കൊച്ചു കൊച്ചു കാർഷികാവശ്യങ്ങൾക്കും വ്യവസായ സംരംഭങ്ങൾക്കും സർക്കാറിൽനിന്ന് എന്തെങ്കിലും ആനുകൂല്യം ലഭിക്കണമെങ്കിൽ ബാങ്കിൽനിന്ന് കടമെടുക്കണം. ബാങ്കുകളും കടമെടുക്കാൻ നിരന്തരം പ്രേരിപ്പിക്കുന്നു. കടം അടച്ചു തീർക്കാനല്ല; അടച്ചു പുതുക്കാനാണ് ബാങ്കുകൾ ഇടപാടുകാരോട് സദാ ആവശ്യപ്പെടാറുള്ളത്. ബാങ്കുകൾക്ക് വേണ്ടത് പലിശയാണല്ലോ.

വയനാട്ടിൽ കടക്കെണിയിൽ കുടുങ്ങി ജീവനൊടുക്കുന്നവരിൽ ഭൂരിപക്ഷവും കൃഷിയുടെ പേരിൽ കടമെടുത്ത് മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നവരാണ്. മദ്യപാനം തൊട്ട് ഫ്രിഡ്ജും വാഷിംഗ്

കുടുംബിനി കിട്ടുന്ന സമയമൊക്കെ ടെലിവിഷന്റെ മുമ്പിൽ കഴിച്ചു കൂട്ടുന്നു. തനിക്കിഷ്ടപ്പെട്ടത് കണ്ടും കേട്ടുമിരിക്കുമ്പോൾ അരികിലിരുന്ന് കരയുന്ന കുട്ടിയോടുപോലും വെറുപ്പാണ്. അതൊരു ശല്യമായി കരുതി ശപിച്ചു കൊണ്ടായിരിക്കും കരച്ചിൽ മാറ്റാൻ ശ്രമിക്കുക. മനസ്സിൽ സദാ തിരക്കും തിടുക്കവു മായതിനാൽ കർമങ്ങളൊക്കെ തീർത്തും യാന്ത്രിക മായി മാറുന്നു. നിർവികാരവും. ടെലിവിഷൻ കണ്ടുകൊണ്ടിരിക്കുന്ന മാതാവ് കുഞ്ഞിനെ മുലയൂട്ടുന്നത് എത്രമാത്രം വികാരരഹിതമായായി രിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. തന്നിൽ താൽപര്യമുണർത്തിയ സീരിയലിന് ഭംഗം വരുത്തുംവിധം ഭർത്താവ് കടന്നുവരുന്നതുപോലും ഭാര്യക്ക് സ്വൈര്യക്കേടായാണ് അനുഭവപ്പെടുക. തിരിച്ചും അവ്വിധം തന്നെ. സ്ക്രീനിൽ കണ്ണുനട്ടിരിക്കുന്ന പ്രിയതമന്റെ ചാരത്ത് ചേർന്നു നിൽക്കുന്ന സഹധർമിണി തീരെ ശ്രദ്ധിക്കപ്പെടാതെ പോകുന്നു. തിരക്കു പിടിച്ച ജീവിതം എല്ലാവരെയും ഒറ്റപ്പെടുത്തിയിരിക്കുന്നു. ഭാര്യക്ക് ഭർത്താവിനെ ശ്രദ്ധിക്കാനോ അയാൾ പറയുന്നത് കേൾക്കാനോ നേരമില്ല. ഭർത്താവിന്റെ സ്ഥിതിയും അതുതന്നെ. കുട്ടികൾക്ക് മാതാപിതാക്കളോടോ പരസ്പരമോ സംസാരിക്കാൻ സമയമില്ലാത്ത വിധം പഠനഭാരം അവരെ പൊറുതിമുട്ടിക്കു ന്നു. ഇതിന്റെയൊക്കെ ഫലമായി വീടുകളിൽ സദാ മൗനം തളംകെട്ടി നിൽക്കുന്നു. ഓരോരുത്തരും തങ്ങളുടെ വികാരങ്ങൾ ഉള്ളിലൊതുക്കി കഴിയുന്നു. മനസ്സിന്റെ ഭാരം ലഘൂകരിക്കാൻ കഴിയുമാറ് അതിന്റെ വികാ രങ്ങൾ പങ്കുവെക്കാൻ കഴിയാത്ത അവസ്ഥ അസഹ്യം തന്നെ.

ഇന്ന് എല്ലാവർക്കും ധാരാളം കൂട്ടുകാരും കുടുംബാംഗങ്ങളുമുണ്ട്. പഴയകാലത്ത് ഒരാൾക്കുണ്ടായിരുന്നതിനെക്കാ ൾ സുഹൃത്തുക്കളും ബന്ധുക്കളും ഏറെ പേർക്കുമുണ്ട്. എന്നിട്ടും ഏകാന്തതയുടെ വ്യഥ അനു ഭവിക്കുന്നവരാണ് പലരും. താൻ ഒറ്റക്കാണെന്ന തോന്നൽ അവരെ തളർത്തുന്നു; തകർക്കുന്നു. ആൾത്തിരക്കിലനുഭവപ്പെടുന്ന ഏകാന്തത ഏറെദുസ്സഹവും ദുരന്ത പൂർണവുമത്രെ. സുഹൃദ്വലയം വളരുകയും പരിചിതവൃത്തം വികസിക്കുകയും ചെയ്തിട്ടും മനുഷ്യനിന്ന് തന്റെ വികാ രങ്ങൾ പങ്കിടാനും വേദനകളറിയിക്കാനും ആരെയും കിട്ടുന്നില്ലെന്നതാണ് കഷ്ടം. സമകാലീന സമൂഹത്തെ കത്തുകൾ കുന്നുകൂടിക്കിടക്കുന്ന തപാൽപെട്ടിയോടുപമിക്കാം. അതിലെ ഓരോ കത്തും പലവിധ വികാര ങ്ങളുൾക്കൊള്ളുന്നു. ഓരോ കത്തും മറ്റുള്ളവയോട് തൊട്ടുരുമ്മിയാണു ള്ളത്. എന്നിട്ടും ഒരുകത്തും മറ്റൊന്നുമായി അതിന്റെ വികാരം പങ്കുവെ ക്കുന്നില്ല. ഇതു തന്നെയാണല്ലോ നമ്മുടെ സമൂഹത്തിന്റെ സ്ഥിതിയും.

അകം അശാന്തമാകുന്ന ആകുല ചിന്തകൾക്ക് അൽപമെങ്കിലും അറുതി ലഭിക്കുക അവ ആരുടെയെങ്കിലും മുമ്പിലവതരിപ്പിക്കുമ്പോഴാ ണല്ലോ. മനസ്സിനെ മഥിക്കുന്ന മുഴുവൻ വ്യഥകളും ഉള്ളിലൊതുക്കി കഴി

- അഞ്ച് -

## ആൾക്കൂട്ടത്തിലെ ഏകാന്തത

വൈകുന്നേരം ഓഫീസിൽ ജോലിയിൽ വ്യാപൃതനായിരിക്കെ മലപ്പുറത്തുനിന്ന് ഒരു സഹോദരി ടെലഫോണിൽ വിളിച്ചു. മുക്കാൽ മണിക്കൂറോളം സംസാരിച്ചു. ഇടയ്ക്ക്, പലപ്പോഴും സംസാരം നിർത്താൻ ശ്രമിച്ചെങ്കിലും നിർബന്ധപൂർവം തുടരുകയായിരുന്നു. വിദേശത്തുള്ള ഭർത്താവിൽനിന്നും നാട്ടിലുള്ള ഭർതൃമാതാവിൽനിന്നും സഹോദരിമാരിൽ നിന്നും അനുഭവിക്കുന്ന അവഗണനയെയും പീഡനങ്ങളെയും കുറിച്ചായിരുന്നു പറഞ്ഞുകൊണ്ടിരുന്നത്. അവർക്ക് മാതാപിതാക്കളും സഹോദരന്മാരുമുണ്ട്. അവരോട് ഇതൊക്കെ പറയാറുണ്ടോ എന്ന് ചോദിച്ചപ്പോൾ 'അവർക്ക് എന്റെ പ്രയാസവും പരാതിയും കേൾക്കാനെവിടെ സമയം?' എന്നായിരുന്നു പ്രതികരണം. ഫോൺ താഴെ വെക്കുംമുമ്പെ ആ സഹോദരി പറഞ്ഞു: 'ഇപ്പോൾ സമാധാനമായി. വല്ലാത്ത ആശ്വാസം തോന്നുന്നു. എന്റെ വിഷമം ഒരാളോടെങ്കിലും പറയാൻ കഴിഞ്ഞല്ലോ.'

ഇത്തരം അനുഭവങ്ങൾ ഇന്ന് അസാധാരണമോ അപൂർവമോ അല്ല. സ്വന്തം പ്രയാസങ്ങൾ ആരോടെങ്കിലും ഉള്ളുതുറന്ന് പറയാൻപോലും അവസരം ലഭിക്കാത്തവരാണ് ഏറെ പേരും.

### തീരാത്ത തിരക്ക്

യന്ത്ര സംസ്കാരത്തിന്റെ സ്വാധീനമില്ലാത്ത കുഗ്രാമങ്ങൾപോലും കേരളത്തിലില്ല. കുടിലുകളിൽ പോലും വെള്ളം ടാപ്പിൽ കിട്ടുന്നു. മസാല കടയിൽനിന്ന്. അരവ് മിക്സി നിർവഹിക്കുന്നു. അലക്ക് യന്ത്രവും. പല കുടുംബങ്ങളിലും മെയ്യും കയ്യുമനങ്ങാതെ കാര്യം നിർവ്വഹിക്കാവുന്ന അവസ്ഥയാണ്. എന്നിട്ടും ആർക്കും സമയമില്ല. എല്ലാവരും തിരക്കിലാണ്. വീട്ടമ്മക്കുപോലും സ്വന്തം മക്കളോടു സംസാരിക്കാൻ സമയമില്ല. അവരെ ശ്രദ്ധിക്കാൻ അവസരമില്ല. എപ്പോഴും ധൃതിയാണ്.

മെന്ന് കെ.പി. അപ്പനും രാജലക്ഷ്മിയുടേത് 'ചരിത്ര ദൗത്യമാകുന്ന ആത്മഹത്യ'യെന്ന് ഡി. വിനയചന്ദ്രനും വിശേഷിപ്പിച്ചിട്ടുണ്ട്. പിന്തിരിഞ്ഞോടുന്നവരുടെ അധീരതയെ വാഴ്ത്തിപ്പാടുന്നതിലൂടെ പ്രതിലോമകരമായ ആശയങ്ങളാണ് എഴുത്തുകാർ പ്രചരിപ്പിച്ചത്. ഇടപ്പള്ളിയുടേതായാലും രാജലക്ഷ്മിയുടേതായാലും ആത്മഹത്യകൾ ആത്മബലമില്ലാത്തവരുടെ തോറ്റോടലുകൾ മാത്രമാണെന്ന സത്യത്തെ മറച്ചുവെച്ചുകൊണ്ട് 'സ്വന്തം പീഡനാനുഭവങ്ങളിൽനിന്നുള്ള സൗന്ദര്യം സൃഷ്ടിക്ക'ലെന്നും മറ്റുമുള്ള പാരായണങ്ങൾ അയഥാർത്ഥാനുഭവങ്ങളിൽ അഭിരമിക്കുന്ന അരാഷ്ട്രീയ സ്വഭാവത്തിന്റെ നിദർശനങ്ങളാണ്. ജീവിതത്തിലെ പ്രതിസന്ധികളോട് ഏറ്റുമുട്ടാനുള്ള കെൽപില്ലായ്മകളെ 'സ്ഫോടനാത്മകമായ സാംസ്കാരിക സമസ്യ'കളെന്ന് തെറ്റായി ധരിപ്പിക്കുകയാണിവർ ചെയ്തത്. പൊതുധാരണകളുടെ നിയമസംഹിതകളിൽ ഒരു കവിയുടെ ആത്മഹത്യയുടെ കാരണങ്ങൾ അന്വേഷിക്കരുതെന്ന് ഇടപ്പള്ളിയുടെ ആത്മഹത്യയെക്കുറിച്ച് കെ.പി. അപ്പൻ പറയുന്നുണ്ട്. അതിഭൗതികമായ കുറ്റകൃത്യമായാണ് കാമു ആത്മഹത്യയെ കാണുന്നത്. ആത്മഹത്യ ചെയ്ത സുഹൃത്തുക്കളെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ ഭാഷാലാവണ്യവും കൃത്രിമാർദ്രതയും നിറച്ച് ശവത്തിൽ ചവിട്ടിച്ചെയ്യുന്ന നൃത്തങ്ങളായാണ് പലപ്പോഴും അനുഭവപ്പെടുന്നത്.

"ആത്മഹത്യകൾ കാൽപനികമാക്കപ്പെടുമ്പോൾ ഭീരുത്വം വിഗ്രഹവത്കരിക്കപ്പെടുകയാണ് ചെയ്യുന്നത്. ജർമ്മൻ നോവലിസ്റ്റായ ഗെഥെയുടെ 'ദി സോറോസ് ഓഫ് യങ് വെർതർ' എന്ന പുസ്തകം പ്രണയം തകർന്ന ഒരു യുവാവിന്റെ ആത്മഹത്യയെ ആസ്പദമാക്കിയുള്ളതായിരുന്നു. യൂറോപ്പിലുഴുവൻ കാൽപനിക ആത്മഹത്യകൾ പെരുകാൻ ഈ പുസ്തകവും ഇടയാക്കി. ജീവനൊടുക്കിയവരുടെ മൃതദേഹങ്ങൾക്കൊപ്പം ആ നോവലിന്റെ പതിപ്പുകളും കണ്ടെത്തിയിരുന്നുവത്രെ. ശത്രുക്കൾ കീഴടക്കുമെന്നു വന്ന ഘട്ടത്തിൽ ആത്മഹത്യ ചെയ്ത വേലുത്തമ്പിദളവയുടെയും പഴശ്ശിരാജയുടെയും പരാജയഭീതിയെ ദേശാഭിമാനമായി വാഴ്ത്തിപ്പാടിയ ചരിത്രകാരന്മാരും അതേ തെറ്റുകൾ ആവർത്തിക്കുകയായിരുന്നു. മറ്റുള്ളവരെക്കുറിച്ച് ഓർക്കുന്നതിനുമുമ്പ് അവനവനെക്കുറിച്ചോർക്കുകയെന്ന ആത്മഹത്യയുടെ പൊതുനിയമം ഈ ധീരദേശാഭിമാനികളും മറന്നില്ല. സ്വന്തം വിധിയോട് രാജിയായിക്കൊണ്ടുള്ള ശാന്തതകളല്ല, കലഹിച്ചുകൊണ്ടുള്ള അശാന്തതയാണ് അംഗീകരിക്കപ്പെടേണ്ടതും പിന്തുടരേണ്ടതും. നിവർന്നുനിന്ന് നെഞ്ചിൽ ഏറ്റുവാങ്ങേണ്ട വെടിയുണ്ടകളെ പൃഷ്ഠത്തിലേറ്റുവാങ്ങുന്നത് ഭീരുത്വവും നാണംകെട്ട തോൽവിയുമാണ്."
(മാതൃഭൂമി ആഴ്ചപ്പതിപ്പ്. 2006 നവംബർ 19)

മാർഗ്ഗം ഏതാണ്, ഇതുപോലുള്ള കാര്യങ്ങൾ ഗ്രന്ഥം വിശദമായി വിവരിക്കുന്നു. അഞ്ച് അധ്യായങ്ങൾ ഡോക്ടർമാർക്കും നേഴ്സുമാർക്കുമുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ്. ആത്മഹത്യ ചെയ്യാനാഗ്രഹിക്കുന്നവർക്ക് ഡോക്ടർമാരുടെ സഹായം ലഭിക്കുന്നില്ലെങ്കിൽ 'ഫൈനൽ എക്സിറ്റ്' അവർക്ക് ഉത്തമ മാർഗ്ഗദർശിയാണെന്ന് ഗ്രന്ഥകർത്താവ് അവകാശപ്പെടുന്നു.

**കേരളത്തിലും**

അടുത്തകാലം വരെയും കേരളീയർ ആത്മഹത്യയെ പാപവും ഹീനവുമായാണ് വീക്ഷിച്ചിരുന്നത്. എന്നാലിന്ന് പൊതുസമൂഹത്തിന്റെ സമീപനത്തിൽ ഗണ്യമായ മാറ്റം വന്നിരിക്കുന്നു. മാധ്യമങ്ങൾ ആത്മഹത്യയെ മഹത്വവത്കരിക്കാൻ തുടങ്ങിയതാണിതിനു കാരണം. കൊച്ചുകുട്ടികളുൾപ്പെടെ കുടുംബാംഗങ്ങളെ മുഴുവൻ ക്രൂരമായി കൊലപ്പെടുത്തി സ്വയം ജീവനൊടുക്കുന്നതിനെ ആദർശവത്കരിക്കാനും മഹത്കൃത്യമായി വാഴ്ത്താനും മാധ്യമങ്ങൾ പരസ്പരം മത്സരിക്കുന്ന അത്യന്തം അപകടകരവും അപഹാസ്യവുമായ അവസ്ഥയാണിന്ന് ഇവിടെ നിലനിൽക്കുന്നത്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും അച്ചടി മാധ്യമങ്ങളും ആത്മഹത്യകൾ ആഘോഷിക്കുകയാണ്. ഇത് കൊച്ചുകുട്ടികളിൽപോലും ആത്മഹത്യാപ്രവണതകൾ ഗണ്യമായി വർധിക്കാൻ കാരണമായിട്ടുണ്ട്. പരീക്ഷയിൽ തോറ്റതിനും മാർക്ക് കുറഞ്ഞതിനും ടെലിവിഷൻ കാണാൻ അനുവദിക്കാത്തതിനുമൊക്കെ മൂന്നിലും നാലിലും പഠിക്കുന്ന കുട്ടികൾ ജീവനൊടുക്കുന്നത് നാലഞ്ചു കൊല്ലംമുമ്പ് സങ്കൽപാതീതമായിരുന്നു. എന്നാലിന്നത് നമ്മുടെ നാട്ടിലും യാഥാർത്ഥ്യമായിത്തീർന്നിട്ടുണ്ട്. പത്രങ്ങളും ചാനലുകളും ആത്മഹത്യാവാർത്തകൾക്ക് നൽകുന്ന വമ്പിച്ച പ്രചാരണമാണിതിനൊരു കാരണം.

സാഹിത്യകാരന്മാർ, കലാകാരന്മാർ, സിനിമാ നടീനടന്മാർ പോലുള്ള പ്രമുഖ വ്യക്തികൾ ആത്മഹത്യ ചെയ്യുമ്പോൾ മാധ്യമങ്ങൾ സ്വീകരിക്കുന്ന സമീപനങ്ങളും ആത്മഹത്യകളുടെ വർധനവിൽ സാരമായ പങ്കുവഹിക്കുന്നു. ജീവിതത്തെ ധീരമായി നേരിടാൻ കെൽപും കരുത്തുമില്ലാത്ത അൽപന്മാരും പേടിത്തൊണ്ടന്മാരുമാണ് ആത്മഹത്യയിലഭയം തേടുക. എന്നിട്ടും അതിനെ ധീരകൃത്യമായും മഹത്സംഭവവുമായി ചിത്രീകരിക്കുന്ന സമീപനമാണിന്ന് സ്വീകരിക്കപ്പെടുന്നത്.

എസ്. ശാരദക്കുട്ടിയുടെ നിരീക്ഷണം ഏറെ പ്രസക്തമത്രെ. "ആത്മഹത്യയെ കാൽപനികവത്കരിച്ചും മഹത്വപ്പെടുത്തിയും കൊണ്ടാടിയ നമ്മുടെ എഴുത്തുകാരും ഒരളവുവരെ ഈ സാമൂഹിക വിപത്തിന് ഉത്തരവാദികളാണ്. ഇടപ്പള്ളിയുടെ ആത്മഹത്യയെ 'മരണത്തിന്റെ സൗന്ദര്യ'

- ആറ് -

## മാധ്യമങ്ങളുടെ പങ്ക്

ആത്മഹത്യയെ നിന്ദ്യവും നീചവുമായാണ് സമൂഹം വീക്ഷിച്ചിരുന്നത്. ദൈവത്തോടെന്നപോലെ സമൂഹത്തോടുമുള്ള കുറ്റമായി കാണുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ ആത്മഹത്യയിലൂടെ മരണം സംഭവിച്ചാലും ഇല്ലെങ്കിലും അത് ശിക്ഷാർഹമായി കരുതപ്പെട്ടിരുന്നു. 1670-ൽ ഫ്രാൻസിൽ നിലവിലുണ്ടായിരുന്ന നിയമമനുസരിച്ച് ആത്മഹത്യ ചെയ്ത വ്യക്തിയുടെ സ്വത്ത് സർക്കാർ കണ്ടുകെട്ടിയിരുന്നു. ആത്മഹത്യ ചെയ്തയാളുടെ മൃതശരീരം മുഖം നിലത്തമർത്തി നിരത്തിലൂടെ വലിച്ചിഴക്കുന്ന സമ്പ്രദായവും നിലനിന്നിരുന്നു. ശവം തലകീഴായി പൊതുസ്ഥലത്ത് കെട്ടിത്തൂക്കി പ്രദർശനത്തിനുവെക്കുന്ന രീതിയും സാധാരണമായിരുന്നു.

ആത്മഹത്യാശ്രമവും ആത്മഹത്യാപ്രേരണയും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ' 306-309 വകുപ്പുകളനുസരിച്ച് ശിക്ഷാർഹമാണ്. എന്നാൽ പല പടിഞ്ഞാറൻ നാടുകളിലുമിന്ന് ആത്മഹത്യ കുറ്റകൃത്യമല്ല. മതാനുഷ്ഠാനമെന്ന നിലയിൽപോലും അമേരിക്കയിലും ജപ്പാനിലും കൂട്ട ആത്മഹത്യകൾ പോലും നടക്കുകയുണ്ടായി.

പാശ്ചാത്യ നാടുകളിൽ ആത്മഹത്യകൾ മഹത്വവത്കരിക്കാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകളായി. എങ്ങനെ ആത്മഹത്യ ചെയ്യാമെന്ന് വിശദമായി വിവരിക്കുന്ന പുസ്തകം ഏതാനും കൊല്ലം മുമ്പ് അമേരിക്കയിലെ ബെസ്റ്റ് സെല്ലറായിരുന്നു.

ആത്മഹത്യക്ക് ഒരുങ്ങുന്നയാൾക്ക് അവലംബിക്കാവുന്ന ഒട്ടേറെ മാർഗ്ഗനിർദ്ദേശങ്ങൾ ഹംഫ്രിയുടെ പുസ്തകത്തിലുണ്ട്. വിവിധ വിഷഗുളികകളുടെ ഗുണദോഷങ്ങൾ, ആത്മഹത്യക്ക് എങ്ങനെയൊക്കെ സഹായം നൽകാം, ഏറ്റവും ഫലപ്രദവും വേദനാരഹിതവുമായ ആത്മഹത്യാ

ണ്ടെങ്കിൽ മാതാവിനുപോലും കൂടുതൽ മമത മുഖകാന്തിയുള്ളവളോടാ യിരിക്കും. അനിഷ്ടം കൂടുതൽ അനുകമ്പ അർഹിക്കുന്ന വിരൂപയോടും.

കൂട്ടിക്കിഴിച്ച് വരവു-ചെലവുകളും ലാഭ-ചേതങ്ങളും നോക്കിയാണ് കാര്യങ്ങളൊക്കെയും തീരുമാനിക്കുന്നത്. അതിനാൽ എങ്ങും ആധിപത്യം അക്കങ്ങൾക്കാണ്. പാടത്തും പറമ്പിലും പണിയെടുക്കാനാവാത്ത പ്രായാ ധിക്യമുള്ള മാതാപിതാക്കൾ പ്രയോജനമില്ലാത്ത പാഴ്‌വസ്തുക്കളായി പരി ഗണിച്ച് അവഗണിക്കപ്പെടുന്നു. ഭാര്യയോടും മക്കളോടുമുള്ള സമീപന ത്തിന്റെ മാനദണ്ഡവും പണം തന്നെ.

മുമ്പൊക്കെ സ്വാർത്ഥികളെ പരിചയപ്പെടുത്താൻ 'ഞാനും എന്റെ ഭർത്താവും ഒരു തട്ടാനു'മെന്നാണ് പറഞ്ഞിരുന്നത്. എന്നാലിന്ന് ഭർത്താവും തട്ടാനും വെട്ടിമാറ്റപ്പെട്ടിരിക്കുന്നു. 'ഞാൻ' കേന്ദ്രീകൃതമായ ജീവിത വീക്ഷണമാണ് ഏറെ പേരെയും നയിക്കുന്നത്. 'അവനവനിസം' മറ്റെല്ലാ ഇസങ്ങളെയും തോൽപിച്ചിരിക്കുന്നു. ഓരോരുത്തരും ഒറ്റപ്പെട്ടവ രായി മാറാനുള്ള കാരണവും ഇതുതന്നെ. ആൾത്തിരക്കിലും ഓരോരു ത്തനുമിവിടെ തനിച്ചാണല്ലോ.

അതിനാൽ ആത്മഹത്യയിലേക്ക് നയിക്കുന്ന 'ആൾക്കൂട്ടത്തിലെ ഏകാ ന്തത'ക്കും അതിന്റെ അനിവാര്യതയായ മനോവ്യഥക്കും അറുതിവരണ മെങ്കിൽ മനുഷ്യബന്ധങ്ങളുടെ മാനദണ്ഡം മാറുക തന്നെ വേണം. മതമ നുശാസിക്കുന്ന ഭദ്രമായ കുടുംബഘടനയും സ്നേഹത്തിലും കാരുണ്യ ത്തിലും സൗമനസ്യത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ സാമൂഹ്യബന്ധങ്ങളും രൂപപ്പെടണം.

മറുപടി പറഞ്ഞു. അങ്ങനെ ഭാര്യയും കുട്ടികളും കുടുംബവും മാരുതിയിലും മയ്യിത്ത് വാടക വണ്ടിയിലുമായിരിക്കെ കബീറിന്റെ ആത്മഗതം കുറിച്ചിടുന്നു: "എനിക്ക് എന്റെ പ്രിയപ്പെട്ടവളുടെയും കുട്ടികളുടെയും ഇടയിൽ കിടക്കാനായിരുന്നു മോഹം. എന്നാലും അവൾ ബുദ്ധിമതിയാണ്. ജീവിക്കാൻ പഠിച്ചവളാണ്. കാലത്തിനൊത്ത് നീങ്ങാൻ അവൾക്കറിയാമല്ലോ."

വണ്ടി കോഴിക്കോട്ടെ കല്ലായി പാലത്തിനടുത്തെത്തിയപ്പോൾ ഡ്രൈവർ ഖാസിം വീണ്ടും ചോദിച്ചു: 'ഇത്താ, നീയും കുട്ടികളുമല്ലേ പുതിയ വീട്ടിൽ താമസിക്കുന്നത്? ഈ മയ്യിത്ത് അവിടെ കയറ്റിയിറക്കുന്നത് ഒരു ദുശ്ശകുനമല്ലേ? അതിനാൽ മയ്യിത്ത് നമുക്ക് തറവാട്ടിലേക്ക് കൊണ്ടുപോകുന്നതല്ലേ നല്ലത്?

കബീറിന്റെ പിതാവ് ഖാസിമിനെ തടസ്സപ്പെടുത്താൻ ശ്രമിച്ചെങ്കിലും അയാൾ വിട്ടുകൊടുത്തില്ല. ഖാസിം പറഞ്ഞു: "എനിക്കും നിങ്ങൾക്കുമൊക്കെ അതു പറയാം. രണ്ടുമൂന്നു ദിവസം കഴിഞ്ഞാൽ ഞാനും നിങ്ങളുമൊക്കെ പിരിഞ്ഞുപോകും. പിന്നെ ഇത്തയും കുട്ടികളുമാണ് അവിടെ താമസിക്കേണ്ടത്. അതിനാൽ ഇത്ത തന്നെ പറയട്ടെ."

"ഏതായാലും മയ്യിത്ത് നമുക്കു തറവാട്ടിലേക്കു കൊണ്ടുപോകാം" കബീറിന്റെ ഭാര്യ പറഞ്ഞു. കമ്പോള സംസ്കാരത്തിന്റെ കടന്നുകയറ്റത്തിൽ ഭോഗാസക്തിക്ക് അടിപ്പെട്ട് സ്വാർത്ഥമൂർത്തിയായി മാറിയ ശരാശരി കേരളീയനെയാണ് കൊച്ചുബാബ ഇവിടെ വരച്ചുവെച്ചിരിക്കുന്നത്.

നമ്മുടേത് ഒരു പണാധിപത്യ സമൂഹമാണ്. ധനമാണിവിടെ ദേവത പണമാണ് പൂജാവസ്തു. നമ്മുടെ ഭാഷയിലും സംസ്കാരത്തിലും കോടിയുടെ ഉടമ കോടീശ്വരനാണല്ലോ. സാധാരണഗതിയിൽ നമ്മുടെ കുടുംബിനികൾ 'പെണ്ണാ'ണെങ്കിൽ നല്ല പ്രേമമുള്ളപ്പോൾ 'പൊന്നാ'യി മാറുന്നു. പെണ്ണിനെക്കാൾപ്രിയം പൊന്നുതന്നെ. മക്കൾ ഏറ്റവും ഇഷ്ടപ്പെട്ടവരാകുമ്പോൾ 'പൊന്നുമോനും' 'പൊന്നുമോളും' ആയിത്തീരുന്നു.

ഭോഗാസക്തിയിലധിഷ്ഠിതമായ ഭൗതിക സംസ്കാരം മനുഷ്യബന്ധങ്ങളെപ്പോലും കച്ചവടവൽക്കരിച്ചിരിക്കുന്നു. കാര്യങ്ങളൊക്കെയുമിന്ന് കാണുന്നത് കച്ചവടക്കണ്ണോടെയാണ്. ഒരേ കുടുംബത്തിൽ അഴിമതിയിലൂടെ പണക്കാരനായിത്തീർന്ന ഉദ്യോഗസ്ഥനും സത്യസന്ധനും ദരിദ്രനുമായ കൂലിപ്പണിക്കാരനുമുണ്ടെങ്കിൽ മാതാപിതാക്കൾക്കുപോലും ഏറെ പ്രിയവും അടുപ്പവും ആരോടായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. വിവാഹക്കമ്പോളത്തിൽ വേഗം വരനെ കിട്ടുന്ന ശരീര സൗന്ദര്യമുള്ള മകളും കാഴ്ചക്കാരിൽ കൗതുകമുണർത്താത്ത കോലംകെട്ട കുട്ടിയുമു

യേണ്ടി വരുന്നവർ മനംനൊന്ത് നീറിനീറി നശിക്കുന്നു. അതോടൊപ്പം പ്രയാസങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കുമ്പോൾ മനസ്സിന്റെ സമ്മർദ്ദം കുറയുന്നു. അവരുടെ ആശ്വാസ വചനങ്ങൾ കേൾക്കുക കൂടി ചെയ്യുന്നതോടെ കരളിന് കുളിർമ ലഭിക്കുന്നു.

ഇന്ന് ഏവരും പുത്തൻ നാഗരികത സൃഷ്ടിച്ച പുതിയ പുതിയ ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള പരക്കംപാച്ചിലിലാണ്. അതോടൊപ്പം പലരും പരമാവധി ഉൾവലിയാനും തങ്ങളിലേക്കു തന്നെ ചുരുങ്ങിക്കൂടാനും ശ്രമിക്കുന്നു. അങ്ങനെ സ്വയം തീർത്ത തടവറകളിൽ വീർപ്പു മുട്ടിക്കുന്ന വ്യഥകളും വ്യാകുല ചിന്തകളുമായി കഴിയുന്നു. അധികപേരും ഇന്നനുഭവിക്കുന്ന അതിരുകളില്ലാത്ത അന്തസ്സംഘർഷങ്ങൾക്കു കാരണം ഉള്ളുതുറന്ന് സംസാരിക്കാൻ അവസരം ലഭിക്കാത്തതത്രെ. ചിലരെയെങ്കിലും ആത്മഹത്യയിലേക്ക് തള്ളിവിടുന്നതും അതുതന്നെ.

**'ഞാനിസം'**

ടി.വി. കൊച്ചു ബാവയുടെ 'തീന്മേശയിലേക്ക് നിലവിളികളോടെ' എന്ന കൃതിയിൽ ശ്രദ്ധേയമായ ഒരു കഥയുണ്ട്. അതിലെ പ്രധാന കഥാപാത്രം കബീറാണ്. ആറേഴുകൊല്ലം ഗൾഫിൽ ജോലി ചെയ്തു കിട്ടിയ ലക്ഷങ്ങൾ അയാൾ വീട്ടുകാർക്ക് അയച്ചുകൊടുത്തു. ആ പണം കൊണ്ട് നാട്ടിൽ നല്ലൊരു വീട് പണിതു. വീടിന്റെ പണി പൂർത്തിയായ വിവരമറിഞ്ഞ കബീർ നാട്ടിലേക്ക് വരാനൊരുങ്ങി. അപ്പോഴാണ് ഭാര്യയുടെ കത്ത്. അയൽപക്കത്തെ ബാലകൃഷ്ണൻ ഒരു ജീപ്പ് വാങ്ങിയിട്ടുണ്ടെന്നും അതിനാൽ ഒരു മാരുതിവാനെങ്കിലും വാങ്ങിയില്ലെങ്കിൽ അതൊരു കുറച്ചിലാണെന്നുമായിരുന്നു കത്തിലെ ഉള്ളടക്കം. കബീർ യാത്ര മാറ്റിവെച്ചു. രണ്ടു കൊല്ലം കൂടി ജോലി ചെയ്തു. മാരുതിവാൻ വാങ്ങാനാവശ്യമായ പണം നാട്ടിലേക്കയച്ചു. തുടർന്ന് വീട്ടിലേക്ക് മടങ്ങാനൊരുങ്ങവെ കബീർ ഹൃദയാഘാതം മൂലം മരണമടഞ്ഞു. അയാളുടെ മൃതശരീരം കൊണ്ടുവരുന്നത് കോഴിക്കോട് വിമാനത്താവളം വഴിയാണ്. ഭാര്യയും കുട്ടികളും മയ്യിത്ത് ഏറ്റുവാങ്ങാൻ പോകാൻ ഒരുങ്ങിനിൽക്കെ പുതിയ മാരുതി വാനിന്റെ ഡ്രൈവർ ഖാസിം, കബീറിന്റെ ഭാര്യ പാത്തു എന്ന ഫാത്വിമയോട് ചോദിച്ചു : 'ഇക്ക ഏതായാലും മരിച്ചു. അത് അല്ലാഹുവിന്റെ വിധിയാണ്. ഇനി നിനക്കും കുട്ടികൾക്കും ജീവിക്കേണ്ടേ? ഞാനതിനു കാണുന്ന മാർഗം ഈ മാരുതി വാടകക്ക് ഓട്ടലാണ്. പക്ഷേ, ഇതിൽ മയ്യിത്ത് കയറ്റിയാൽ ആളുകൾ അതൊരപശകുനമായി കരുതും. അതിനാൽ നമുക്ക് ഈ വണ്ടിയിൽ പോകാം. ഇക്കയുടെ മയ്യിത്ത് വാടക വണ്ടിയിൽ കൊണ്ടുവരാം അതല്ലേ നല്ലത്?'

"അതെ, അതാണ് നല്ലത്" കബീറിന്റെ കെട്ടിയവൾ പെട്ടെന്നു തന്നെ

ദാർശനികനും ഹ്യൂമനിസ്റ്റുമായ ബർട്രന്റ് റസ്സൽ വിവിയന്റെ ജീവിതം മാത്രമല്ല തകർത്തത്. നിരവധി സ്ത്രീകളെ ഉപയോഗിച്ച് ഉപേക്ഷിക്കുകയുണ്ടായി. ഓട്ടോലിൻ മോർലിൻ എന്ന റസ്സലിന്റെ ആദ്യ കാമുകിക്ക് എലിയറ്റ് എഴുതി: 'വിവിയന്റെ മാനസികാരോഗ്യം തകർത്തത് റസ്സലാണ്. പൈശാചികമായ പ്രവൃത്തിയായിരുന്നു അത്.'

എലിയറ്റും ഒരു വിഷാദരോഗിയായിരുന്നു. അതുകൊണ്ടുതന്നെ ഭാര്യ വിവിയനെ തൃപ്തിപ്പെടുത്താൻ അയാൾ അശക്തനായിരുന്നു. രണ്ടുതവണ പൂർണമായ ഉന്മാദാവസ്ഥയിലും എലിയറ്റ് എത്തുകയുണ്ടായി. ഹെർണിയയായിരുന്നു അദ്ദേഹത്തെ വേട്ടയാടിക്കൊണ്ടിരുന്ന വിഷാദത്തിനു കാരണം.

'ദൈവം മരിച്ചു'വെന്ന് ഉദ്ഘോഷിച്ച ദാർശനികൻ നീത്ഷേ 1889 ജനുവരി 3-ന് മുഴുഭ്രാന്തനായി മാറി. ജർമനിയിലെ ടൂറിനിൽ വെച്ചാണ് അദ്ദേഹം തിരിച്ചുവരാനാവാത്തവിധം ചിത്തഭ്രമത്തിനടിപ്പെട്ടത്. 11 വർഷത്തിനുശേഷം 1900 ആഗസ്റ്റ് 25-നാണ് നീത്ഷേ മരണമടഞ്ഞത്. വിവിധ നാടുകളിൽ അലഞ്ഞുനടന്ന അദ്ദേഹത്തെ സിഫിലിസ് എന്ന മാരക ലൈംഗികരോഗവും കീഴ്പ്പെടുത്തിയിരുന്നു.

ഇരുപതാം നൂറ്റാണ്ടിലെ മാർക്സിസ്റ്റ് സൈദ്ധാന്തികരിൽ അഗ്രഗണ്യനായ അൽത്ത്യൂസർ പതിറ്റാണ്ടുകളോളം വിഷാദരോഗിയായി കഴിയുകയും അവസാനം മുഴുഭ്രാന്തനായി മാറുകയും ചെയ്തു. 1980 നവംബർ 6-ന് അദ്ദേഹം തന്റെ ഭാര്യ ഹെലന്റെ കഴുത്തിൽ കൈവിരലുകളമർത്തി. മുപ്പതു വർഷക്കാലം തഴുകുകയും തടവുകയും ചെയ്ത ആ കഴുത്തിൽ ഭ്രാന്തമായ ആവേശത്തോടെ അയാൾ പിടിമുറുക്കി. തൊണ്ടയിൽ കുരുങ്ങിയ നിലവിളി അയാളിലെ ഭ്രാന്തൻ കേട്ടില്ല. ഹെലന്റെ നിശ്വാസം നിലച്ചതും ചലനമറ്റതും ഉന്മാദത്തിന്റെ ഇരുട്ടു പുതച്ചുനിൽക്കുമ്പോൾ അൽത്ത്യൂസർ അറിഞ്ഞില്ല. ഭാര്യയെ കൊന്ന് അഞ്ചുകൊല്ലം കഴിഞ്ഞാണ് അയാൾക്ക് ബോധം തിരിച്ചുകിട്ടിയത്. വീണ്ടും ചിത്തഭ്രമത്തിനടിപ്പെട്ട ആ കമ്യൂണിസ്റ്റ് ദാർശനികൻ 1990 ഒക്ടോബർ 22-നാണ് ലോകത്തോട് വിടപറഞ്ഞത്.

പ്രശസ്ത കഥാകൃത്ത് ഗയ്ദെ മോപ്പസാങിന് മാരകമായ ലൈംഗിക രോഗം ബാധിച്ചു. താൻ സിഫിലിസ് രോഗിയാണെന്നറിഞ്ഞതോടെ അദ്ദേഹം ചിത്തഭ്രമത്തിനടിപ്പെട്ടു. 1892 ജനുവരി 2-ന് ആത്മഹത്യക്ക് ശ്രമിച്ചെങ്കിലും വിജയിച്ചില്ല.

വിഖ്യാത സാഹിത്യകാരൻ ചാൾസ് ഡിക്കൻസ് വിഷാദരോഗിയായിരുന്നു. ധൂർത്ത് സൃഷ്ടിച്ച കടുത്ത ദാരിദ്ര്യമായിരുന്നു രോഗകാരണം. പത്ത് മക്കളുടെ അമ്മയായിരുന്ന കാതറിൻ ഹോ ഗാർത്തിനെ 22 വർഷത്തെ

റയോ ആയിമാറും." (*വിശ്വാസവും ജീവിതവും.* പുറം : 88, 89)

നമ്മുടെ നാടുൾപ്പെടെ ലോകമെങ്ങും നടക്കുന്ന ആത്മഹത്യക്കു കാരണം മനശ്ശാന്തി നഷ്ടപ്പെടുന്നതാണ്. അഥവാ, മനസ്സിന്റെ അസ്വസ്ഥതയും വിഷാദവുമാണ്. മുഴുഭ്രാന്തും ആത്മഹത്യക്ക് നിമിത്തമാവാറുണ്ട്. മനസ്സിന്റെ അശാന്തിക്കും വിഷാദത്തിനും ഉന്മാദത്തിനും അറുതിവരുത്താൻ സമ്പത്തിനോ സ്ഥാനമാനങ്ങൾക്കോ പ്രതാപത്തിനോ പ്രശസ്തിക്കോ ശാസ്ത്രത്തിനോ ദർശനത്തിനോ സാഹിത്യത്തിനോ കലയ്ക്കോ സാധ്യമല്ല. ഇന്നോളമുള്ള ജീവിതാനുഭവങ്ങൾ ഇതിനു സാക്ഷിയാണ്. എം. എ. ഷാനവാസും എൻ.പി. സജീഷും ചേർന്നു രചിച്ച ഉന്മാദത്തെയും ആത്മഹത്യയെയും സംബന്ധിച്ച കൃതികൾ ഈ വസ്തുത അസന്ദിഗ്ധമായി തെളിയിക്കുന്നു. ഈ പുസ്തകങ്ങളിൽ പരാമർശിക്കപ്പെടുന്ന എല്ലാവരും ഏറെ വിഖ്യാതരാണ്. അവരിൽ സാഹിത്യകാരന്മാരും കലാകാരന്മാരും തത്ത്വചിന്തകരും ശാസ്ത്രജ്ഞരുമുണ്ട്. ഏതാണ്ടെല്ലാവരും അധാർമിക ജീവിതം നയിച്ചവർ. വിഷാദരോഗത്തിനടിപ്പെട്ടവർ. ചിലരെങ്കിലും മുഴുഭ്രാന്തന്മാരും. സ്വയം ജീവനൊടുക്കിയവരും വിരളമല്ല.

ഏറ്റവും വലിയ മനുഷ്യാവകാശവാദിയായാണ് ബർട്രന്റ് റസ്സൽ കണക്കാക്കപ്പെടുന്നത്. അദ്ദേഹത്തിന്റെ ശിഷ്യനാണ് വിഖ്യാത ഇംഗ്ലീഷ് സാഹിത്യകാരനായ ടി.എസ് എലിയറ്റ്. അദ്ദേഹം 1915 ജൂൺ 25 –ന് വിവിയൻ ഹൈവുഡ് എന്ന സുന്ദരിയെ വിവാഹം കഴിച്ചു. എലിയറ്റ് തന്റെ ഗുരുവായ റസ്സലിനെ ഭാര്യ വിവിയനുമായി പരിചയപ്പെടാൻ വീട്ടിലേക്കു ക്ഷണിച്ചു. അന്നത്തെ കൂടിക്കാഴ്ചയോടെ ദാർശനികനായ റസ്സലും ശിഷ്യന്റെ ഭാര്യയും അകലാനാവാത്ത വിധം അടുത്തു. തുടർന്ന് മൂന്നു കൊല്ലം തുടർച്ചയായി റസ്സൽ എലിയറ്റിന്റെ ഭാര്യ വിവിയനുമായി ലൈംഗികബന്ധത്തിലേർപ്പെട്ടു. തന്റെ ഭാര്യ റസ്സലുമായി ശാരീരികബന്ധം പുലർത്തുന്നത് അറിഞ്ഞിട്ടും എലിയറ്റ് മൗനം പാലിച്ചു. സാഹിത്യ സോപാനത്തിലേക്ക് ചവിട്ടിക്കയറാൻ റസ്സലിന്റെ സഹായം ആവശ്യമായിരുന്നുവെന്നതും, ആഡംബരപ്രിയയായ വിവിയനെ തൃപ്തിപ്പെടുത്താനാവശ്യമായ സാമ്പത്തികശേഷിയില്ലാതിരുന്നതുമായിരുന്നുവത്രെ ഇതിന് എലിയറ്റിനെ പ്രേരിപ്പിച്ചിരുന്നത്. 1918 വരെ ബർട്രന്റ് റസ്സൽ വിവിയനുമായുള്ള അവിഹിതബന്ധം അവിരാമം തുടർന്നു.

റസ്സൽ അകന്നതോടെ വിവിയൻ മനോവിഭ്രാന്തിക്കടിപ്പെട്ടു. എലിയറ്റ് ആശ്വസിപ്പിക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. അതോടെ വിവിയൻ മയക്കുമരുന്നുകളുടെ മായികവലയത്തിലും അന്യപുരുഷന്മാരുടെ കരവലയത്തിലും അഭയംതേടി. തെരുവുവേശ്യയെപ്പോലെ ജീവിച്ച വിവിയൻ 1938–ൽ ഭ്രാന്താശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും 1947 ജനുവരി 22–ന് മരണമടയുകയും ചെയ്തു.

- ഏഴ് -

## വിഷാദം, ഉന്മാദം, ആത്മഹത്യ

ഡോ. യൂസുഫുൽ ഖറദാവി എഴുതുന്നു: "വർഷങ്ങൾക്കു മുമ്പ് *അൽമുഖ്താർ* മാസിക ഒരു വിദഗ്ധ അമേരിക്കൻ ഭിഷഗ്വരനെ ഉദ്ധരിച്ചുകൊണ്ട് എഴുതി: എന്റെ യുവത്വത്തിൽ ഞാൻ ജീവിതത്തിലെ സുസമ്മതമായ ഭൗതികാനുഗ്രഹങ്ങളുടെ ഒരു പട്ടിക തയ്യാറാക്കി. അതിപ്രകാരമായിരുന്നു: ആരോഗ്യം, സ്നേഹം, സാമർഥ്യം, ശക്തി, സമ്പത്ത്, പ്രശസ്തി. ഈ പട്ടിക ഒരു വൃദ്ധപണ്ഡിതന് സമർപ്പിച്ചു.

ആ പണ്ഡിത സുഹൃത്ത് പറഞ്ഞു: 'മനോഹരമായ പട്ടിക. എല്ലാം ക്രമപ്രകാരം അടുക്കിയിരിക്കുന്നു. പക്ഷേ, ഒരു സുപ്രധാന ഘടകം താങ്കൾ അവഗണിച്ചതായി തോന്നുന്നു. അതില്ലാത്തിടത്തോളം താങ്കളുടെ പട്ടിക താങ്ങാനാവാത്ത ഒരു ഭാരമായിരിക്കും.' എന്നിട്ടദ്ദേഹം പേനയെടുത്ത് പട്ടികയിൽ മുഴുവൻ കുത്തിവരച്ച് അതിൽ രണ്ടു പദങ്ങളെഴുതി: 'മനശ്ശാന്തി.' തുടർന്ന് പറഞ്ഞു: 'ഇതാണ് ദൈവം തന്റെ പ്രിയപ്പെട്ടവർക്കു വേണ്ടി സൂക്ഷിച്ചുവെക്കുന്ന കനി. അധികപേർക്കും അവൻ ബുദ്ധിയും ആരോഗ്യവും നൽകുന്നു. സമ്പത്ത് നിസ്സാരം. പ്രശസ്തിയാകട്ടെ ധാരാളം. പക്ഷേ, മനശ്ശാന്തി അവൻ കണക്കാക്കിയേ നൽകൂ.'

"അന്നത് സ്വീകരിക്കാൻ എനിക്കു പ്രയാസം തോന്നിയിരുന്നു. പക്ഷേ, ഇന്ന് അര നൂറ്റാണ്ടുകാലത്തെ അനുഭവങ്ങൾക്കും നിരീക്ഷണങ്ങൾക്കും ശേഷം ജീവിതത്തിന്റെ ശരിയായ ലക്ഷ്യം മനശ്ശാന്തി ആയിരിക്കണമെന്ന് എനിക്കു മനസ്സിലായിക്കഴിഞ്ഞു. പട്ടികയിലെ മറ്റു കാര്യങ്ങൾ മനശ്ശാന്തി കൈവരുത്താൻ അത്യാവശ്യമല്ലെന്നും എനിക്ക് ബോധ്യപ്പെട്ടു. സമ്പത്തിന്റെ പിൻബലമോ ആരോഗ്യത്തിന്റെ പിന്തുണയോ ഇല്ലെങ്കിലും മനശ്ശാന്തി ശോഭവിതറുമെന്ന് ഞാൻ കണ്ടു. കുടിലിനെ കൊട്ടാരമാക്കാൻ അതിനു കഴിയും. അതിന്റെ അഭാവത്തിൽ കൊട്ടാരം കിളിക്കൂടോ തടവ

**രാഷ്ട്രീയ പാർട്ടികളുടെ പങ്ക്**

ആത്മഹത്യകൾ ഭരണകൂടത്തിനെതിരെ ഉപയോഗിക്കാവുന്ന ശക്തമായ ആയുധങ്ങളെന്ന നിലയിൽ അവയെ ഉയർത്തിക്കാണിക്കാനും അവയ്ക്ക് വമ്പിച്ച പ്രചാരണം നൽകാനും പ്രതിപക്ഷത്തുള്ള രാഷ്ട്രീയ പാർട്ടികൾ എന്നും ശ്രമിക്കാറുണ്ട്. വിദ്യാർത്ഥികൾ സാമ്പത്തിക കാരണങ്ങളാലോ, കർഷകർ കടബാധ്യതകളാലോ ആണ് ആത്മഹത്യ ചെയ്യുന്നതെങ്കിൽ വിശേഷിച്ചും. ഈയിടെ കേരളത്തിൽ കർഷകരുടെയും വിദ്യാർത്ഥികളുടെയും ആത്മഹത്യകൾ വർധിച്ചുകൊണ്ടിരിക്കുന്നതിൽ രാഷ്ട്രീയ പാർട്ടികളുടെ ഇത്തരം സമീപനങ്ങൾക്കുള്ള പങ്ക് നിഷേധിക്കാനാവില്ല.

നമ്മുടെ നാട്ടിലിന്ന് ആത്മഹത്യകൾ ഒരു പ്രതികാരായുധമായിത്തീർന്നിരിക്കുന്നു. പ്രത്യേകിച്ചും സ്ത്രീ സമൂഹത്തിൽ ഭർത്താവിനോടോ അമ്മായിയമ്മയോടോ നാത്തൂനോടോ മറ്റോ പിണങ്ങിയാൽ അവരെ ഒരു പാഠം പഠിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ ജീവനൊടുക്കുന്നവരും ഇന്ന് വളരെയൊന്നും വിരളമല്ല. പൊറുക്കപ്പെടാത്ത കുറ്റമാണ് തങ്ങളതിലൂടെ ചെയ്യുന്നതെന്ന കാര്യം ഏറെപേരും ഓർക്കാറില്ല.

ആത്മഹത്യയിലേർപ്പെടുന്നവരോട് വലിയ സഹതാപം പ്രകടിപ്പിക്കുന്നതും അവ്വിധം വാർത്തകൾ പ്രസിദ്ധീകരിക്കുന്നതും ഈ തിന്മയുടെ വർധനവിന് കാരണമാകാറുണ്ട്. മരണാനന്തര സഹതാപം പ്രതീക്ഷിച്ച് സ്വയം മരണം വരിക്കുന്നവരും നമ്മുടെ സമൂഹത്തിൽ കൂടിക്കൊണ്ടിരിക്കുകയാണ്. അതിനാൽ ആത്മഹത്യകളെ സംബന്ധിച്ച സമൂഹത്തിന്റെ സമീപനം മാറുകയും മാധ്യമങ്ങൾ അവ ആഘോഷിക്കുന്നത് അവസാനിപ്പിക്കുകയും ചെയ്യേണ്ടത് ആത്മഹത്യകളുടെ വർധനവ് തടയാൻ അനിവാര്യമായിരിക്കുന്നു.

ആത്മഹത്യയെ മഹത്വവത്ക്കരിക്കുന്നവർ ശാരദക്കുട്ടിയുടെ വാക്കുകൾ ഓർക്കട്ടെ: "ഒരാത്മഹത്യയും സമൂഹത്തിൽ ഞെട്ടലോ ചോദ്യചിഹ്നമോ പോലും അവശേഷിപ്പിക്കുന്നില്ല. ചിലരിലെങ്കിലും ആശ്വാസം ജനിപ്പിക്കുന്നുവെന്നതാണ് ആത്മഹത്യകളുടെ പരിഹാസ്യത. ഇങ്ങനെ ചോദ്യങ്ങൾ അവശേഷിപ്പിക്കാതെ, ഉത്തരങ്ങൾ നൽകാതെ കടന്നുപോകുന്ന നിരർത്ഥക മരണങ്ങൾക്ക് വിശ്രമിക്കാൻ ചരിത്രം ഒരു തെമ്മാടിക്കുഴിപോലും ഒരുക്കുകയില്ല." (മാതൃഭൂമി ആഴ്ചപ്പതിപ്പ് 2006 നവംബർ 19)

- എട്ട് -

## ആത്മഹത്യക്ക് അറുതിവരുത്തുന്ന വിശ്വാസദർശനം

ജന്മനാ അന്ധരായ മനുഷ്യരനുഭവിക്കുന്ന വേദനകളും പ്രയാസങ്ങളും മറ്റുള്ളവർക്ക് സങ്കൽപിക്കാനാവില്ല. മാതാപിതാക്കളും ഭാര്യാ സന്താനങ്ങളുമുൾപ്പെടെ തങ്ങളുടെ പ്രിയപ്പെട്ടവരുടെ മുഖംപോലും കാണാനോ ഈ പ്രകൃതിയുടെ സൗന്ദര്യം ഒരിക്കലെങ്കിലും ആസ്വദിക്കാനോ അവസരം ലഭിച്ചിട്ടില്ലാത്ത നിർഭാഗ്യവാന്മാരാണവർ. കണ്ണില്ലാത്തവരെപ്പോലെ കഷ്ടപ്പെടുന്ന പലരും ഇവിടെയുണ്ട്. രണ്ടു കയ്യുമില്ലാത്തവർ, കാലില്ലാത്തവർ, മന്ദബുദ്ധികൾ, നിത്യരോഗികൾ അങ്ങനെ പലരും... ആരെത്ര ശ്രമിച്ചാലും ഇവരെല്ലാമനുഭവിക്കുന്ന ദുരിതങ്ങൾക്ക് അറുതി വരുത്താനാവില്ല. ദാരിദ്ര്യവും ചൂഷണവും അവസാനിപ്പിക്കാൻ സമൂഹത്തിനും ഭരണകൂടത്തിനും കഴിഞ്ഞേക്കാം. എന്നാൽ അംഗവൈകല്യവും ജന്മവൈകല്യവും മറ്റും കാരണമായി വ്യക്തികളനുഭവിക്കുന്ന പ്രയാസങ്ങൾ ആർക്കും പരിഹരിക്കാനാവില്ല.

മനുഷ്യരെ സൃഷ്ടിച്ചത് ദൈവമാണെങ്കിൽ ആ ദൈവവും അതല്ല പ്രകൃതിയാണ് അവനെ രൂപപ്പെടുത്തിയതെങ്കിൽ ആ പ്രകൃതിയും അവരോട് ചെയ്തത് കടുത്ത അനീതിയും ക്രൂരതയും വിവേചനവുമല്ലേ? മരണത്തോടെ ജീവിതം അവസാനിക്കുമെങ്കിൽ തീർച്ചയായും അതങ്ങനെ ത്തന്നെയാണ്. കണ്ണില്ലാത്തവരോടും കയ്യും കാലുമില്ലാത്തവരോടും മറ്റും ചെയ്തത് കൊടിയ ക്രൂരതയും അതിക്രമവുമാണ്.

എന്നാൽ മതം പറയുന്നു: മനുഷ്യൻ ഭിന്ന പ്രകൃതരാണ്. വെളുത്തവർ, കറുത്തവർ, നീണ്ടവർ, കുറിയവർ, സുന്ദരന്മാർ, വിരൂപർ, ആരോഗ്യവാന്മാർ, നിത്യരോഗികൾ, പ്രതിഭാശാലികൾ, സാമാന്യ ബുദ്ധികൾ, മന്ദബുദ്ധികൾ, കരുത്തന്മാർ, ദുർബ്ബലന്മാർ, പൂർണ്ണകായർ, വികലാംഗർ, പണക്കാർ, പാവങ്ങൾ, പുരുഷന്മാർ, സ്ത്രീകൾ എല്ലാം അവരിലുണ്ട്. ഈ വൈവിധ്യം ദൈവനിശ്ചിതമാണ്. ഓരോരുത്തരുടെയും കഴിവുകൾ വ്യത്യസ്തമാണ്. എങ്കിലും എല്ലാം ദൈവദത്തം. അതിനാൽ ഓരോരുത്തർക്കും

ഭ്രാന്ത് ബാധിച്ചതിനെ സംബന്ധിച്ച് കെ.പി. അപ്പനും കിളിരൂർ രാധാകൃഷ്ണനും പുനലൂർ രാജനും സഹോദരന്മാരായ ഹനീഫയും അബൂബക്കറും ഭാര്യ ഫാബിയും മകൾ ഷാഹിനയും വിവരിക്കുന്നു. എന്നാൽ അജയ് പി. മങ്ങാട്ട് ബഷീറിനെ പറ്റി കുറിച്ചിട്ട വരികളിൽ ഈ കൃതി പരിചയപ്പെടുത്തുന്ന പ്രഗൽഭരുടെ ഉന്മാദത്തിന്റെ വേരുകൾ തൊട്ടുകാണിക്കുകയും പരിഹാരത്തിലേക്ക് സൂചന നൽകുകയും ചെയ്യുന്നു. അജയ് എഴുതുന്നു: 'ദൈവമുണ്ടോ എന്ന ചോദ്യമാണ് അലഞ്ഞു നടന്ന നാളുകളിലെല്ലാം വൈക്കം മുഹമ്മദ് ബഷീറിന്റെ ആത്മാവിനെ കശക്കിയത്. ദൈവത്തിന്റെ അസ്തിത്വം സംബന്ധിച്ച ആധികൾക്കു നടുവിൽ പ്രപഞ്ചത്തിന്റെ അനന്തമായ ശൂന്യതയെ ഭാവനചെയ്ത് ബഷീർ കുഴങ്ങിപ്പോയി. മരിച്ചുകഴിഞ്ഞാൽ മനുഷ്യന് എന്തു സംഭവിക്കുമെന്ന ഇയ്യോബിന്റെ ചോദ്യം ബഷീറിന്റെ നായകന്മാർ നിരന്തരം ചോദിച്ചുകൊണ്ടിരുന്നു. ഇങ്ങനെ ഇരിപ്പുറക്കാത്ത, ഒരിടത്തും കൂടിയിരിക്കാത്ത ഒരാളാണ് ആദ്യകാലത്ത് കഥകളെഴുതിയിരുന്ന ബഷീർ. ഈ ബഷീറിലാണ് ഉന്മാദം മുളച്ചുപൊന്തിയത്. അതിന്റെ പ്രഭ ബഷീറിന് സഹിക്കാനാവുമായിരുന്നില്ല. രാത്രിയിൽ ഒരു വിളക്കെങ്കിലും അടുത്തില്ലാതെ ഉറങ്ങാനാവില്ലെന്ന് ബഷീർ പറഞ്ഞത് ഇരുളിന്റെ അന്ധതക്കുള്ളിൽനിന്ന് പൈശാചികമായ ഒരു ശൂന്യത തന്നെ തുറിച്ചു നോക്കുന്നുവെന്ന ഭീതിയിൽനിന്നാണ്. മരണബോധമുള്ള ഒരാൾക്ക് ഉന്മാദിയായി തുടരാം. അല്ലെങ്കിൽ വിശ്വാസിയായി അടങ്ങാം. ബഷീറിന് മതം നൽകിയത് ഈ അടക്കമായിരുന്നു. അങ്ങനെ വീടിനുള്ളിലേക്കുവന്ന്, വിശ്വാസത്തിന്റെ പ്രകാശത്തിലേക്ക് ജനാലകൾ തുറക്കുന്ന ബഷീറിനെയാണ് ചാരുകസേരയിലിരിക്കുന്ന നിലയിൽ നാം പിന്നീട് കണ്ടെത്തുന്നത്.'

പറഞ്ഞു: 'സ്വയം വെടിവെച്ചു മരിക്കില്ലെന്ന് നാമിരുവരും പരസ്പരം വാക്കു നൽകണം. ഒരിക്കലും അങ്ങനെ ചെയ്യരുത്. അത് വിഡ്ഢിത്തമാണ്. ഞാനൊരിക്കലും അങ്ങനെ ചെയ്യില്ലെന്ന് വാക്കുതരുന്നു.'

'പാവങ്ങൾ' എന്ന പ്രശസ്ത കൃതിക്ക് ജന്മംനൽകിയ വിക്ടർ ഹ്യൂഗോ അനേകം സ്ത്രീകളുമായി ലൈംഗികബന്ധം പുലർത്തി, തീർത്തും അധാർമിക ജീവിതമാണ് നയിച്ചിരുന്നത്. വളരെ വിചിത്രമായ പല കിറുക്കുകളും കാണിച്ചിരുന്ന അയാൾ പലപ്പോഴും മുഴുഭ്രാന്തിലേക്ക് വഴുതിവീണിരുന്നു. 1885 മെയ് 22-ന് മരണം സംഭവിക്കുന്നതുവരെ ഈ അവസ്ഥ തുടർന്നു.

സ്വവർഗരതി ആദ്യമായി സാഹിത്യത്തിൽ പ്രമേയമാക്കിയ ടെന്നസി വില്യംസ്, മദ്യപാനത്തിലും വ്യഭിചാരത്തിലും മുഴുകി ജീവിതം നയിച്ച ഡിലൻ തോമസ്, ലോർഡ് ബൈറൺ എസ്ഗാർ അലൻ പോ, യൂജീൻ ഓനീൽ, ശാസ്ത്രജ്ഞരായ ഐൻസ്റ്റീൻ, ഐസക് ന്യൂട്ടൻ തുടങ്ങി വിശ്വവിഖ്യാതരായ നാൽപതോളം വ്യക്തികളുടെ ഭ്രാന്തിന്റെ കഥ ഷാനവാസും സജീഷും ഉന്മാദത്തെ സംബന്ധിച്ച കൃതിയിലൂടെ പറഞ്ഞുതരുന്നു. ഇവരിൽ മഹാഭൂരിപക്ഷവും വളരെ വൃത്തികെട്ട ലൈംഗികജീവിതം നയിച്ചവരും ലഹരിപദാർഥങ്ങളുപയോഗിച്ചവരുമായിരുന്നു. അതുകൊണ്ടുതന്നെ ദാമ്പത്യജീവിതത്തിൽ പൂർണ പരാജയം നേരിട്ടവരും.

പ്രേമനൈരാശ്യത്തിനടിപ്പെട്ട് മുഴുഭ്രാന്തനായി മാറിയ പ്രശസ്ത ചിത്രകാരൻ വിൻസന്റ് വാൻഗോഗ് 1890 ജൂലായ് 27-ന് സ്വന്തം വയറ്റിലേക്ക് വെടിവെച്ച് ആത്മഹത്യചെയ്തു. നോബൽ സമ്മാന ജേതാവ് യസുനാരി കാവാബത്തയും വിഷാദരോഗിയായി മാറുകയും 1972 ഏപ്രിൽ 16-ന് സ്വയം ജീവനൊടുക്കുകയും ചെയ്തു. വിഖ്യാത ബ്രിട്ടീഷ് എഴുത്തുകാരി വെർജിനിക് വുൾഫ് 1941 മാർച്ച് 28-ന് പുഴയിൽ ചാടിയാണ് മരണം വരിച്ചത്. ഫ്രഞ്ച് ദാർശനികൻ ഗിൽദെല്യൂസ് 1995-ൽ അർബുദരോഗിയാണെന്നറിഞ്ഞതോടെ കെട്ടിടത്തിൽനിന്ന് ചാടി ആത്മഹത്യചെയ്തു. പ്രമുഖ മനുഷ്യാവകാശ പ്രവർത്തക പെട്രോകെല്ലി കാമുകൻ ഗെർട്ട് ബാസ്റ്റ്യനോടൊന്നിച്ച് ജീവനൊടുക്കി.

കേരളത്തിൽ നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ ആത്മഹത്യകളും അതിനു വഴിയൊരുക്കുന്ന മനോവിഷാദവും അശാന്തിയും അന്വേഷണ വിധേയമാക്കുന്ന ആർക്കും ബോധ്യമാകും, മനുഷ്യമനസ്സുകൾക്ക് സമാധാനം സമ്മാനിക്കാനോ ആത്മഹത്യക്ക് അറുതിവരുത്താനോ ഭൗതികമായ ഒന്നിനും സാധ്യമല്ലെന്ന്. അതോടൊപ്പം യഥാർഥ മതവിശ്വാസത്തിന് അത് സാധ്യമാണെന്നും.

ഉന്മാദത്തെ സംബന്ധിച്ച കൃതിയിൽ വൈക്കം മുഹമ്മദ് ബഷീറിന്

ദാമ്പത്യജീവിതത്തിനു ശേഷം ചാൾസ് വിവാഹമോചനം നടത്തി.

'യുദ്ധവും സമാധാനവും', 'അന്നാകരിനീനാ'എന്നീ വിഖ്യാത കൃതികൾ രചിച്ച ലിയോ ടോൾസ്റ്റോയി അരാജക ജീവിതമാണ് നയിച്ചിരുന്നത്. അനേകം സ്ത്രീകളുമായി ലൈംഗികബന്ധം പുലർത്തിയിരുന്ന അദ്ദേഹത്തിന്റെ ദാമ്പത്യം തികഞ്ഞ പരാജയമായിരുന്നു. മനോവിഭ്രാന്തി ബാധിച്ച ടോൾസ്റ്റോയി 1910 ഒക്ടോബർ 28-ന് അലക്ഷ്യനായി വീടുവിട്ടിറങ്ങി. അതിന് ഒരുവർഷം മുമ്പാണ് ഭാര്യ സോഫിയ ബേൾസ് ആത്മഹത്യക്കു ശ്രമിച്ചത്. 1879-ൽ പ്രസിദ്ധീകരിച്ച 'കുറ്റസമ്മതം' എന്ന കൃതിയിൽ അദ്ദേഹം കുറിച്ചിട്ടു: 'എന്റെ ജീവിതം എത്ര വലിയ അസംബന്ധമാണെന്ന് ഇപ്പോഴത്തെ മാനസികാവസ്ഥ എന്നെ ബോധ്യപ്പെടുത്തുന്നു. എന്നെ ഈ ലോകത്തേക്ക് വിട്ടുകൊണ്ട് ആരോ പൈശാചികവും അസാംബന്ധവുമായ ഒരു തമാശ കാട്ടുകയായിരുന്നു. ജീവിതത്തിന് ഒരർഥവുമില്ലെന്ന് ഞാൻ തിരിച്ചറിഞ്ഞിരിക്കുന്നു. പുറത്തേക്കുള്ള വഴിയില്ലെന്ന് അറിഞ്ഞുകൊണ്ട് കൊടുംകാട്ടിൽ ജീവിക്കുന്ന ഒരാളാണ് ഞാനെങ്കിൽ ഈ ദുരിതകാലത്തെ ഞാൻ അതിജീവിക്കുമായിരുന്നു. എന്നാൽ വഴിയറിയാതെ കാട്ടിലകപ്പെട്ട് പുറത്തേക്കുള്ള പാത തേടുന്ന ഒരാളെപ്പോലെയാണ് ഞാൻ. ഓരോ ചുവടും തന്നെ കൂടുതൽ ആശയക്കുഴപ്പത്തിലാക്കുന്നത് അയാളറിയുന്നുണ്ട്. എന്നാൽ വഴിതിരച്ചിൽ നിർത്താൻ അയാൾക്കു കഴിയുന്നില്ല. ഇത്തരമൊരവസ്ഥ ഭീകരമാണ്. ഈ ഭീതിയകറ്റാൻ എനിക്ക് ആത്മഹത്യ ചെയ്യണമെന്നു തോന്നി. അന്ത്യം വരെ ക്ഷമയോടെ കാത്തിരിക്കാൻ എനിക്കു കഴിയില്ല. അതുകൊണ്ടാണ് ഞാൻ സ്വയം അവസാനിപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചത്.'

ഉദരരോഗത്തിനും ലൈംഗികരോഗത്തിനും അടിപ്പെട്ട പ്രശസ്ത കവി ജോൺ കീറ്റ്സ് വിഷാദത്തിന്റെയും ഉന്മാദത്തിന്റെയും പിടിയിലമർന്ന ശേഷമാണ് ഈ ലോകത്തോട് വിടപറഞ്ഞത്. ജപ്പാന്റെ സാഹിത്യ ചരിത്രത്തിൽ കൊടുങ്കാറ്റ് സൃഷ്ടിച്ച യുകിയോമിഷിമ വയറു പിളർത്ത് ആത്മഹത്യ ചെയ്യുകയായിരുന്നു. വിഖ്യാത ആംഗല സാഹിത്യകാരി വെർജീനിയ വുൾഫ് ഇടക്കിടെ കടുത്ത ചിത്തഭ്രമത്തിനടിപ്പെട്ടു. 1941 മാർച്ച് 28-ന് അവർ അമ്പത്തൊമ്പതാമത്തെ വയസ്സിൽ പുഴയിൽ ചാടി ആത്മഹത്യചെയ്തു.

നോബൽ സമ്മാനജേതാവും 'കിഴവനും കടലും' എന്ന വിഖ്യാത കൃതിയുടെ കർത്താവുമായ ഏണസ്റ്റ് ഹെമിംഗ്‌വേ തികഞ്ഞ മനോരോഗിയായിരുന്നു. 1961 ജൂലൈ 21-ന് വായിലേക്ക് സ്വയം വെടിവെച്ചാണ് അദ്ദേഹം മരിച്ചത്. മകൻ ജോൺ ഹെമിംഗ്‌വേയോട് ചെയ്ത കരാറാണ് ഈ കൃത്യത്തിലൂടെ അദ്ദേഹം ലംഘിച്ചത്. പട്ടാളത്തിൽനിന്ന് പിരിച്ചുവിട്ടപ്പോൾ താങ്ങാനാവാത്ത മനഃപ്രയാസത്തിനടിപ്പെട്ട അയാൾ മകനോടു

ത്തിന്റെ സുഖത്തിനും ലോകത്തിന്റെ ക്ഷേമത്തിനും സ്വന്തത്തെ സമർപ്പിച്ചവർ ഏവരുടെയും ആക്ഷേപശകാരങ്ങൾക്കിരയാവുന്നു. എന്നാൽ വിദ്രോഹവൃത്തികളിൽ വ്യാപൃതരാവുന്നവർ വിപത്തുകളൊന്നുമേൽക്കാതെ സസുഖം വാഴുന്നു.

ആർ എത്ര വിചാരിച്ചാലും നിഷ്ഠമായ നീതിയിവിടെ നടപ്പാക്കാനാവില്ല. ഒരാളെ കൊന്നവനെ പകരം കൊല്ലാൻ കഴിഞ്ഞേക്കാം. എന്നാൽ പത്തും നൂറും ആയിരവും പതിനായിരവും പേരെ കൊല്ലുന്നവരെ ആർക്കാണിവിടെ ശിക്ഷിക്കാൻ കഴിയുക. നീതി അസാധ്യമെന്ന ഈ അവസ്ഥ സുസമ്മതമത്രെ. ഇത് നീതിബോധവും നന്മയിൽ താത്പര്യവുമുള്ള ഏവരേയും അസ്വസ്ഥരും നിരാശരുമാക്കുന്നു.

എന്നാൽ, ഐഹിക ജീവിതത്തിലെ എല്ലാ കർമ്മങ്ങൾക്കും നീതിപൂർവ്വകമായ പ്രതിഫലം മരണശേഷം പരലോകത്തുവെച്ച് ലഭിക്കുമെന്ന് ദൃഢബോധ്യമുള്ളവരാണ് മതവിശ്വാസികൾ. അതവരുടെ നീതിബോധത്തെ തൃപ്തിപ്പെടുത്തുകയും കടുത്ത അനീതിക്കിരയാകുമ്പോഴും സ്വസ്ഥതയും സമാധാനവും പ്രത്യാശയും സമ്മാനിക്കുകയും ചെയ്യുന്നു. കെ.ഇ.എൻ. ഇക്കാര്യം തുറന്നുസമ്മതിക്കുന്നു: "തികഞ്ഞ ആത്മാർത്ഥതയോടെ നമ്മൾ ചെയ്ത ഒരു കാര്യം- അത് എല്ലാ അർത്ഥത്തിലും നീതിയുക്തമായിട്ടും- ക്രൂശിക്കപ്പെടുമ്പോൾ വല്ലാത്ത മാനസിക സംഘർഷം ഉണ്ടാവാറുണ്ട്. എന്താണതിനു പരിഹാരം? അപരിഹാര്യമായ പ്രശ്നങ്ങൾക്കുള്ള 'മെഡിസിനാണ്' പലപ്പോഴും മതം." (ibid)

ഡോക്ടർ യൂസുഫുൽ ഖറദാവി എഴുതുന്നു: 'വാനലോകത്തുനിന്ന് ഒഴുകിവരുന്ന തെന്നലാണ് ശാന്തി. ജനങ്ങൾ ചഞ്ചലമനസ്കരാകുമ്പോൾ വിശ്വാസികൾ ദൃഢചിത്തരാകുവാൻ, ജനങ്ങൾ സംശയിക്കുമ്പോൾ വിശ്വാസികളിൽ ദാർഢ്യം പകരുവാൻ, ജനങ്ങൾ വെപ്രാളം കാണിക്കുമ്പോൾ വിശ്വാസികൾക്ക് സഹനശക്തിയരുളുവാൻ, ജനങ്ങൾ അതിക്രമം കാണിക്കുമ്പോൾ വിശ്വാസികൾ സഹിഷ്ണുത പാലിക്കുവാൻ, ദൈവം വിശ്വാസികളിലേക്ക് മനശ്ശാന്തിയുടെ ഇളം തെന്നലയക്കുന്നു." (*വിശ്വാസവും ജീവിതവും-* പുറം:89)

"ഈ മനശ്ശാന്തി ദിവ്യ ചൈതന്യത്തിന്റെ ഭാഗമാണ്. അതിന്റെ പ്രകാശമാണ്. അതിൽ പരിഭ്രാന്തൻ ആശ്വാസം കണ്ടെത്തുന്നു. അസ്വസ്ഥൻ സ്വസ്ഥനാവുന്നു. ദുഃഖിതൻ ആശ്വസിക്കുന്നു. ക്ഷീണിതൻ വിശ്രമിക്കുന്നു. ദുർബലൻ ശക്തിനേടുന്നു. വഴിതെറ്റിയവൻ വഴികാണുന്നു." (ibid. പുറം:90)

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ധീരനായ വിപ്ലവകാരിയാണ് ഭഗത്സിംഗ്. ബ്രിട്ടീഷ് ഭരണകൂടം അദ്ദേഹത്തിന് വധശിക്ഷ വിധിച്ചു. കഴുമരത്തിന്റെ ചാരത്തുനിന്ന് അദ്ദേഹം പറഞ്ഞു: "വിശ്വാസം വൈഷമ്യ

സങ്ങളിൽ പലരും ദൈവത്തിൽ അഭയം പ്രാപിക്കുന്നു. അവർ ആശ്വാസം കൈവരിക്കുന്നു. അത്തരമൊരാശ്വാസം ലഭിക്കുന്നില്ല എന്നതിൽ ചില പ്പോഴൊക്കെ ഞാൻ ദുഃഖിക്കാറുണ്ട്. ജീവിതത്തിനൊരു ക്രമവും ചിട്ടയു മുണ്ടാക്കാൻ ദൈവവിശ്വാസത്തിനു കഴിയും. 'എന്റെ പാൽക്കാരൻ ദൈവ വിശ്വാസിയാവുന്നതാണ് എനിക്കിഷ്ടം' എന്ന് വോൾട്ടയർ പറഞ്ഞിട്ടുണ്ട്. അല്ലെങ്കിൽ അയാൾ പാലിൽ വെള്ളം ചേർക്കും." (ശബാബ് വാരിക - 2006 ജൂലായ് 14).

കെ.ഇ.എൻ. വീണ്ടും പറയുന്നു: "അന്ധനായ എന്റെ ഒരു വിദ്യാർത്ഥി യോട് സംസാരിച്ചപ്പോൾ, കടുത്ത നിരാശാബോധം അവനെ പിടികൂടിയ തായി എനിക്കു മനസ്സിലായി. മുസ്‌ലിമായ അവൻ പള്ളിയിൽ പോവാറില്ല എന്നു പറഞ്ഞു. ഞാനവനോട് പള്ളിയിൽ പോയി കൃത്യമായി നമസ്കരി ക്കണമെന്നാണ് ഉപദേശിച്ചത്. സ്വയംബോധത്തിന്റെ ആഴത്തിൽ നിന്നുള്ള വിശ്വാസം ജീവിതനിരാശയിൽപെട്ടവർക്ക് വലിയ ആശ്വാസം പകരും. അർത്ഥവത്തും ആത്മാർത്ഥവുമായിരിക്കണം അതെന്നുമാത്രം. അത്തര ത്തിൽ വ്യക്തിയെ സ്വാധീനിക്കാൻ വിശ്വാസത്തിനു സാധിക്കും. ഇതുത ന്നെയായിരുന്നു മതത്തോടുള്ള മാർക്സിന്റെ സമീപനം. യുക്തിവാദിയാ യിരുന്ന ഭഗത്സിംഗ് തൂക്കുമരത്തിലെത്തുമ്പോൾ പറയുന്നുണ്ട്; താനൊരു വിശ്വാസിയായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നുവെന്ന്." (ibid)

**നീതിബോധവും നിരാശയും**

മനുഷ്യകുലത്തിലെ ആദ്യകൊലയാളി ഖാബീൽ പിടികൂടപ്പെട്ടില്ല. കാരാഗൃഹത്തിലടക്കപ്പെട്ടില്ല. വധിക്കപ്പെട്ടതുമില്ല. ഇന്നും എന്നും എങ്ങും ഇതുതന്നെയാണവസ്ഥ. കൊലയാളികൾ സ്വൈരവിഹാരം നടത്തുന്നു. കൊള്ളക്കാർ രംഗം കയ്യടക്കുന്നു. ചൂഷകന്മാർ മാന്യത ചമയുന്നു. അഴി മതിക്കാർ സസുഖം വാഴുന്നു. അക്രമികൾ ആധിപത്യം നടത്തുന്നു. വഞ്ചകർ നാട്ടിലെങ്ങും വിഹരിക്കുന്നു. നീതി നടത്തേണ്ട ന്യായാധിപ ന്മാർ അനീതിക്ക് കൂട്ടുനിൽക്കുന്നു. പണത്തിനും പദവിക്കുമായി പരാക്ര മികളുടെ പക്ഷം ചേരുന്നു. അക്രമം അമർച്ച ചെയ്യേണ്ടവർ അരാജകത്വം സൃഷ്ടിക്കുന്നു.

പൊതുജനം എന്നും എവിടെയും പീഡിതർ തന്നെ. അവർ അക്രമ ത്തിനും അനീതിക്കും അടിപ്പെടുന്നു. നീതിക്കായുള്ള അവരുടെ അർത്ഥ നകളൊക്കെയും വ്യർത്ഥമാകുന്നു. തങ്ങൾ ക്രൂരമായി ചൂഷണം ചെയ്യ പ്പെടുന്നതുപോലും അവരറിയുന്നില്ല. അതിനാൽ നീതി പലപ്പോഴും മരീ ചികപോലെയായിത്തീരുന്നു. സാധാരണ ജനത്തിന് അപ്രാപ്യവും.

നന്മ നടത്തുന്നവരിവിടെ കൊടിയ കഷ്ടനഷ്ടങ്ങൾക്കിരയാവുന്നു. അകാരണമായി അക്രമിക്കപ്പെടുന്നു. നാടിന്റെ നേട്ടങ്ങൾക്കും സമൂഹ

ദൈവവിധികളിൽ വിശ്വാസമർപ്പിക്കുന്നവർ അപ്രതീക്ഷിതമായ അപകടങ്ങളെ അഭിമുഖീകരിക്കുമ്പോഴും കൊടും വിപത്തുകളെ നേരിടുമ്പോഴും വിഭ്രാന്തരാവുകയില്ല. എല്ലാവിധ കഷ്ടനഷ്ടങ്ങളും ദൈവവിധിയാണെന്ന് വിശ്വസിച്ച് സമാശ്വസിക്കുന്നു. ദിവ്യകാരുണ്യത്തിൽ പ്രതീക്ഷയർപ്പിച്ച് സ്വസ്ഥചിത്തരായി പുതിയ പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നു.

പ്രപഞ്ചനാഥനിൽ പ്രതീക്ഷകളർപ്പിക്കുകയും അഭയം തേടുകയും ചെയ്യുന്നവർ സുഖവും ദുഃഖവും എളുപ്പവും പ്രയാസവും രോഗവും ആരോഗ്യവും ജനനവും മരണവുമെല്ലാം അല്ലാഹുവിൽനിന്നാണെന്നറിയുന്നു. അതിനാൽ അനുകൂലാവസ്ഥകളിൽ അമിതമായി സന്തോഷിക്കുകയോ പ്രതികൂലപരിതഃസ്ഥിതിയിൽ പരിധിവിട്ട് ദുഃഖിക്കുകയോ ഇല്ല.

എന്നാൽ ഭൗതിക ജീവിതത്തിലെ സുഖസൗകര്യങ്ങളുമായി ബന്ധിപ്പിച്ച് സ്വപ്ന സാമ്രാജ്യങ്ങളും സങ്കൽപ സൗധങ്ങളും പണിയുന്നവർ അവ നിലംപൊത്തുന്നതോടെ നിരാശരാവുന്നു. അത്തരക്കാരാണ് ആത്മഹത്യയെക്കുറിച്ച് ആലോചിക്കുന്നത്. മറിച്ച് മുഴുവൻ മോഹങ്ങളെയും മരണാനന്തര ജീവിതവുമായി ബന്ധിപ്പിക്കുന്നവർ ഇവിടെയുണ്ടാവുന്ന അതിഗുരുതരമായ ആപത്തുകളെയും ആഘാതങ്ങളെയും ധീരമായി നേരിടുന്നു. അവയൊക്കെ വളരെ താൽക്കാലികങ്ങളാണെന്നും അവയെ സഹനത്തോടെയും ക്ഷമയോടെയും നേരിട്ട്, വരാനുള്ള ശാശ്വതമായ സ്വർഗ്ഗലബ്ധിക്ക് ഉപയോഗപ്പെടുത്തുകയാണ് വേണ്ടതെന്നും തിരിച്ചറിയുന്നു. അതുകൊണ്ടുതന്നെ മരണാനന്തര ജീവിതത്തിലും ദൈവവിധിയിലും വിശ്വസിക്കുന്നവർ കടുത്ത നിരാശക്കടിപ്പെടുകയോ ആത്മഹത്യയെക്കുറിച്ച് ആലോചിക്കുകയോ ഇല്ല.

താൻ ഈശ്വര വിശ്വാസിയല്ലെന്ന് സ്വയം വെളിപ്പെടുത്തുന്ന കെ.ഇ. എൻ. കുഞ്ഞഹമ്മദ് പറയുന്നു: "വിശ്വാസികൾക്ക് വലിയ തോതിൽ മനശ്ശാന്തി നേടാൻ സാധിക്കും. ഒരു മരണവീട്ടിൽ ചെന്നാൽ എനിക്ക് മനസ്സംഘർഷം വരുന്നു. അപകട മരണം സംഭവിച്ച യുവാക്കളുടെ ബന്ധുക്കളെ എന്തുപറഞ്ഞാണ് ഞാൻ ആശ്വസിപ്പിക്കുക? എന്റെ സുഹൃത്ത് കെ.ടി. സൂപ്പിയുടെ കുട്ടി പുഴയിൽ മുങ്ങിമരിച്ചു. പിന്നീട് അദ്ദേഹത്തെ കണ്ടപ്പോൾ എനിക്ക് ആശ്വാസവാക്കുകളൊന്നും പറയാൻ സാധിച്ചില്ല. 'എന്റെ കുട്ടിയെ എനിക്കിനി സ്വർഗ്ഗത്തിൽ വെച്ചുകാണാം' എന്നു സൂപ്പിമാഷ് പറയുന്നു. അദ്ദേഹം അങ്ങനെ വിശ്വസിക്കുന്നതിൽ എനിക്കും സന്തോഷമുണ്ട്. എന്റെ മകൻ ഗുരുതരമായ അപകടത്തിൽപ്പെട്ടു. ജീവൻ തിരിച്ചുകിട്ടിയപ്പോൾ എന്റെ സുഹൃത്തുക്കൾ പലരും പറഞ്ഞു, ദൈവം രക്ഷിച്ചതാണെന്ന്. ദൈവമാണ് രക്ഷിച്ചതെങ്കിൽ എനിക്കു വളരെ സന്തോഷം. പലരും എന്റെ മകനുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട്. ജീവിതത്തിലെ പ്രയാ

ലഭ്യമായ സാധ്യതകൾക്കനുസരിച്ച ബാധ്യതയാണുണ്ടാവുക. കണ്ണുള്ള വന്റെ ബാധ്യത അതില്ലാത്തവനില്ല. കയ്യുംകാലുമുള്ളവന്റെത് വികലാംഗനില്ല. പ്രതിഭാശാലിയുടെ ബാധ്യത സാമാന്യബുദ്ധിക്കില്ല. മന്ദബുദ്ധിക്ക് അത്രയുമില്ല. ആരോഗ്യവാന്റെ ബാധ്യത രോഗിക്കില്ല. ആണിന്റെ ബാധ്യത പെണ്ണിനില്ല. പെണ്ണിന്റെ ബാധ്യത ആണിനുമില്ല. ഓരോരുത്തർക്കും നൽകപ്പെട്ട സാധ്യതകളനുസരിച്ചാണ് ബാധ്യത. അത് പൂർത്തീകരിച്ചാൽ മരണശേഷം ദൈവത്തിന്റെ പ്രീതിയും പ്രതിഫലമായ ശാശ്വത സ്വർഗ്ഗവും, ലംഘിച്ചാൽ ദൈവകോപവും ശിക്ഷയായ നരകവും. അതിനാൽ ആരോടും അനീതിയോ വിവേചനമോ ഇല്ല.

ഭൂമിയിലെ മനുഷ്യജീവിതം ഒരു പരീക്ഷണമാണ്. ഇത് കർമങ്ങളുടെ ഇടമാണ്. കർമഫലം മരണശേഷം മറുലോകത്താണ്. മനുഷ്യന്റെ കഴിവും കഴിവുകേടും ശക്തിയും ദൗർബ്ബല്യവും ദൈവനിശ്ചിതമാണ്. അതിനാൽ ലഭ്യമായ അനുഗ്രഹങ്ങളും കഴിവുകളും എങ്ങനെ വിനിയോഗിക്കുന്നുവെന്നതാണ് പ്രധാനം. ദൈവഹിതത്തിനൊത്തോ ദൈവധിക്കാരത്തിലോ? പരിശോധിക്കപ്പെടുന്നതും പരീക്ഷിക്കപ്പെടുന്നതും അതുതന്നെ. ദിവ്യവെളിപാടുകളുടെ വെളിച്ചത്തിലൂടെ നടക്കുന്നവർ വിജയിക്കുന്നു. അതവഗണിച്ച് അന്ധകാരത്തിലലയുന്നവർ അപകടത്തിലകപ്പെടുന്നു. ഈ വിശ്വാസദർശനം അംഗീകരിക്കുന്നതോടെ ജീവിതത്തിന്റെ ലക്ഷ്യം നിർണ്ണയിക്കപ്പെടുന്നു. ദൈവപ്രീതിയും പ്രതിഫലവും നേടലാണത്. നരകശിക്ഷയിൽനിന്ന് രക്ഷ പ്രാപിക്കലും സ്വർഗ്ഗം സമ്പാദിക്കലും. അതോടെ മനുഷ്യജീവിതത്തിലെ എല്ലാറ്റിനും ദിശ ലഭിക്കുന്നു. വിദ്യാഭ്യാസവും തൊഴിലും കൃഷിയും കച്ചവടവും തീനും കുടിയും ഉൾപ്പെടെ എല്ലാം ലക്ഷ്യസാക്ഷാത്ക്കാരത്തിനുള്ള മാർഗ്ഗമായി മാറുന്നു. അതുകൊണ്ടുതന്നെ അലക്ഷ്യതയും അതുണ്ടാക്കുന്ന അശാന്തിയും വിശ്വാസികൾക്ക് തീർത്തും അന്യമായിരിക്കും.

### വിധിവിശ്വാസം

മനുഷ്യന്റെ മുഴുവൻ മോഹങ്ങളും പൂവണിയാറില്ല. എന്നാൽ അതുകൊണ്ടുമാത്രം ആരും ഒന്നും ആഗ്രഹിക്കാതിരിക്കാറില്ല. കർമങ്ങൾക്ക് ഇവിടെ അവയിലേർപ്പെട്ടവർ ലക്ഷ്യംവെച്ച ഫലംതന്നെ ഉണ്ടാവണമെന്നില്ല. ലാഭമഭിലഷിക്കുന്ന വ്യാപാരി നഷ്ടം സഹിക്കേണ്ടിവരുന്നു. മെച്ചപ്പെട്ട വരുമാനം പ്രതീക്ഷിച്ച് വയലേലകളിൽ വേല ചെയ്യുന്ന കർഷകന് വിള നഷ്ടമുണ്ടാകുന്നു. എങ്കിലും അത്തരം സാധ്യതകൾ ആരെയും നിഷ്ക്രിയരാക്കാറില്ല. ആക്കാവതുമല്ല. വിജയവും നേട്ടവും പ്രതീക്ഷിച്ച് കർമ്മങ്ങളിലേർപ്പെടാറാണ് പതിവ്. മനുഷ്യൻ കൊതിച്ചതല്ല കിട്ടുക; ദൈവം വിധിച്ചതാണ്.

വിവരമറിഞ്ഞപ്പോൾ ഉർവത് പറഞ്ഞു: "അല്ലാഹുവേ, നിനക്കു സ്തുതി. എനിക്ക് ഏഴുമക്കളുണ്ട്. ഒരാളെ നീ തിരിച്ചുവിളിച്ചു. ആറുപേരെ എനിക്കുതന്നെ തിരിച്ചു തന്നിരിക്കുന്നു. അവരെയും മടക്കിവിളിക്കാൻ കഴിവുള്ളവനല്ലോ നീ. എന്നിട്ടും നീ അങ്ങനെ ചെയ്തില്ല. എന്റെ നാല് അവയവങ്ങളിൽ ഒന്ന് നീ എടുത്തു. അതൊക്കെയും തന്നവൻ നീ തന്നെ. മൂന്ന് അവയവങ്ങൾ ബാക്കിവെച്ചിരിക്കുന്നു. നീ ഇച്ഛിച്ചിരുന്നുവെങ്കിൽ അവയും എന്നിൽനിന്നെടുക്കാൻ കഴിവുറ്റവനല്ലേ, നീ. എന്നിട്ടും നീ അങ്ങനെ ചെയ്തില്ല. നീ എത്ര ഉദാരൻ! കരുണാമയൻ!"

വ്യക്തിപരമായ ഒരനുഭവം ഓർക്കുന്നു. സേലത്തുവെച്ചുണ്ടായ ഒരു വാഹനാപകടത്തിൽ തൃശൂരിലെ വ്യാപാരിയായ യൂസുഫ് അലിയുടെ കുടുംബത്തിലെ അഞ്ചംഗങ്ങൾ ഒരൊറ്റ ദിവസം മരണമടഞ്ഞു. ഗൃഹനാഥനെ ആശ്വസിപ്പിക്കാനായി കൂട്ടുകാരൻ ശഹീദിനോടൊന്നിച്ച് ആ വീട്ടിൽ ചെന്നു. യൂസുഫ് അലി പതിവുപോലെ ഞങ്ങളെ സ്വാഗതം ചെയ്തു. ആശ്വാസവാക്കുകൾ പറയുംമുമ്പെ അദ്ദേഹം പറഞ്ഞു: "അല്ലാഹു നൽകിയ കുട്ടികളെ അവൻ തിരിച്ചെടുത്തിരിക്കുന്നു. അവൻ അനുഗ്രഹിച്ചെങ്കിൽ സ്വർഗ്ഗത്തിൽ വെച്ചു കാണാം. താങ്കളും പ്രാർത്ഥിക്കുമല്ലോ."

കാറൽ മാർക്സിന് കിട്ടാത്ത ശാന്തിയും സ്വസ്ഥതയുമാണ് തൃശൂരിലെ സാധാരണക്കാരനായ ഈ കച്ചവടക്കാരന് ലഭിച്ചത്. പരലോക വിശ്വാസം സമ്മാനിച്ച ശുഭപ്രതീക്ഷയും സ്വാസ്ഥ്യവുമാണിത്.

**വാതരോഗത്തിനടിപ്പെട്ടവർ**

സുഹൃത്തുക്കൾക്കിടയിൽ സന്തോഷത്തോടെ ജീവിച്ചുകൊണ്ടിരിക്കെ ആകസ്മികമായി വാതരോഗത്തിനടിപ്പെടുന്നു. പലവിധ ചികിത്സകളും നടത്തിനോക്കുന്നു. പക്ഷേ, ഒന്നും ഫലപ്പെടുന്നില്ല. അവസാനം അലോപ്പതിയും ആയുർവേദവും ഹോമിയോപ്പതിയും ഉൾപ്പെടെ എല്ലാവിധ വൈദ്യവിദ്യകളും രോഗം ഭേദമാവുകയില്ലെന്ന് വിധിയെഴുതി. അതോടെ രോഗി താനിനി ഒരിക്കലും കട്ടിലിൽനിന്ന് നിലത്തിറങ്ങി നടക്കുകയില്ലെന്ന് മനസ്സിലാക്കുന്നു. എങ്കിൽ അയാൾ അത്യധികം അസ്വസ്ഥനായില്ലെങ്കിലേ അത്ഭുതമുള്ളൂ. ഇത്തരം സാഹചര്യങ്ങളിൽ ആ രോഗിയെ ആശ്വസിപ്പിക്കാൻ ലോകത്തൊരു ഭൗതിക ശാസ്ത്രത്തിനും പ്രത്യയശാസ്ത്രത്തിനും സാധ്യമല്ല. എന്നാൽ പ്രപഞ്ച നാഥനിൽ എല്ലാം സമർപ്പിച്ച ദൃഢവിശ്വാസി ഏറെ പ്രയാസകരമായ ഈ അവസ്ഥയിൽപോലും പ്രസന്നവദനനായിരിക്കും. ഒട്ടും നിരാശനാവുകയില്ല. അയാൾ മനസ്സമാധാനത്തോടെ ആത്മഗതം ചെയ്യുന്നു: "എനിക്ക് കയ്യും കാലും കണ്ണും കാതും നാക്കും മൂക്കും ആയുസ്സും ആരോഗ്യവും ജീവനും ജീവിതവും നൽകിയത് ദൈവമാണ്. അവൻ കനിഞ്ഞേകിയ ആരോഗ്യം തൽക്കാലം തിരിച്ചെടുത്തിരിക്കുന്നു.

അവരനുഭവിക്കുന്ന ആകുലതകളും സന്ദേഹങ്ങളും വായനക്കാരുമായി പങ്കുവെക്കുന്നു ('ഉണരാത്ത ഉറക്കത്തെക്കുറിച്ച് ചില വിചാരങ്ങൾ' *മാധ്യമം* ആഴ്ചപ്പതിപ്പ് 2007 ആഗസ്ത് 10). അതിലൂടെ കടന്നുപോകുന്ന ഏവർക്കും അവരനുഭവിക്കുന്ന അന്തഃസംഘർഷത്തിന്റെ ആഴം ബോധ്യമാകും. അവരെഴുതുന്നു: 'ഞാനേറെ സ്നേഹിച്ചവർ, എന്നെ ഏറെ സ്നേഹിച്ചവർ എല്ലാം ഇട്ടെറിഞ്ഞുപോയപ്പോൾ ജീവിതത്തെയും മരണത്തെയും കുറിച്ച് കുറച്ചൊക്കെ പഠിക്കാൻ എന്നെ പ്രേരിപ്പിക്കുന്നു. മരിച്ചവർ ഒരുത്തരും സ്വപ്നത്തിൽ പോലും എന്റെ അടുത്തെത്തുന്നില്ല. മരിച്ചുകഴിഞ്ഞാൽ ഒരു ശൂന്യതയിലെത്തുമെന്ന നിഗമനത്തിലാണ് ഞാനിന്ന്. മരണത്തെയും ജീവിതത്തെയും അപഗ്രഥിക്കാൻ ഞാനാരുമല്ല എന്ന് എനിക്ക് നന്നായറിയാം. ഇന്നത്തെ എന്റെ മാനസികാവസ്ഥയിൽ ഉരുത്തിരിയുന്ന കാര്യങ്ങൾ ഇവിടെ പകർത്തുക മാത്രമാണ്. ഏകയായിരിക്കുമ്പോൾ ഞാനേറെ ചിന്തിക്കുന്നത് മരണത്തെക്കുറിച്ചുമാത്രം. ജീവിതത്തിന്റെ എല്ലാ മുഖത്തോടും ഇപ്പോൾ എനിക്ക് താൽപര്യം തോന്നാറുമില്ല. സ്നേഹവും ആശ്വാസവും തരുന്ന ഒരാൾ കൂടെ ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാനിപ്പോൾ ആശിക്കുന്നു.'

കാലം കണ്ട മഹാനായ ദാർശനികനാണ് കാറൽ മാർക്സ്. 1855-ൽ അദ്ദേഹത്തിന്റെ ഇഷ്ടപുത്രൻ എഡ്ഗാറിന് ഗുരുതരമായ രോഗം ബാധിച്ചു. എട്ടുവയസ്സുള്ള അതിസമർത്ഥനായ ആ കുട്ടി 'മുഷ്' എന്ന ഓമനപ്പേരിലാണറിയപ്പെട്ടിരുന്നത്. മറ്റു ആൺകുട്ടികൾ നേരത്തെ മരണമടഞ്ഞിരുന്നതിനാൽ പുത്രനായി മുഷ് മാത്രമെ ഉണ്ടായിരുന്നുള്ളൂ. മകന്റെ ശയ്യക്കരികിൽ ഉറക്കമൊഴിച്ച് കഴിച്ചുകൂട്ടിയ മാർക്സ് ആ ഘട്ടത്തിൽ തന്റെ ആത്മമിത്രമായ ഫ്രെഡറിക് ഏംഗൽസിനെഴുതി: "ഹൃദയം നീറുകയാണ്, തല പുകയുകയാണ്" പിന്നീട് മുഷ് മരണമടഞ്ഞു. അപ്പോൾ വീണ്ടും എഴുതി: "പാവം മുഷ് മരിച്ചു... എന്റെ ദുഃഖം എത്ര വലുതാണെന്നറിയാമല്ലോ. ഒട്ടേറെ കഷ്ടപ്പാടുകൾ അനുഭവിച്ചിട്ടുള്ളവനാണ് ഞാൻ. പക്ഷേ, യഥാർത്ഥ ദുഃഖമെന്നാലെന്താണെന്ന് ഇപ്പോഴാണെനിക്കു മനസ്സിലായത്."

പ്രസിദ്ധ പണ്ഡിതനും വിശുദ്ധ ജീവിതത്തിന്റെ ഉടമയുമായിരുന്നു ഉർവതുബ്നുസുബൈർ. അദ്ദേഹത്തിന്റെ കാലിന് പഴുപ്പു ബാധിച്ചു. മുട്ടിനുമുകളിൽ മുറിച്ചു മാറ്റണമെന്നായിരുന്നു ഡോക്ടറുടെ നിർദ്ദേശം. വേദന അറിയാതിരിക്കാൻ ഡോക്ടർ അദ്ദേഹത്തിന് ബോധം കെടുത്തുന്ന മരുന്നു നൽകി. പക്ഷേ, അദ്ദേഹം അതുകഴിക്കാൻ സന്നദ്ധനായിരുന്നില്ല. അബോധാവസ്ഥ ഉണ്ടായാൽ അല്ലാഹുവെ ഓർത്തും പ്രാർത്ഥിച്ചും കഴിയാൻ സാധിക്കുകയില്ലെന്നതായിരുന്നു കാരണം. ഉർവത് നിർവികാരനായി തന്റെ കാൽ നീട്ടിക്കൊടുത്തു. ഡോക്ടർ അതു മുറിച്ചു മാറ്റി. അതേ ദിവസംതന്നെ ഓമനമകൻ മട്ടുപ്പാവിൽനിന്ന് വീണു മരണമടഞ്ഞു.

- ഒമ്പത് -

## അനുഭവങ്ങൾ, പാഠങ്ങൾ

ജീവിതം സുഖദുഃഖ സമ്മിശ്രമാണ്. അതിൽ കയ്പും മധുരവും എളുപ്പവും പ്രയാസവും എല്ലാമുണ്ട്. ഭിന്ന വിരുദ്ധമായ ഈ രണ്ടവസ്ഥകളും അനുഭവിക്കാത്ത ആരുമുണ്ടാവില്ല.

ഏകമകന്റെ മാതാപിതാക്കൾ. കാണികളിൽ കൗതുകമുണർത്തുന്ന ആറേഴു വയസ്സുള്ളപ്പോൾ ആ കുഞ്ഞ് മരണമടയുന്നു. ഇത്തരം അനുഭവങ്ങൾക്കിരയാവുന്ന വ്യക്തികളനുഭവിക്കുന്ന വ്യഥ വിവരണാതീതമാണ്. ഏകമകന്റെ കൊച്ചു പ്രായത്തിലുള്ള വേർപാട് വരുത്തുന്ന വേദനയകറ്റാൻ കേവലമായ ആശ്വാസവചനങ്ങൾക്കാവില്ല. എന്നാൽ അപ്പോഴും വിശ്വാസിയുടെ മനസ്സ് മന്ത്രിക്കുന്നു: "തനിക്ക് കുഞ്ഞിനെ കനിഞ്ഞേകിയത് കരുണാമയനായ അല്ലാഹുവാണ്. മകനെ മടക്കിവിളിച്ചതും അവൻ തന്നെ. അതിനാൽ തന്നെക്കാൾ സ്നേഹവും കരുണയും വാത്സല്യവുമുള്ള സ്രഷ്ടാവിന്റെ വശം മകനെ തിരിച്ചേൽപിക്കുകയാണ് താൻ ചെയ്തത്. അക്ഷമ കാണിക്കുന്നത് അസ്ഥാനത്താണ്. ക്ഷമയവലംബിച്ച് ദൈവപാത പിന്തുടർന്നാൽ ലഭിക്കാനുള്ളത് ശാശ്വത സ്വർഗ്ഗമാണ്. അതിന്റെ കവാടത്തിൽ തന്റെ മകൻ മന്ദസ്മിതനായി തന്നെ സ്വാഗതം ചെയ്യാൻ കാത്തുനിൽക്കുന്നുണ്ടാകും."

എന്നാൽ ഈ വിശ്വാസം സമ്മാനിക്കുന്ന സ്വസ്ഥതയും സഹനവും അതില്ലാത്തവർക്ക് അപ്രാപ്യമായിരിക്കും. അത്തരം സന്ദർഭങ്ങളിൽ എത്ര വലിയ പ്രതിഭാശാലികളും വിപ്ലവകാരികളും അശാന്തരാകും.

കേരളം കണ്ട ദൈവനിഷേധികളിൽ പ്രമുഖനാണ് പവനൻ. യുക്തിവാദി സംഘത്തിന്റെ നേതാവായിരുന്ന അദ്ദേഹത്തിന്റെ ഭാര്യ പാർവതി പവനൻ എഴുതിയ ആത്മകഥയാണ് *പവനപർവം.* ഓർമ നഷ്ടപ്പെട്ട് കൊല്ലങ്ങളോളം ജീവിച്ച പവനനോടൊന്നിച്ചു കഴിഞ്ഞ നാളുകളിലെ ഹൃദയവേദന വായനക്കാരിൽ നൊമ്പരമുണർത്തുംവിധമാണ് ആത്മകഥയിൽ വിവരിക്കുന്നത്. പിന്നീട് പവനന്റെ വിയോഗം സൃഷ്ടിച്ച ഏകാന്തതയിൽ

ത്തിന്റെ കാഠിന്യം കുറക്കുന്നു. ചിലപ്പോൾ അതിനെ സുഖകരമാക്കി യെന്നും വരാം. ദൈവത്തിൽ മനുഷ്യന് വളരെ ശക്തമായ ആശ്വാസവും ആലംബവും കണ്ടെത്താനാകും. കൊടുങ്കാറ്റുകളുടെയും ചുഴലിക്കാറ്റു കളുടെയും നടുവിൽ സ്വന്തം കാലിൽനിൽക്കുകയെന്നത് കുട്ടിക്കളിയല്ല... പക്ഷേ, എനിക്കെന്താണ് പ്രതീക്ഷിക്കാനുള്ളത്? കൊലക്കയർ കഴുത്തി ലിടുകയും കാൽച്ചുവട്ടിൽനിന്ന് പലക തട്ടിനീക്കുകയും ചെയ്യുന്ന നിമിഷം എന്റെ അന്ത്യനിമിഷമായിരിക്കുമെന്ന്- അതാവും അവസാനനിമിഷമെന്ന് എനിക്കറിയാം. ഞാൻ -കൂടുതൽ കൃത്യമായി ആധ്യാത്മിക ഭാഷയിൽ പറഞ്ഞാൽ എന്റെ ആത്മാവ്- അതോടെ തീരും. അപ്പുറമൊന്നുമില്ല. അത്ര മഹത്തരമൊന്നുമല്ലാത്ത അന്ത്യത്തോടുകൂടിയ ഹ്രസ്വമായ ഒരു സമര ജീവിതമായിരിക്കും -അതിനെ ആ വെളിച്ചത്തിൽ കാണാനുള്ള ധൈര്യം എനിക്കുണ്ടെങ്കിൽ- എനിക്കുള്ള പാരിതോഷികം- അത്രമാത്രം."

(ഉദ്ധരണം. കെ.ഇ.എന്നിന്റെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, പുറം: 590, 591)

തീവ്ര ഇടതുപക്ഷ പ്രവർത്തകൻ പൊന്ന്യത്തെ രാമകൃഷ്ണന്റെ ആത്മഹത്യയെക്കുറിച്ച് എഴുതവെ അതു നടന്നതിന്റെ പിറ്റേന്നാളത്തെ അനുഭവം എ. സോമൻ ഇങ്ങനെ കുറിച്ചിട്ടു:

"അല്ലാഹു അക്ബർ....

ഞാനുണർന്നു; അടുത്ത പള്ളിയിലെ ബാങ്കുവിളികേട്ടുകൊണ്ട്. ആ സ്വരത്തിലെ അഭൗമധാര പൊടുന്നനെ എന്നെ സ്വസ്ഥചിത്തനാക്കി. ആത്മ ഹത്യക്കും അതിജീവനത്തിനുമിടയിൽ ആ ദൈവസ്തുതിയിലടങ്ങിയ തരളത, പിറന്നതും പിറക്കാനിരിക്കുന്നതുമായ മഹാകാലത്തിന്റെ ഓർമ കൾ ചുരത്തി എന്നിൽ. പിന്നീട് ഏറെക്കാലം എന്നിൽ ഘനീഭൂതമായി കിടന്നു ആ ബാങ്കുവിളി. പല ആപദ്ഘട്ടങ്ങളിലും സ്വൈരം നശിക്കു മ്പോൾ എന്റെ ഉപബോധം എനിക്കയക്കാറുള്ള സന്ദേശം." (ഉദ്ധരണം: *ആത്മഹത്യ*: ഷാനവാസ് എം.എ, സജീഷ് എൻ.പി. പുറം: 180)

കടുത്ത നിരാശക്കും അതിൽനിന്നുടലെടുക്കുന്ന ആത്മഹത്യക്കും അറുതിവരുത്തുന്ന വിശ്വാസദർശനമാണ് മതമെന്ന് പറയാനുള്ള കാര ണവും അതുതന്നെ.

അവരെപ്പോലെ തമ്പുകളിലുറങ്ങും. മുഹമ്മദ് നബിയെക്കുറിച്ച് 'അർറസൂൽ' എന്ന ഒരു ഗ്രന്ഥമെഴുതാൻ മാത്രം ഇസ്‌ലാമിനെക്കുറിച്ച് ഞാൻ അഗാധമായി പഠിച്ചു. മരുഭൂവാസികളായ ഈ സഞ്ചാരിവർഗത്തോടൊപ്പം കഴിച്ചുകൂട്ടിയ വർഷങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റവും സമാധാനപൂർണവും ശാന്തിദായകവും ആസ്വാദ്യകരവുമായ കാലഘട്ടമായിരുന്നു.

'അസ്വസ്ഥതകളെ എങ്ങനെ കീഴടക്കണമെന്ന് മരുഭൂമിയിലെ ഈ അറബികളിൽനിന്ന് ഞാൻ പഠിച്ചു. അവർ മുസ്‌ലിംകളായിരുന്നതിനാൽ ദൈവനിശ്ചയത്തിലും വിധിയിലും വിശ്വസിക്കുന്നവരായിരുന്നു. വിശ്വാസം സമാധാനപൂർണമായ ജീവിതം നയിക്കാൻ അവരെ സഹായിച്ചു. ജീവിതം സുഖകരവും സുഗമവുമായ പന്ഥാവിലൂടെ നീങ്ങി. ഒരു കാര്യത്തിലും അവർ ഖിന്നതയുടെയും വിഷാദത്തിന്റെയും ദംഷ്ട്രങ്ങളിൽ ജീവിതത്തെ കുരുക്കിയിട്ടില്ല. വിധിക്കപ്പെട്ടതെന്തോ അതു സംഭവിക്കുമെന്നും ദൈവം നിശ്ചയിച്ച വിപത്തുകളല്ലാതെ തങ്ങളെയൊന്നും ബാധിക്കുകയില്ലെന്നും അവർ വിശ്വസിച്ചു. അവർ പ്രയത്നരഹിതമായ ദൈവാർപ്പണം നടത്തുകയോ ദുരന്തങ്ങളെ കൈകെട്ടി നോക്കിനിൽക്കുകയോ ആയിരുന്നുവെന്ന് ഇതിനർഥമില്ല. തെളിവായി ഒരു സംഭവമുദ്ധരിക്കട്ടെ:

'ഒരുദിവസം ശക്തിയായ കൊടുങ്കാറ്റടിച്ചു. അത് മരുഭൂമിയിലെ മണലിനെ മധ്യധരണ്യാഴിക്കപ്പുറത്തേക്ക് കൊണ്ടുപോയി. ചൂട് അതി കഠിനമായിരുന്നു. എന്റെ മുടിയിഴകൾ പിഴുതെടുക്കപ്പെട്ടപോലെ തോന്നി. ദുസ്സഹമായ അത്യുഷ്ണം മൂലം എനിക്കു ഭ്രാന്തുപിടിക്കുമോ എന്നുപോലും ഞാൻ ഭയപ്പെട്ടു. പക്ഷേ, അറബികൾക്ക് അതൊരു പ്രശ്നമേ ആയിരുന്നില്ല. ചുമൽ കുലുക്കിക്കൊണ്ട് അവർ പരമ്പരാഗത പ്രയോഗം ഉരുവിടുകമാത്രം ചെയ്തു: നിശ്ചയിക്കപ്പെട്ട വിധി! കൊടുങ്കാറ്റ് ശമിച്ച ഉടനെ അവർ സാധാരണ മട്ടിൽ അത്യുൽസാഹത്തോടെ ജോലി തുടങ്ങി. ഉഷ്ണാഘാതത്താൽ ചത്തുപോകാൻ സാധ്യതയുള്ള ആട്ടിൻകുട്ടികളെ പിടിച്ചറുത്തു. പിന്നെ കുട്ടികൾ ആട്ടിൻ പറ്റങ്ങളെ തെക്കുഭാഗത്തുള്ള ജലാശയത്തിനടുത്തേക്ക് നയിച്ചു. ഇതൊക്കെ ചെയ്യുമ്പോൾ തികച്ചും ശാന്തരായിരുന്നു അവർ. ആർക്കും ഒരാവലാതിയും ഉണ്ടായിരുന്നില്ല. ഗോത്രത്തലവൻ പറഞ്ഞു: നമുക്കു വലിയ നഷ്ടമൊന്നും പറ്റിയിട്ടില്ല. എല്ലാം നഷ്ടപ്പെടേണ്ടതായിരുന്നു. ദൈവത്തിനു സ്തുതി! നമ്മുടെ കന്നുകാലികളിൽ 40 ശതമാനത്തോളം ശേഷിച്ചിട്ടുണ്ട്. നമുക്കു ജോലി തുടരാൻ ഇത്രയും കൊണ്ട് സാധിക്കും.' (ഉദ്ധരണം: *വിശ്വാസവും ജീവിതവും* ഡോ. യൂസുഫുൽ ഖറദാവി. പുറം: 138,139)

ഗരോ മന്ദബുദ്ധികളോ ആയ സന്താനങ്ങളുണ്ടാവുന്നവർ, പെട്ടെന്ന് ഗുരുതരമായ രോഗത്തിന്നടിപ്പെടുന്നവർ-ഇങ്ങനെ പലതരം പ്രയാസങ്ങളനുഭവിക്കുന്ന പലരെയും കാണാം. എന്നല്ല; ഏതെങ്കിലും വിധത്തിൽ വിഷമമനുഭവിക്കാത്ത ആരും ലോകത്തുണ്ടാവില്ല. സ്വഭാവത്തിലും തോതിലും വ്യത്യാസമുണ്ടാകുമെന്നുമാത്രം. ചിലപ്പോൾ നിരന്തരമായ നാശനഷ്ടങ്ങളാണ് നമ്മെ തേടിയെത്തുക. വളരെ പ്രതീക്ഷയോടെ ചെയ്യുന്ന പലതും വിപരീതഫലങ്ങളുളവാക്കിയേക്കാം. കർമ്മങ്ങൾക്ക് അവയിലേർപ്പെടുന്നവർ ലക്ഷ്യംവെച്ച ഫലം തന്നെ ഉണ്ടാവണമെന്നില്ലല്ലോ.

വിപത്തുകൾ വരുമ്പോൾ ഏറെപേരും അസഹ്യമായ അസ്വസ്ഥതയും അക്ഷമയും പ്രകടിപ്പിക്കുന്നു. വേവലാതിപ്പെടുകയും പരാതിപറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ ക്രമേണ കൊടിയ നിരാശയിലേക്കും അവസാനം സ്വയം നാശത്തിലേക്കും നീങ്ങുന്നു. എന്നാൽ യഥാർത്ഥവിശ്വാസികൾ എല്ലാം അല്ലാഹുവിന്റെ പരീക്ഷണങ്ങളാണെന്ന് തിരിച്ചറിയുന്നു. ക്ഷമിച്ചാലും അക്ഷമകാണിച്ചാലും ഭൗതികഫലം ഒന്നുതന്നെ. അക്ഷമ അസ്വാസ്ഥ്യം വർധിപ്പിക്കും. ക്ഷമയും സഹനവും ശാന്തിയേകും. ദൈവസന്നിധിയിൽ ക്ഷമിക്കുന്നവർക്ക് അതിമഹത്തായ പ്രതിഫലമുണ്ട്. ക്ഷമകേട് കാണിക്കുന്നവർക്ക് കൊടിയ ശിക്ഷയും.

“ഭയം, പട്ടിണി, ജീവധനാദികളുടെ നഷ്ടം, വിളനാശം എന്നിവയിലൂടെ നാം നിങ്ങളെ പരീക്ഷിക്കുകതന്നെ ചെയ്യും. അപ്പോഴൊക്കെ ക്ഷമിക്കുന്നവരെ ശുഭവാർത്ത അറിയിക്കുക. ഏതൊരു വിപത്തു വരുമ്പോഴും അവർ പറയും: ഞങ്ങൾ അല്ലാഹുവിന്റേതാണ്. അവനിലേക്കുതന്നെ തിരിച്ചു ചെല്ലേണ്ടവരും. അവർക്ക് തങ്ങളുടെ നാഥനിൽനിന്ന് അതിരറ്റ അനുഗ്രഹങ്ങളും കാരുണ്യവുമുണ്ട്. അവർ തന്നെയാണ് നേർവഴി പ്രാപിച്ചവർ. (ഖുർആൻ 2:155-157)

കേരളത്തിലും ഇന്ത്യയുടെ ഇതര ഭാഗങ്ങളിലും ഇന്ന് ഏറ്റവും കൂടുതൽ ആത്മഹത്യ ചെയ്യുന്നത് കർഷകരാണല്ലോ. അതിനു കാരണമാകുന്നതോ കൃഷിനാശവും കാർഷികോൽപന്നങ്ങളുടെ വിലയിടിവും. എന്നാൽ ഇത്തരം എല്ലാ പ്രകൃതിവിപത്തുകളെയും തികഞ്ഞ സമചിത്തതയോടെ നേരിടാൻ വിശ്വാസികൾക്കു സാധിക്കും. പാശ്ചാത്യൻ ഗ്രന്ഥകാരനായ എഫ്.സി. ബോദലി ‘ഞാൻ ദൈവത്തിന്റെ പറുദീസയിൽ ജീവിച്ചു’ എന്ന തലക്കെട്ടിലെഴുതി: ‘1918 മുതൽ പടിഞ്ഞാറൻ ആഫ്രിക്കയിലൊരിടത്ത് മരുഭൂമിയിൽ അപരിഷ്കൃതരായ ഒരു ജനവിഭാഗത്തിനിടയിൽ ഏഴുവർഷത്തോളം ഞാൻ കഴിച്ചുകൂട്ടി. അക്കാലത്തിനിടയ്ക്ക് ഞാനവരുടെ ഭാഷ വശത്താക്കി. അവരുടെ രീതിയിൽ വസ്ത്രം ധരിക്കുകയും ആഹാരം കഴിക്കുകയും അവരുടെ ജീവിതരീതികൾ അനുകരിക്കുകയും ചെയ്തു. ആട്ടിൻപറ്റങ്ങളോടൊപ്പം അതിരാവിലെ ഞാൻ പോകും.

പ്രസംഗിച്ചു. പുസ്തകരചനയിൽ മുഴുകി. രോഗബാധിതനായി കഴിഞ്ഞ ഏഴുവർഷത്തിനിടയിലാണ് അദ്ദേഹം ശ്രദ്ധേയമായ മൂന്നു ഗ്രന്ഥങ്ങളെഴുതിയത്.

1962-ൽ ആശുപത്രിയിലായിരിക്കെ ആശ്വസിപ്പിക്കാനെത്തിയ കൂട്ടുകാരനോട് അദ്ദേഹം പറഞ്ഞു: "ഞാൻ രോഗിയാണ് സംശയമില്ല. എന്റെ കൈക്കും കാലിനും വേദനയുണ്ട്. എങ്കിലും എന്റെ കാര്യത്തിൽ അല്ലാഹു ചെയ്തുതന്ന അനുഗ്രഹം നോക്കൂ. അവൻ എന്നെ തീർത്തും തളർത്താൻ ശക്തനായിട്ടും എന്റെ ഒരു ഭാഗമേ തളർന്നുള്ളൂ. അതും ഇടതുവശം. തളർന്നത് വലത് കയ്യായിരുന്നുവെങ്കിൽ എനിക്ക് എഴുതാൻ സാധിക്കുമായിരുന്നോ? എന്റെ കാഴ്ചശക്തി നശിപ്പിക്കാൻ കഴിവുള്ള അല്ലാഹു എനിക്ക് അത്യാവശ്യമായ ആ കഴിവ് എടുത്തുകളഞ്ഞിട്ടില്ല. എന്റെ മസ്തിഷ്കത്തെ മരവിപ്പിക്കാൻ അല്ലാഹുവിന് ഒട്ടും പ്രയാസമില്ല. എന്നിട്ടും എനിക്ക് മനസ്സിലാക്കാനും ചിന്തിക്കാനും അവനത് വിട്ടുതന്നിരിക്കുന്നു. എന്റെ നാവിന്റെ ആരോഗ്യം അവൻ നിലനിർത്തിയിരിക്കുന്നു. ഇതെല്ലാം അവന്റെ ഔദാര്യവും വിശാലതയുമല്ലേ? അപാരമായ അനുഗ്രഹവും അതിരറ്റ കാരുണ്യവുമല്ലേ? പിന്നെ ഞാനെന്തിനു പരാതിപ്പെടണം? സങ്കടം പറയണം? എന്നോടു കാണിച്ച കാരുണ്യത്തിന് നന്ദി കാണിക്കുകയല്ലേ വേണ്ടത്?"

ജീവിതസായാഹ്നത്തിൽ അന്ധനായി മാറിയ ഇബ്നു അബ്ബാസിന്റെ നിലപാട് വിശ്വാസദാർഢ്യതയുടെ പ്രതിഫലനമത്രെ-അദ്ദേഹം പറഞ്ഞു: "എന്റെ ഇരുകണ്ണുകളിൽനിന്നും അല്ലാഹു പ്രകാശത്തെ പിടിച്ചെടുത്തുവെങ്കിലും എന്റെ നാവിനും കേൾവിക്കും അവ രണ്ടിനെക്കാൾ പ്രകാശമുണ്ട്. എന്റെ മനസ്സ് ശക്തമാണ്. ബുദ്ധിക്ക് വൈകല്യം ബാധിച്ചിട്ടില്ല. നാവിന് തിളങ്ങുന്ന വാളുപോലെ മൂർച്ചയുണ്ട്."

നട്ടെല്ലിനു ക്ഷതം പറ്റി ശരീരം തളർന്ന് ഏറെ പ്രയാസപ്പെടുന്ന നിരവധി സുഹൃത്തുക്കളുണ്ട്. കായംകുളത്തെ എസ്.എം. സാദിഖ്, പയ്യോളിയിലെ കുഞ്ഞബ്ദുല്ല, പെരിങ്ങത്തൂരിലെ ബശീർ, കണ്ണൂരിലെ ഹാറൂൻ തുടങ്ങിയവർ. ഇവരാരും ജീവിതത്തിൽ ഒരിക്കൽപോലും ആത്മഹത്യയെ സംബന്ധിച്ച് ചിന്തിച്ചിട്ടുകൂടിയുണ്ടാവില്ല. അല്ലാഹു നൽകിയ ആരോഗ്യം തിരിച്ചെടുത്ത് തങ്ങളെ പരീക്ഷിക്കുകയാണെന്ന് അവർ തിരിച്ചറിയുന്നു. രോഗവും വേദനയുമില്ലാത്ത പരലോകം പ്രതീക്ഷിച്ച് ക്ഷമയും സഹനവും പാലിക്കുന്നു.

**പരീക്ഷണത്തെ തിരിച്ചറിയുന്നവർ**

കച്ചവടത്തിലും കൃഷിയിലും നികത്താനാവാത്ത നഷ്ടം സംഭവിക്കുന്നവർ, അപകടങ്ങളിൽപ്പെട്ട് അംഗവൈകല്യം ബാധിക്കുന്നവർ, വികലാം

ഇതൊരു പരീക്ഷണമാണ്. പതറിച്ച പറ്റിയാൽ പരാജയമായിരിക്കും ഫലം. ക്ഷമിച്ചാൽ വിജയവും. വാതവും രോഗവുമില്ലാത്ത സ്വർഗ്ഗം സമ്മാനമായി ലഭിക്കും. അതിനാൽ നന്നായി ക്ഷമിക്കുകതന്നെ."

ഇത്തരം ക്ഷമയും സമാധാനവും വിശ്വാസികൾക്കുമാത്രം അവകാശപ്പെട്ടതാണ്. അവരല്ലാത്തവർക്ക് ലഭിക്കുന്നുവെങ്കിൽ അത് അത്യസാധാരണവും അപൂർവ്വവുമത്രെ.

1972-ൽ അന്തരിച്ച പ്രസിദ്ധ സോവിയറ്റ് സാഹിത്യകാരൻ അലക്സാണ്ടർ ബെക്കിന്റെ സ്വകാര്യ സൂക്ഷിപ്പുകളിൽനിന്നു കണ്ടെടുത്ത രേഖകളിൽ വി.ഐ. ലെനിൻ രോഗശയ്യയിലായിരിക്കെ സഖാവ് സ്റ്റാലിനയച്ച കത്തും ഉൾപ്പെട്ടിരുന്നു. ഒക്ടോബർ വിപ്ലവത്തിന്റെ നെടുനായകനായ ലെനിൻ ആ കത്തിൽ കുറിച്ചിട്ടു: "ശരീരം തളർന്നു കഴിഞ്ഞു. ഇനി സംസാരശേഷികൂടി നശിച്ചാൽ ഞാൻ വിഷം കഴിച്ച് ജീവിതമവസാനിപ്പിക്കും. എനിക്ക് എത്രയും വേഗം സയനൈഡ് എത്തിച്ചുതരിക. അത് എന്റെ അടുത്തുതന്നെയിരിക്കട്ടെ. എനിക്കതൊരാശ്വാസമാണ്."

ലെനിന്റെ കത്തിനെ സംബന്ധിച്ച് സ്റ്റാലിൻ തന്റെ സുഹൃത്തായ അലക്സാണ്ടർ ബെക്കിനോടു സംസാരിച്ചു. ലെനിന്റെ ആഗ്രഹം പൂർത്തീകരിച്ചുകൊടുക്കാൻ അദ്ദേഹം സ്റ്റാലിനോടാവശ്യപ്പെട്ടു. സ്റ്റാലിൻ ആദ്യം സമ്മതിച്ചെങ്കിലും പിന്നീട് വേണ്ടെന്നുവെച്ചു. കാൾമാർക്സിന്റെ മകളും ജാമാതാവ് ലഫാർഗും ദുസ്സഹമായ ജീവിതത്തിന് അന്ത്യം കുറിച്ചത് വിഷം കഴിച്ചാണ്. അതായിരിക്കാം ലെനിനെ ആത്മഹത്യക്ക് പ്രേരിപ്പിച്ചതെന്ന് അലക്സാണ്ടർ ബെക്ക് അഭിപ്രായപ്പെടുന്നു.

സിഗ്മണ്ട് ഫ്രോയിഡാണ് ആധുനിക മനഃശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്നത്. ചെക് റിപ്പബ്ലിക്കിൽ ആസ്ട്രിയ-ഹംഗറിയിലെ മൊറാവിയക്കു സമീപം ഫ്രീബർഗിലാണ് 1856-ൽ ഫ്രോയിഡ് ജനിച്ചത്. വിയന്നയിലായിരുന്നു വിദ്യാഭ്യാസം. നിരവധി മനഃശാസ്ത്ര ഗ്രന്ഥങ്ങളുടെ കർത്താവായ അദ്ദേഹം അർബുദരോഗത്തിനടിപ്പെട്ടു. വേദന സഹിക്കാനാവാതെ, തന്നെ വിഷം കുത്തിവെച്ച് വധിക്കാൻ ഡോക്ടർ മാക്സ് ഷൂറിനോട് അദ്ദേഹം കേണപേക്ഷിച്ചു. അതനുസരിച്ച് ഡോക്ടർ മാരകമാം വിധം മോർഫിൻ കുത്തിവെച്ചു. അങ്ങനെയാണ് 1939 സെപ്തംബർ 23-ന് സിഗ്മണ്ട് ഫ്രോയിഡിന്റെ ജീവിതം എരിഞ്ഞൊടുങ്ങിയത്.

ഇതിന്റെ മറുഭാഗത്ത് നാം ഡോക്ടർ മുസ്തഫസ്സിബാഇയെ കാണുന്നു. സിറിയയിലെ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ നേതാവും പ്രമുഖ പണ്ഡിതനുമായിരുന്നു അദ്ദേഹം. തളർവാതം ബാധിച്ച് മുസ്തഫസ്സിബാഇയുടെ ഇടതുഭാഗം നിശ്ചലമായി. എന്നിട്ടും അദ്ദേഹം തന്റെ ജോലികൾ തുടർന്നു. കോളജിൽ പോയി അധ്യാപനം നടത്തി. പൊതുയോഗങ്ങളിൽ

അനുചരന് വേണ്ടിയുള്ള മരണാനന്തര പ്രാർഥനയിൽ (ജനാസ നമസ്കാരത്തിൽ) പങ്കെടുക്കാതെ പ്രവാചകൻ തിരുമേനി വിട്ടുനിന്നുവെന്ന വസ്തുത അതിന്റെ ഗൗരവം വിളിച്ചോതുന്നു. അതിനാൽ ആത്മഹത്യയെക്കുറിച്ച് ആലോചിക്കുന്നവരോർക്കുക: ക്ഷണികമായ ഈ ജീവിതത്തിലെ പ്രയാസങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള ശ്രമം ശാശ്വത നാശത്തിലും കഠിനമായ നരകശിക്ഷയിലുമാണ് കൊണ്ടെത്തിക്കുക.

നബി പറഞ്ഞു: "ഒരാൾ മലമുകളിൽനിന്ന് ചാടി ആത്മഹത്യ ചെയ്താൽ, അവൻ നരകത്തിലും അപ്രകാരം നിത്യവും വീണുകൊണ്ടേയിരിക്കും. വിഷം കഴിച്ച് ആത്മഹത്യചെയ്തവൻ നരകത്തിൽ എന്നെന്നും വിഷം കഴിച്ചുകൊണ്ടേയിരിക്കും. അവന്റെ കൈയിൽ അവന്റെ വിഷം എപ്പോഴും ഉണ്ടായിരിക്കും. ഒരാൾ ആയുധം ഉപയോഗിച്ച് സ്വശരീരത്തെ വധിച്ചാൽ അവൻ കാലാകാലവും നരകത്തിൽ വെച്ച് ആയുധംകൊണ്ട് തന്റെ വയറ് കുത്തിക്കീറിക്കൊണ്ടേയിരിക്കും. ആ ആയുധം അവന്റെ കൈയിൽ എപ്പോഴും ഉണ്ടായിരിക്കും." (ബുഖാരി)

ആത്മഹത്യ കൊടിയ കുറ്റം; അപ്പോൾ കൊച്ചുകുട്ടികളെ കൊന്ന് ആത്മഹത്യ ചെയ്യുന്നതോ? അതിന്റെ ഗൗരവവും പാപവും ശിക്ഷയും എല്ലാവിധ സങ്കൽപങ്ങൾക്കും കണക്കുകൂട്ടലുകൾക്കും അതീതമത്രെ. അതിനാൽ മരണാനന്തരമുള്ള ശാശ്വതജീവിതം നഷ്ടപ്പെടുത്തി നരകാവകാശിയാകാൻ തീരുമാനിച്ചുറച്ചവർ മാത്രമേ ആത്മഹത്യ ചെയ്യുകയുള്ളൂ. ആത്മഹത്യ ചെയ്യുന്ന, മനോരോഗികളല്ലാത്ത ആർക്കും ആ കൊടിയ ശിക്ഷയിൽനിന്ന് രക്ഷപ്പെടാനാവില്ല. സ്വയം ജീവനൊടുക്കുന്നവർ നരകാവകാശികളാണെന്ന് മതം സംശയാതീതമായി വ്യക്തമാക്കിയിരിക്കുന്നു.

**പരിഹാരമില്ലാത്ത പാപം**

ആത്മഹത്യ പാപമാണെന്ന് എല്ലാ ദൈവവിശ്വാസികളും അംഗീകരിക്കുന്നു. ഷെയ്ക്സ്പിയറിന്റെ വിശ്വവിഖ്യാത കഥാപാത്രമായ ഹാംലെറ്റ് കൊടിയ നിരാശക്കടിപ്പെട്ടപ്പോൾ ആത്മഹത്യയെ സംബന്ധിച്ച് ചിന്തിച്ചു. അത് അരുതാത്തതാണെന്ന ബോധമാണ് അയാളെ തടഞ്ഞുനിർത്തുന്നത്. മരണം കൊതിച്ച ഹാംലെറ്റ് സ്വയം ഉരുകി ഇല്ലാതായെങ്കിൽ എന്നാഗ്രഹിക്കുന്നു. ദൈവം ആത്മഹത്യ വിലക്കിയില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നുവെന്ന് വിലപിക്കുന്നു. ആത്മഹത്യ ചെയ്താൽ മരണാനന്തര ജീവിതം പരാജയമാകുമെന്ന വിശ്വാസമാണ് അയാളെ ജീവിതത്തിലുറപ്പിച്ചുനിർത്തുന്നത്. പരലോകജീവിതത്തിൽ വിശ്വസിക്കുന്ന ആർക്കും ആത്മഹത്യയെക്കുറിച്ച് ആലോചിക്കുകപോലും സാധ്യമല്ല.

മറ്റേതുതെറ്റിനും പാപമോചന പ്രാർത്ഥനക്കും പ്രായശ്ചിത്തത്തിനും പശ്ചാത്താപത്തിനും സമയവും അവസരവുമുണ്ട്. എന്നാൽ, ആത്മഹത്യയിലൂടെ മരണം വരിക്കുന്നവർക്ക് പാപമോചനത്തിനോ പശ്ചാത്താപത്തിനോ അവസരം കിട്ടാതെ പാപിയായി പരലോകം പ്രാപിക്കേണ്ടിവരുന്നു. അതുകൊണ്ടുതന്നെ ആത്മഹത്യയിലൂടെ ജീവിതമവസാനിപ്പിക്കുന്നവർ നരകത്തിൽ നിരന്തരം അതേ മരണം ആവർത്തിച്ചുകൊണ്ടിരിക്കുമെന്ന് നബിതിരുമേനി താക്കീത് നൽകുന്നു. ദൈവികമാർഗ്ഗത്തിൽ പടവെട്ടി മുറിവേറ്റ് വേദന സഹിക്കാനാവാതെ ആത്മഹത്യ ചെയ്ത തന്റെ

അല്ലാഹുവിനു മാത്രമാണ്. അവനെയല്ലാതെ ഒന്നിനും നിങ്ങൾ വഴിപ്പെട രുതെന്ന് അവനാജ്ഞാപിച്ചിരിക്കുന്നു." (12:40)

ആത്യന്തികവും പരമവുമായ ഈ സത്യം അംഗീകരിക്കുന്നവർ ആത്മ ഹത്യ ചെയ്യുകയില്ല. മറിച്ച് ശരീരവും ജീവനും ജീവിതവും തന്റേതാ ണെന്നും താനത് തോന്നിയതുപോലെ ഉപയോഗിക്കുമെന്നും തീരുമാനി ക്കുന്നവരാണ് സ്വയം ജീവനൊടുക്കുക. അതുകൊണ്ടുതന്നെ ആത്മഹത്യ കടുത്ത ദൈവധിക്കാരവും കൊടിയ പാപവുമാണ്.

**കൊടിയ കുറ്റം**

സൃഷ്ടികളിൽ ശ്രേഷ്ഠനാണ് മനുഷ്യൻ. അവൻ ആദരണീയനാണ്. ഭൂമിയിലെ ദൈവത്തിന്റെ പ്രതിനിധിയും. അല്ലാഹു അറിയിക്കുന്നു:

"തീർച്ചയായും മനുഷ്യമക്കളെ നാം ആദരിച്ചിരിക്കുന്നു." (ഖുർആൻ 17:70)

അതിനാൽ മനുഷ്യജീവൻ ഏറെ വിലപ്പെട്ടതാണ്. അതിനെ ഹനി ക്കുന്നത് അതിഗുരുതരമായ അപരാധവും. നിരപരാധിയായ ഒരാളെ കൊല്ലുന്നത് മുഴുവൻ മനുഷ്യരെയും കൊല്ലുന്നപോലെയാണെന്ന് ഖുർ ആൻ പറയുന്നു.

"ആരെയെങ്കിലും കൊന്നതിനോ ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിനോ അല്ലാതെ വല്ലവനും ഒരാളെ വധിച്ചാൽ അവൻ മുഴുവൻ മനുഷ്യരെയും കൊന്നവനെപ്പോലെയാണ്. ഒരാളുടെ ജീവൻ രക്ഷിച്ചാൽ മുഴുവൻ മനു ഷ്യരുടെയും ജീവൻ രക്ഷിച്ചവനെപ്പോലെയും." (5:32)

സ്വന്തം ശരീരത്തെ പീഡിപ്പിക്കുന്നതുപോലും ഗുരുതരമായ കുറ്റമാ ണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ആരാധനാ കർമ്മങ്ങൾക്കുവേണ്ടി പോലും ആത്മപീഡനം അരുതാത്തതാണ്. രാത്രി മുഴുവൻ നിന്ന് നമസ്കരിക്കുന്നതും ജീവിതകാലം മുഴുവൻ നോമ്പനുഷ്ഠിക്കുന്നതും ദൈവപ്രീതി പ്രതീക്ഷിച്ച് സ്വശരീരത്തെ പ്രയാസപ്പെടുത്തുന്നതും മുഹമ്മദ് നബി വിലക്കിയത് അതിനാലാണ്. സ്വയം നാശത്തിലേക്ക് നീങ്ങുന്നതിനെ അല്ലാഹു ശക്തമായി വിരോധിക്കുന്നു:

"നിങ്ങൾ നിങ്ങളുടെ കൈകളാൽ നിങ്ങളെത്തന്നെ നാശത്തിലകപ്പെ ടുത്തരുത്. നന്മ ചെയ്യുക. തീർച്ചയായും നന്മ ചെയ്യുന്നവരെ അല്ലാഹു സ്നേഹിക്കുന്നു." (ഖുർആൻ 2:195)

പ്രവാചകൻ പറഞ്ഞു: "ഇരുമ്പായുധമുപയോഗിച്ച് സ്വയം ഹത്യനട ത്തിയ ഏതൊരാളും അതേ ആയുധംകൊണ്ട് നരകാഗ്നിയിൽ ശിക്ഷിക്ക പ്പെടുന്നതാണ്." (ബുഖാരി)

- പതിനൊന്ന് -

## പരിഹാരമില്ലാത്ത പാപം

നൂറും ഇരുന്നൂറും കൊല്ലം മുമ്പ് നാം എവിടെയായിരുന്നു? എങ്ങനെ യായിരുന്നു? ആർക്കുമറിയില്ല. പിന്നെ നാം ഇവിടെ ഈ ഭൂമിയിൽ വന്നു; ആരും സ്വയം ആഗ്രഹിച്ചല്ല; ശ്രമിച്ചുമല്ല. ആയിരുന്നുവെങ്കിൽ നാം ഇവിടെ കേരളത്തിലാകുമോ ജനിക്കുക? സാധ്യത കുറവാണ്. നമ്മുടെ ശരീരപ്ര കൃതിയോ? അത് നിർണയിച്ചതും നാമല്ല. നമ്മുടെ നാടും വീടും ദേശവും ഭാഷയും കാലവും കോലവും കുലവും ലിംഗവും നിശ്ചയിച്ചതിൽ നമു ക്കൊരു പങ്കുമില്ല. എല്ലാം ദൈവഹിതമനുസരിച്ചാണ്. ഈശ്വരനിശ്ചിതം.

കയ്യ്, കാല്, കണ്ണ്, കാത്, നാക്ക്, മൂക്ക്, ആയുസ്സ്, ആരോഗ്യം എല്ലാം ദൈവത്തിന്റെ ദാനമാണ്. അതിനാൽ അവന്റെ നിയന്ത്രണങ്ങൾക്ക് വിധേ യവും. അവ നമ്മുടേതാണെന്നത് മനുഷ്യന്റെ തെറ്റായ അവകാശവാദമാ ണ്. ആയിരുന്നുവെങ്കിൽ അവയ്ക്ക് രോഗമോ വേദനയോ ക്ഷയമോ മര ണമോ ബാധിക്കുമായിരുന്നില്ല. അങ്ങനെ സംഭവിക്കണമെന്ന് ആഗ്രഹി ക്കുന്ന ആരുമില്ല. അതോടൊപ്പം അനിവാര്യമായും അതൊക്കെയും സംഭ വിക്കുന്നു. അവ നമ്മുടേതാണെന്ന അവകാശവാദം തീർത്തും തെറ്റാണ്. തിരുത്തപ്പെടേണ്ട അബദ്ധമാണ്. ഉടമാവകാശം ദൈവത്തിനാണ്. ഉപയോ ഗാനുമതിയേ നമുക്കുള്ളൂ. അതും അനിയന്ത്രിതമായല്ല; ദൈവിക നിർദേ ശങ്ങൾക്കനുസരിച്ചുമാത്രം. "അനിയന്ത്രിതമായ സ്വാതന്ത്ര്യത്തിന്റെ പറു ദീസയിലല്ല ആരും പിറന്നുവീഴുന്നത്; ബന്ധങ്ങളുടെയും ബാധ്യതകളു ടെയും കടമകളുടെയും കടപ്പാടുകളുടെയും ഇരമ്പുന്ന കടലിനു നടുവി ലാണ്" എന്ന് ദൈവവിശ്വാസികളല്ലാത്തവർപോലും പറയേണ്ടിവരുന്നത് അതിനാലാണ്.

ജീവനും ജീവിതവും ആയുസ്സും ആരോഗ്യവും എങ്ങനെ ഉപയോഗി ക്കണമെന്ന് തീരുമാനിക്കേണ്ടത് അവയുടെ ദാതാവും ഉടമയുമായ ദൈവ മാണ്. അവൻ പറയുന്നു: "അറിയുക: സൃഷ്ടിക്കാനും കൽപിക്കാനും അല്ലാഹുവിന് മാത്രമാണ് അധികാരം." (ഖുർആൻ 7:54) "വിധിക്കധികാരം

വല്ല വിപത്തും വന്നുഭവിച്ചാൽ അവരൊട്ടും വിഭ്രാന്തരോ വിഹ്വലരോ ആവുകയില്ല. അതിനെക്കാൾ കടുത്ത ആപത്തുകൾക്കടിപ്പെട്ടവരെയോർത്ത് തനിക്ക് അവ്വിധം സംഭവിക്കാത്തതിൽ സന്തോഷവും സംതൃപ്തിയും പ്രകടിപ്പിക്കുകയും ചെയ്യും.

അതിനാൽ സന്തോഷ-സന്താപങ്ങളേറെയും സ്വയംകൃതമാണ്. വിധിവൈപരീത്യമോർത്ത് വ്യഥയും വേവലാതിയും വിഹ്വലതയും വിലാപവുമായിക്കഴിയുന്നത് നിരർത്ഥകവും നാശനിമിത്തവുമാണ്. അതൊന്നും വിധിയെ മാറ്റിമറിക്കില്ല. ഭാഗധേയം തിരുത്തിക്കുറിക്കുകയുമില്ല. അതിനാൽ ലഭ്യമായ അനുഗ്രഹങ്ങളോർക്കാതെ ഉയരങ്ങളിലുള്ളവരെ നോക്കി നെടുവീർപ്പിടുന്നവർ നിർഭാഗ്യവാന്മാരാണ്. കിട്ടിയ നേട്ടങ്ങളോർത്ത് അതിന്റെ ദാതാവായ ദൈവത്തോട് നന്ദി കാണിക്കുന്നവരാണ് സൗഭാഗ്യവാന്മാർ. ഭൂമിയിലവർക്ക് സ്വസ്ഥതയും സംതൃപ്തിയും ലഭിക്കുന്നു. മരണശേഷം ദൈവത്തിന്റെ പ്രീതിയും പ്രതിഫലമായ സ്വർഗവും. "നിങ്ങൾ നിങ്ങളുടെ താഴെയുള്ളവരിലേക്കു നോക്കുക. മുകളിലുള്ളവരിലേക്ക് നോക്കരുതെ"ന്ന് നബി തിമേനി നിർദ്ദേശിക്കാനുള്ള കാരണവും ഇതു തന്നെ.

## സന്തോഷത്തിന്റെ സ്രോതസ്സ്

മനസ്സിന്റെ സംതൃപ്തിക്ക് സാമ്പത്തികാവസ്ഥകളുമായോ ജീവിത സൗകര്യങ്ങളുമായോ ഒരു ബന്ധവുമില്ല. പലപ്പോഴും പട്ടിണി കിടക്കുന്ന പാവങ്ങളനുഭവിക്കുന്ന സന്തോഷത്തിന്റെ പത്തിലൊരംശംപോലും പണക്കാർക്കു ലഭിച്ചെന്നുവരില്ല. സദാ തന്നെക്കാൾ മുകളിലുള്ളവരെ മാത്രം നോക്കുകയും മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളുള്ളവരോട് അസൂയ പുലർത്തുകയും ചെയ്യുന്നവർ എത്ര കിട്ടിയാലും അസംതൃപ്തരായിരിക്കും.

ജീവിതത്തിലെ സുഖസൗകര്യങ്ങളുടെ കാര്യംപോലും ആപേക്ഷികമാണ്. മനുഷ്യന്റെ മാനസികാവസ്ഥക്കും ജീവിത വീക്ഷണത്തിനും അതിൽ അനൽപമായ പങ്കുണ്ട്. അതിനാൽ സുഭിക്ഷതയെയും സുഖസൗകര്യങ്ങളെയും സംബന്ധിച്ച സങ്കൽപത്തിലെ വ്യത്യാസം അവയിലൂടെ ലഭ്യമാകുന്ന ഫലത്തിലും പ്രതിഫലിക്കും. തന്നെക്കാൾ താഴെയുള്ളവരെ ശ്രദ്ധിക്കുകയും മോഹങ്ങൾക്ക് പരിധിവെക്കുകയും ചെയ്യുന്നവർക്ക് പരിമിതമായ ജീവിതവിഭവങ്ങൾ തന്നെ ധാരാളമായാണനുഭവപ്പെടുക. അവരൊരിക്കലും ആത്മഹത്യയെക്കുറിച്ച് ആലോചിക്കുകപോലുമില്ല.

"മാസത്തിലൊരിക്കൽ ആതുരാലയം സന്ദർശിക്കുക. അല്ലാഹു താങ്കൾക്കരുളിയ ആരോഗ്യത്തിന്റെ അനുഗ്രഹം ഗ്രഹിക്കാം."

"ആഴ്ചയിലൊരിക്കൽ പൂന്തോപ്പിൽ പോവുക. പ്രപഞ്ചനാഥൻ താങ്കൾക്കൊരുക്കിയ പ്രകൃതിസൗന്ദര്യം കാണാം."

"ദിവസത്തിലൊരിക്കൽ ഗ്രന്ഥാലയം സന്ദർശിക്കുക. അല്ലാഹു താങ്കൾക്കേകിയ ചിന്താശക്തിയുടെ ചൈതന്യമറിയാം."

"അനുനിമിഷം അല്ലാഹുവുമായി ബന്ധപ്പെടുക. അവൻ താങ്കൾക്കു നൽകിയ ജീവിതാനുഗ്രഹങ്ങൾ ബോധ്യമാകും."

ദൈവത്തിന്റെ അനുഗ്രഹങ്ങൾ അപാരമാണ്. പക്ഷേ, അവയെക്കുറിച്ച് ആലോചിക്കുന്നവരും അവയറിയുന്നവരും അപൂർവ്വമത്രെ. ഏവരുടെയും കണ്ണുകൾ തങ്ങളെക്കാൾ മീതെയുള്ളവരിലേക്കാണ്. ചിന്ത അവരനുഭവിക്കുന്ന ജീവിതസൗകര്യങ്ങളെ സംബന്ധിച്ചും. ശ്രദ്ധയും ശ്രമവും അവരോടൊപ്പമെത്താനും. അതിനാൽ സ്വന്തം സ്ഥിതി ആരും അറിയുന്നില്ല. തങ്ങൾക്കു കിട്ടിയ നേട്ടങ്ങൾ കാണുന്നില്ല. അതിനാൽ അനുഗ്രഹങ്ങൾ ഓർക്കാൻ അവസരം ലഭിക്കുന്നില്ല. ഫലമോ നിത്യനിരാശയും.

വിരൂപനായ വ്യക്തി സുന്ദരന്മാരെ സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുമ്പോഴെല്ലാം അവരെപ്പോലെയാവാത്തതിൽ അങ്ങേയറ്റം അസ്വസ്ഥനായിരിക്കും. എന്നാലവൻ വീക്ഷിക്കുന്നത് വികലാംഗനെയാണെങ്കിലോ, തീർത്തും സംതൃപ്തനും. ചെറുവിരലില്ലാത്തവൻ അതുള്ളവരെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുമ്പോഴെല്ലാം അകം അഗ്നിപർവ്വതംപോലെ അശാന്തമായിരിക്കും. എന്നാലവൻ നോക്കിക്കാണുന്നത് കയ്യില്ലാത്തവരെയാണെങ്കിൽ കണ്ണ് കുളിർക്കും. ഓടിട്ട വീടുകളിൽ താമസിക്കുന്നവരെത്തന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന പുല്ലുമേഞ്ഞ പുരകളിൽ പാർക്കുന്നവരുടെ മനസ്സ് സദാ അസംതൃപ്തമായിരിക്കും. മറിച്ച് കൊച്ചുകൂരകളിൽ പട്ടിണിയുമായി കഴിഞ്ഞുകൂടുന്ന പാവങ്ങളെയാണ് ശ്രദ്ധിക്കുന്നതെങ്കിൽ നിറഞ്ഞ സംതൃപ്തിയിലുമായിരിക്കും.

മുകളിലോട്ടുതന്നെയാണ് നോട്ടമെങ്കിൽ പാവങ്ങൾക്ക് പണക്കാരോട് പകയായിരിക്കും. പാമരന്മാർക്ക് പണ്ഡിതന്മാരോട് വെറുപ്പും രോഗികൾക്ക് ആരോഗ്യവാന്മാരോട് അസൂയയും കറുത്തവർക്ക് വെളുത്തവരോട് വിദ്വേഷവുമായിരിക്കും. ഫലമോ അവിരാമമായ അസ്വസ്ഥതയും അസംതൃപ്തിയും.

മറിച്ച് തന്നെക്കാൾ താഴെയുള്ളവരെത്തന്നെ നോക്കിക്കൊണ്ടിരിക്കുന്നവർ ലഭ്യമായ നിർഭാഗ്യങ്ങളെ സംബന്ധിച്ച് സദാ സന്തുഷ്ടരായിരിക്കും. ദൈവമേകിയ അനുഗ്രഹങ്ങൾ അനുസ്മരിക്കുകയും ചെയ്യും. അഥവാ,

എന്നാൽ മരണം സർവസാധാരണമാണ്. നാമെല്ലാം മരിക്കേണ്ടവരാണ്. മറ്റുള്ളവരുടെ മരണം വരുത്തുന്ന വേർപാടിൽ വേദന സഹിക്കേണ്ടവരും."

ജീവിതം സന്തോഷ-സന്താപ സമ്മിശ്രമാണ്. എപ്പോഴെങ്കിലും അൽപം ആനന്ദമനുഭവിക്കാത്ത ആരുമുണ്ടാവില്ല. നന്നെ നിർഭാഗ്യവാന്മാർക്കുപോലും നിർവൃതി ലഭിക്കുന്ന ചില നിമിഷങ്ങളുണ്ടാകും. അപ്രകാരം തന്നെ വല്ലപ്പോഴുമൊക്കെ വിഷമം സഹിക്കാത്ത ആരും ലോകത്തുണ്ടാവില്ല. സുഖസൗകര്യങ്ങളുടെ നടുവിൽ കഴിയുന്നവരുടെ അകം പലപ്പോഴും അശാന്തമായിരിക്കും.

മറ്റുള്ളവരുടെ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും കാണാൻ കൂട്ടാക്കാതെ സ്വന്തം വിഷമതകളെക്കുറിച്ച് മാത്രം ചിന്തിക്കുന്നവർ സദാ അസ്വസ്ഥരായിരിക്കും. അവർ സ്വന്തം പ്രതിസന്ധികളെ പർവതീകരിക്കുന്നു. അന്യരുടെ ആപത്തുകളുടെ നേരെ അന്ധത നടിക്കുന്നു. അതോടെ കടുത്ത നിരാശക്ക് അടിപ്പെടുന്നു. തനിക്കിനിയൊന്നും നേടാനാവില്ലെന്ന തോന്നലിന് കീഴ്പെടുന്നു. അങ്ങനെ അശുഭ ചിന്തകളാൽ തീരാദുഃഖത്തിന്റെ തടവറ പണിയുന്നു. അതോടെ അവരെ ശൂന്യതാബോധം ബാധിക്കുന്നു. ചുറ്റും ഇരുട്ടു പരക്കുന്നു. അഥവാ, പ്രകാശകിരണങ്ങൾ കാണാൻ കഴിയാതാവുന്നു. തന്നെ തുറിച്ചുനോക്കുന്ന തിക്താനുഭവങ്ങൾ മാത്രം ശ്രദ്ധിക്കുന്നതിനാൽ മനമാകെ തപ്ത വികാരങ്ങളാൽ തിളച്ചുമറിയുന്നു. അങ്ങനെയവർ സ്വയം പണിത കദനത്തിന്റെ കാരാഗൃഹത്തിൽ കുരുങ്ങിക്കഴിയുന്നു. നിഷ്ക്രിയത്വം ജീവിതരീതിയായി മാറുന്നു. ഫലമോ; എല്ലാറ്റിനോടും മടുപ്പ്. മരണമേ മോചനമേകൂ എന്ന മ്ലാനചിന്ത. ആത്മഹത്യയിലഭയം തേടുന്ന ഏറെപ്പേരും അങ്ങനെയാണ്.

എന്നാൽ മറ്റുള്ളവരുടെ പ്രയാസങ്ങൾ കാണുകയും ശ്രദ്ധിക്കുകയും ചെയ്യുന്നവർ ഏതു പ്രതിസന്ധിയിലും പ്രത്യാശ പുലർത്തുന്നു. എല്ലാ പാതിരാവുകൾക്കു പിന്നാലെയും പ്രഭാതം പൊട്ടിവിടരുന്നപോലെ വിഷമസന്ധികളെ സുഖാവസ്ഥകൾ തട്ടിമാറ്റുമെന്ന് പ്രതീക്ഷിച്ച് പണിയെടുക്കുന്നു.

**നോട്ടം താഴോട്ടാകുമ്പോൾ**

സിറിയയിലെ പ്രമുഖ പണ്ഡിതനും പരിഷ്കർത്താവും ഗ്രന്ഥകാരനുമായ ഡോക്ടർ മുസ്തഫാസ്സിബാഇ പറയുന്നു: "ജീവിതത്തിലൊരിക്കൽ കാരാഗൃഹം കാണുക; അല്ലാഹു താങ്കൾക്കേകിയ സ്വാതന്ത്ര്യത്തിന്റെ വിലയറിയാം."

"ആയുസ്സിലൊരിക്കൽ കോടതിയിൽ ചെല്ലുക. അല്ലാഹു താങ്കൾക്കു നൽകിയ നീതിനിഷ്ഠയുടെ മഹത്വം മനസ്സിലാകും."

- പത്ത് -

# കാഴ്ചവട്ടത്തിലെ വ്യത്യാസവും മനോനിലയിലെ മാറ്റവും

പിൽക്കാലത്ത് ശ്രീബുദ്ധനായിത്തീർന്ന സിദ്ധാർത്ഥൻ ഒരു ദിവസം പർവതത്തിന്റെ പ്രാന്തപ്രദേശത്തിലൂടെ നടന്നുപോവുകയായിരുന്നു. വഴിയിൽവെച്ച് വാവിട്ടുകരയുന്ന ഒരു സ്ത്രീ അദ്ദേഹത്തെ സമീപിച്ചു. അവളുടെ ചുമലിൽ ഒരു കുഞ്ഞിന്റെ കരുവാളിച്ച മൃതദേഹമുണ്ടായിരുന്നു. അവൾ വിതുമ്പിക്കൊണ്ട് പറഞ്ഞു: 'അല്ലയോ പുണ്യാത്മാവേ, അങ്ങ് എന്നോട് കരുണ കാണിക്കേണമേ, മരണമടഞ്ഞ എന്റെ ഈ കുഞ്ഞിന് ജീവൻ തിരിച്ചു നൽകേണമേ.'

കുട്ടിയുടെ മരണകാരണമന്വേഷിച്ച് മനസ്സിലാക്കിയ സിദ്ധാർത്ഥൻ ആ സ്ത്രീയെ സാന്ത്വനിപ്പിച്ചുകൊണ്ടു പറഞ്ഞു: "നിന്റെ ആഗ്രഹം പൂർത്തീകരിക്കാൻ പറ്റുമോയെന്ന് ഞാൻ ശ്രമിച്ചുനോക്കാം. അതിന് അൽപം കടുക് വേണം. നീയത് വാങ്ങിക്കൊണ്ടുവരണം."

ഇതുകേട്ട് സന്തോഷം തോന്നിയ സ്ത്രീ കടുക് വാങ്ങാൻ പോകാനൊരുങ്ങി. അപ്പോൾ സിദ്ധാർത്ഥൻ പറഞ്ഞു: 'നീ കടുക് വാങ്ങുന്നത് ഏതെങ്കിലും കടയിൽനിന്നാവരുത്. വീട്ടിൽനിന്നായിരിക്കണം. അത് മുമ്പൊരിക്കലും മരണം നടന്നിട്ടില്ലാത്ത വീടുമായിരിക്കണം.'

സ്ത്രീ കുട്ടിയുടെ മൃതദേഹവുമായി ഗ്രാമത്തിലേക്ക് കുതിച്ചു. അവൾ ചെന്ന എല്ലാ വീടുകളിലും കടുക് ഉണ്ടായിരുന്നു. പക്ഷേ, മരണം നടക്കാത്ത ഒരു വീടുപോലുമവർക്ക് കാണാൻ കഴിഞ്ഞില്ല. ആ സ്ത്രീ നിരാശയോടെ തിരിച്ചുവന്ന് സിദ്ധാർത്ഥനോട് സംഭവിച്ചതെല്ലാം വിശദീകരിച്ചുകൊടുത്തു. അപ്പോൾ അദ്ദേഹം പറഞ്ഞു: "സഹോദരീ, നിന്റെ മകനെ രക്ഷിക്കാനുള്ള മരുന്നിനുവേണ്ടി നിന്നെ ഞാൻ പറഞ്ഞയച്ചു. പക്ഷേ, നിനക്ക് എവിടെനിന്നുമത് കിട്ടിയില്ല. നിന്റെ മോനുമാത്രമേ മരണമുണ്ടായിരുന്നുള്ളൂവെങ്കിൽ അവനെ രക്ഷിക്കാനെനിക്കു കഴിയുമായിരുന്നു.

**ATHMAHATHYA BHAUDHIKATHA ISLAM** *(Malayalam)*

(Religion/Islam)

By SHEIKH MUHAMMED KARAKUNNU

Publishers:

**ISLAMIC PUBLISHING HOUSE,**

P.O. Merikkunnu, Kozhikode- 673 012

Kerala State, India

E-mail : iphdir@dataone.in

Web : www.iphkerala.com

First Published : April 2007

Second Edition : February 2008

Cover : Nasar Eramangalam

Printers: Printers Print, Feroke

Rights with the Publishers

Distribution :

**I.P.H. Fourland Building, Rajaji Road, Kozhikode-4, E-mail : iphcalicut@dataone.in**

**I.P.H, M.P. Road, Kozhikode - 673 001**

**I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034**

**I.P.H, Madeena Masjid Complex, Padma Jn. Pullepady, Kochi - 35**

**I.P.H, I.P.H. Tower, P.O. Road, Thrissur-1**

**I.P.H, CE. 34/236, Opp.Noor Masjid, Kannur-1**

**Price Rs : 30.00**

ABI Sub 20, S.N 516/3000 TC 6000 ISBN 978-81-8271-382-6

# ആത്മഹത്യ ഭൗതികത ഇസ്‌ലാം

ശൈഖ് മുഹമ്മദ് കാരകുന്ന്

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ

സൗകര്യങ്ങളുടെ വർധനവും ഭൗതികവിഭവങ്ങളുടെ ആധിക്യവും മനസ്സിനെ ശാന്തവും ജീവിതത്തെ ഭദ്രവുമാക്കുമെന്ന ധാരണ തീർത്തും തെറ്റാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു.

മനോരോഗം, ലഹരിക്കടിപ്പെടൽ, കടബാധ്യത, ദാരിദ്ര്യം, സാമൂഹ്യമായ ഒറ്റപ്പെടൽ, ഉറ്റവരുടെ വേർപാട്, തൊഴിൽ പ്രശ്നങ്ങൾ തുടങ്ങിയവ ആത്മഹത്യക്ക് കാരണമാകാറുണ്ട്. എന്നാൽ, ആത്മഹത്യാനിരക്ക് വർധിക്കാനുള്ള യഥാർഥ കാരണം പ്രത്യയശാസ്ത്രപരവും വിശ്വാസപരവുമായ പ്രതിസന്ധിയാണ്.

ആത്മഹത്യയുടെ കാരണങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തി യഥാർഥ പരിഹാരം നിർദേശിക്കുന്ന ലഘുകൃതിയാണിത്. ഇത് മനസ്സിരുത്തി വായിക്കുന്ന ആരും പിന്നീട് ആത്മഹത്യയെക്കുറിച്ച് ആലോചിക്കുകപോലുമില്ലെന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു. അതോടൊപ്പം ഈ കൊച്ചുകൃതി വായനക്കാർക്ക് ദിശാബോധം നൽകി മനസ്സിന് ശാന്തിയും ജീവിതത്തിന് വിശുദ്ധിയും നൽകുമെന്ന് പ്രതീക്ഷിക്കുന്നു. അതുകൊണ്ടുതന്നെ ചെറുതെങ്കിലും മഹത്തരമായ ദൗത്യം നിർവഹിക്കാൻ പര്യാപ്തമാണിത്. എല്ലാ തലങ്ങളിലുള്ളവരെയും പരിഗണിച്ച് ഭാഷ ഏറെ ലളിതമാക്കിയിട്ടുണ്ട്.

സർവശക്തനായ പ്രപഞ്ചനാഥൻ ഇതിനെ വായനക്കാർക്ക് പ്രയോജനകരവും നമുക്ക് പരലോകത്ത് പ്രതിഫലാർഹമായ സൽക്കർമവുമാക്കി ത്തീർക്കുമാറാകട്ടെ.

## പ്രസാധകക്കുറിപ്പ്

ശാസ്ത്രം പുരോഗതി പ്രാപിച്ചു. സാങ്കേതികവിദ്യ സമൃദ്ധമായി. ഭാരിച്ച ജോലികളെല്ലാം യന്ത്രങ്ങൾ ഏറ്റെടുത്തു. അതിനാൽ മെയ്യും കൈയുമ നങ്ങാതെ കാര്യങ്ങൾ നേടാമെന്നായി. അതോടെ വിഭവങ്ങൾ സുലഭ മായി. ജീവിത സൗകര്യങ്ങൾ ഗണ്യമായി വർധിച്ചു. നമ്മുടെ മുൻഗാമി കൾക്ക് സ്വപ്നംകാണാൻ പോലും സാധ്യമല്ലാതിരുന്ന സുഖസൗകര്യങ്ങ ളാണ് നാമിന്നനുഭവിച്ചുകൊണ്ടിരിക്കുന്നത്.

എന്നിട്ടും ഏറെപ്പേരുമിന്ന് അസ്വസ്ഥരാണ്. മനസ്സിന്റെ ശാന്തിയും ജീവിതത്തിന്റെ സമാധാനവും നഷ്ടപ്പെട്ടവർ. അതുകൊണ്ടുതന്നെ ആത്മ ഹത്യകൾ അനുദിനം വർധിച്ചുകൊണ്ടിരിക്കുന്നു. കുടുംബങ്ങളുടെ കൂട്ടമരണം പോലുമിന്ന് വാർത്തയല്ലാതായിരിക്കുന്നു. ലഭ്യമായ ഏറ്റവും അവസാനത്തെ കണക്കനുസരിച്ച് ഓരോ വർഷവും പത്ത് ലക്ഷത്തി ലേറെ പേർ സ്വയം ജീവനൊടുക്കുന്നു. യുദ്ധങ്ങളിലും മറ്റ് അതിക്രമങ്ങ ളിലും വധിക്കപ്പെടുന്നതിനെക്കാൾ കൂടുതലാണിത്. മുപ്പത്തഞ്ച് വയസ്സി നുതാഴെയുള്ളവരിൽ ഏറ്റവും മുഖ്യ മരണകാരണം ആത്മഹത്യയാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, ഓരോ നാൽപത് സെക്കന്റിലും ഒരു ആത്മഹത്യനടക്കുന്നു.

സമ്പൂർണ സാക്ഷരതക്ക് കേളികേട്ട സംസ്ഥാനമാണ് കേരളം. രാഷ്ട്രീയ പ്രബുദ്ധതയിലും നാമൊട്ടും പിന്നിലല്ല. സാഹിത്യ സാംസ്കാ രിക രംഗങ്ങളിലെ സ്ഥിതിയും അവ്വിധം തന്നെ. ജീവിത നിലവാരമോ, താരതമ്യേന മെച്ചപ്പെട്ടതും. അതോടൊപ്പം ആത്മഹത്യയുടെ കാര്യ ത്തിലും നാം മറ്റാരെക്കാളും ഏറെ മുന്നിലാണ്. ദേശീയ ശരാശരിയെ ക്കാൾ മൂന്നിരട്ടിയിലേറെയാണ് ഇവിടത്തെ ആത്മഹത്യാ നിരക്ക്. ഇതെ ന്തുകൊണ്ട്? ഈ ചോദ്യം എങ്ങുനിന്നും ഉയർന്നുകേൾക്കുന്നു; മനശ്ശാ സ്ത്രജ്ഞരെയും സാമൂഹ്യ ശാസ്ത്രജ്ഞരെയും വേട്ടയാടുന്നു. ജീവിത

## ശൈഖ് മുഹമ്മദ് കാരകുന്ന്

1950 ജൂലൈ 15-ന് മഞ്ചേരിക്കടുത്ത കാരകുന്നിലെ പുലത്ത് ജനിച്ചു. പിതാവ് പുലത്ത് മുഹമ്മദ് ഹാജി. മാതാവ് ആമിന. പുലത്ത് പ്രൈമറി സ്കൂൾ, കാരകുന്ന് എ.യു.പി സ്കൂൾ, മഞ്ചേരി ഗവ. ഹൈസ്കൂൾ, ഫറൂഖ് റൗദതുൽ ഉലൂം അറബിക് കോളേജ്, കോഴിക്കോട് എൽ.ടി.ടി സെന്റർ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. മൊറയൂർ വി.എച്ച്.എം ഹൈസ്കൂളിലും എടവണ്ണ ഇസ്ലാഹിയ ഓറിയന്റൽ ഹൈസ്കൂളിലും അധ്യാപകനായിരുന്നു. ജമാഅത്തെ ഇസ്ലാമി കേന്ദ്ര പ്രതിനിധി സഭയിലും കേരള കൂടിയാലോചന സമിതിയിലും അംഗമായതോടൊപ്പം കേരള അസിസ്റ്റന്റ് അമീർ, ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ് ഡയറക്ടർ, ഡയലോഗ് സെന്റർ കേരള ഡയറക്ടർ എന്നീ സ്ഥാനങ്ങളും വഹിക്കുന്നു. വിവർത്തനങ്ങൾ ഉൾപ്പെടെ അറുപത്തിയാറ് കൃതികളുടെ കർത്താവാണ്. ഏറ്റവും മികച്ച രചനക്കുള്ള അഞ്ച് അവാർഡുകൾ നേടിയിട്ടുണ്ട്. ഭാര്യ: ജമാഅത്തെ ഇസ്ലാമി വനിതാ വിഭാഗം സംസ്ഥാന സെക്രട്ടറി ആമിന ഉമ്മു അയ്മൻ. മക്കൾ: അനീസ് മുഹമ്മദ്, ഡോ. അലീഫ് മുഹമ്മദ്, ഡോ. ബാസിമ, അയ്മൻ മുഹമ്മദ്.

## ഗ്രന്ഥകർത്താവിന്റെ കൃതികളിൽ ചിലത്

ഫാറൂഖ് ഉമർ
ഉമറുബ്നു അബ്ദിൽ അസീസ്
വൈവാഹിക ജീവിതം ഇസ്‌ലാമിക വീക്ഷണത്തിൽ
സന്തുഷ്ട കുടുംബം
ലോകാനുഗ്രഹി (പ്രവാചക ജീവിതത്തിലെ 111 മഹദ് സംഭവങ്ങൾ)
വഴിവിളക്ക്
ബിലാൽ
വിമോചനത്തിന്റെ പാത
അനന്തരാവകാശനിയമങ്ങൾ ഇസ്‌ലാമിൽ
പ്രവാചകൻമാരുടെ പ്രബോധനം
ഇസ്‌ലാമും മതസഹിഷ്ണുതയും
പ്രകാശബിന്ദുക്കൾ
20 സ്ത്രീ രത്നങ്ങൾ
ഹജ്ജ്‌യാത്ര
മുഹമ്മദ് നബി മാനുഷ്യകത്തിന്റെ മഹാചാര്യൻ
മതത്തിന്റെ മാനുഷിക മുഖം
യേശു ഖുർആനിൽ
മായാത്ത മുദ്രകൾ
ദൈവം, മതം, വേദം: സ്നേഹസംവാദം
ഇസ്‌ലാം മാനവതയുടെ മതം
ഖുർആന്റെ യുദ്ധസമീപനം
ഖുർആൻ ലളിതസാരം
സർവമതസത്യവാദം
വിധിവിലക്കുകൾ (വിവ.)
ഇസ്‌ലാമിക നാഗരികത ചില ശോഭന ചിത്രങ്ങൾ (വിവ.)
അബൂഹുറയ്റയും വിമർശനങ്ങളും
മുഹമ്മദ് നബിയും യുക്തിവാദികളും
പുനർജന്മ സങ്കൽപവും പരലോക വിശ്വാസവും

വില: 30.00

ISBN 81-8271-382-X

ABI

# Suicide

# ആത്മഹത്യ ഭൗതികത ഇസ്‌ലാം

ശൈഖ് മുഹമ്മദ് കാരകുന്ന്

സ്വാസ്ഥ്യത്തിലേക്ക് തുറക്കുന്ന വാതിലുകളാണ് ഇതിലെ ഓരോ അധ്യായങ്ങളും. ആത്മഹത്യയുടെ കാരണങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തി യഥാർഥ പരിഹാരം നിർദേശിക്കുന്നു. ആത്മഹത്യയെന്ന ചിന്തപോലും ഹൃദയത്തിൽനിന്ന് പറിച്ചെറിയാൻ പ്രേരിപ്പിക്കുന്നു. ദിശാബോധം നൽകി മനസ്സിന് ശാന്തിയും ജീവിതത്തിന് വിശുദ്ധിയും നൽകുവാൻ സഹായിക്കുന്ന ഈ കൃതി നിർവഹിക്കുന്ന ദൗത്യം ഏറെ മഹത്തരമാണ്.